കൊച്ചി നഗരസഭ

# ബജറ്റ് 2010 – 2011

## അവതരണം

# ശ്രീ. സി.കെ. മണിശങ്കർ

(ചെയർമാൻ, നികുതി – ധനകാര്യ സ്ഥിരംസമിതി)

**2010 മാർച്ച് 27 ശനി രാവിലെ 10.30 മണി**

# ബഡ്ജറ്റ് പ്രസംഗം 2010-2011

ആരാധ്യയായ മേയർ, ബഹുമാന്യരായ സഭാംഗങ്ങളെ, ഉദ്യോഗസ്ഥരെ, മാധ്യമ പ്രതിനിധികളെ, സുഹൃത്തുക്കളെ,

അഞ്ച് പതിറ്റാണ്ട് മുമ്പുള്ള കൊച്ചിയുടെ ചിത്രം വരച്ചുകാട്ടുന്ന ശ്രീ. എൻ. എസ് മാധവന്റെ 'ലന്തൻ ബത്തേരിയിലെ ലുത്തിനീയകൾ' എന്ന നോവലിലെ 'ചുമന്ന കൊടി പാറിച്ചുകൊണ്ട് കായലുനുമേൽ പരിവർത്തിച്ചിരുന്ന ബർമ്മാഷെല്ലിന്റെയും കാൽടെക്സിന്റെയും കറുത്ത കൂറ്റൻ മണ്ണെണ്ണ ബാർജുകൾ വെള്ളത്തിൽ ടാറിട്ട റോഡുപോലെ കരിവാളിച്ച് കിടന്നിരുന്ന കപ്പൽചാലിലൂടെ നാണംകുണുങ്ങികളായ യുദ്ധകപ്പലുകളെ പൂറംകടലിലേക്ക് കൈപിടിച്ച് ആനയിച്ചിരുന്ന പോർട്ട് ഓഫീസിന്റെ ടഗ്ഗുകളുടെയും' കൊച്ചിയിൽ നിന്നും നാം ഇന്ന് പടിഞ്ഞാറൻ ചക്രവാളങ്ങളിൽ നിന്നും കണ്ടെയ്നർ ടെർമിനലിലേക്ക് കൊച്ചി കായലിലെ ഓളങ്ങളിലുടെ കുതിച്ചു വരുന്ന കൂറ്റൻ മദർഷിപ്പുകളുടെയും കൊച്ചിയുടെ ആകാശനീലിമയ്ക്ക് താഴെയായി കുതിക്കുന്ന മെട്രോ ട്രെയിനുകളുടെയും കൊച്ചിയിലേക്ക് മാറികൊണ്ടിരിക്കുകയാണ്.

കഴിഞ്ഞ അര പതിറ്റാണ്ടുകാലത്തെ കൊച്ചിയുടെ കുതിപ്പും കിതപ്പും കണ്ടറിഞ്ഞ കൊച്ചി നിവാസികൾക്ക് ഈ പുതിയ വികസന കാഴ്ചകളും വിദൂര സ്വപ്നമല്ലെന്നറിയാം. ഈ മാറ്റങ്ങളുടെ കൂടെ സഞ്ചരിക്കുവാനും മാറ്റങ്ങൾക്ക് അനുസൃതമായി കൊച്ചിയുടെ അടിസ്ഥാന സൗകര്യവികസനങ്ങൾക്ക് ചുക്കാൻ പിടിക്കുവാനും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഈ കൗൺസിലിന് സാധിച്ചു എന്നുള്ളത് അഭിമാനകരമായ നേട്ടമാണ്. ഈ ആത്മ സംതൃപ്തിയോടെ ഈ കൗൺസിലിന്റെ അവസാന ബഡ്ജറ്റ് അഭിമാന പുരസ്സരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കുവേണ്ടി നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്നു.

മലയാളികളുടെ വികസന പ്രതീക്ഷകളുടെ തേരാളിയായി എന്നും മുന്നിലുണ്ടായിരുന്ന കൊച്ചി നഗരം വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിച്ച് മുന്നേറുകയാണ്. പുതിയ കൊച്ചിയുടെ സൃഷ്ടിക്കായി ശാസ്ത്രീയ വീക്ഷണ ത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഇൻഡ്യയിലെ ആധുനിക നഗരങ്ങളിലൊന്നായി കൊച്ചിയെ മാറ്റി തീർക്കും.

അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നഗരവികസനത്തിന് തടസ്സം സൃഷ്ടിക്കുന്ന സ്ഥിതി ഇനി പഴങ്കഥയായി മാറും. പ്രയോഗിക സമീപനവും ദീർഘ

വീക്ഷണവുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് വികസനത്തിന് വ്യക്തമായ ദിശാബോധം നൽകുന്നതിന് ആരാധ്യയായ മേയർക്കും കൗൺസിലിനും കഴിഞ്ഞു എന്നതിന്റെ സാക്ഷ്യപത്രമാണ് കേന്ദ്ര സർക്കാർ കൊച്ചിക്കു നൽകിയ '**ബെസ്റ്റ് സിറ്റി**' അവാർഡ്.

നാളത്തെ കൊച്ചിക്കായി ഈ കൗൺസിൽ വിഭാവനം ചെയ്ത നഗരജീവിതത്തിന്റെ സമസ്ത മേഖലകളെയും സജീവമാക്കുന്ന പുരോഗതിയിലേക്ക് നയിക്കാനുതകുന്ന തരത്തിൽ ഗതാഗതവും ഖരമാലിന്യ സംസ്കരണവും കുടിവെള്ള വിതരണ പദ്ധതികളും പൈതൃക-വിനോദ സഞ്ചാര മേഖലയിലെ പദ്ധതികളുമടക്കമുള്ള വിഷയങ്ങൾ ഇവിടെ അവതരിപ്പിക്കട്ടെ.

## ഗതാഗതം-ഭാവി വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള ആസൂത്രണവും പദ്ധതികളും

ഇന്ന് നഗരം നേരിടുന്ന പ്രധാന പശ്നങ്ങളിലൊന്ന് ഗതാഗതവുമായി ബന്ധപ്പെട്ടതാണ്. കൊച്ചിയിൽ ആവശ്യത്തിനനുസരിച്ച് പുതിയ റോഡുകൾ ഇനിയും വന്നിട്ടില്ല. പക്ഷെ സീപോർട്ട് - എയർപോർട്ട് റോഡ്, തോപ്പുംപടി - കുണ്ടന്നൂർ - തൃപ്പൂണിത്തുറ റോഡ്, നാഷണൽ ഹൈവേ 47, കലൂർ - കടവന്ത്ര റോഡ്, സുഭാഷ് ചന്ദ്രബോസ് റോഡ്, ഗോശ്രീ - വൈപ്പിൻ റോഡ്, ദേശാഭിമാനി റോഡ്, പള്ളുരുത്തി പാരലൽ റോഡ്, കെ.ബി ജേക്കബ്ബ് റോഡ് തുടങ്ങി കഴിഞ്ഞ 15 വർഷത്തിനിടയിൽ വലുതും ചെറുതുമായ നിരവധി റോഡുകൾ തുറന്ന് കൊടുത്തിട്ടുണ്ട്. എന്നാൽ ദശാബ്ദങ്ങൾക്ക് മുൻപ് നിശ്ചയിച്ച ബസ്സ് റൂട്ടുകളിലൂടെ തന്നെയാണിപ്പോഴും ബസ്സുകളോടുന്നത്. നിലവിലുള്ള ബസ്സ് റൂട്ടുകൾ ക്രമീകരിച്ചും നഗരത്തിലെ റോഡുകളിലെ പാർക്കിംഗ് നിരോധിച്ചും പ്രശ്നത്തിന് താൽക്കാലിക പരിഹാരം കാണാവുന്നതാണ്. ജില്ലാ ഭരണകൂടവും RTO-യും ആണ് ഇച്ഛാശക്തിയോടെ ഇത് നടപ്പിലാക്കേണ്ടത്. ബസ്സുടമകൾ റൂട്ടുകൾ നിശ്ചയിക്കുന്ന ഇപ്പോഴത്തെ സ്ഥിതി മാറിയേതീരു.

നിലവിലുള്ള റോഡുകൾ തീരെ അപര്യാപ്തമാണ്. സംസ്ഥാനത്ത് ജനസംഖ്യയിലും സ്ഥല വിലയിലും ഒന്നാം സ്ഥാനത്തുള്ള കൊച്ചിയിൽ പൊന്നും വില നടപടികളിലുടെ ഭുമി ഏറ്റെടുക്കാൻ അങ്ങേയറ്റം പ്രയാസകരമാണ്. അതുകൊണ്ടുതന്നെ നിലവിലുള്ള റോഡുകൾക്ക് മുകളിലുടെ സമാന്തരമായി ഫ്ളൈഓവറുകൾ നിർമ്മിച്ചും ജല ഗതാഗതത്തെ പ്രോൽസാഹിപ്പിച്ചും റെയിൽ സൗകര്യം വിപുലപ്പെടുത്തിയും പുതിയ റെയിൽ ഓവർ ബ്രിഡ്ജുകൾ നിർമ്മിച്ചും തിരക്കേറിയ ജംങ്ഷനുകൾ വിപുലപ്പെടുത്തിയും പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തിയും നഗരത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണാനാവും.

കൊച്ചി നഗരസഭയ്ക്ക് മാത്രമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാ നാവില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഇടപെടലും, സഹായവും, പങ്കാളിത്തവും അനിവാര്യമാണ്.

പച്ചാളം, പൊന്നുരുന്നി, അറ്റ്ലാന്റീസ്, വടുതല റെയിൽ ഓവർ ബ്രിഡ്ജുകൾക്ക് ലാന്റ്ക്വിസിഷന് ഫണ്ട് അനുവദിച്ച സംസ്ഥാന സർക്കാരിനെയും ധനമന്ത്രി ഡോ. തോമസ് ഐസക്കിനെയും സന്തോഷത്തോടെ അഭിനന്ദിക്കുന്നു.

നഗര ഗതാഗത തിരക്ക് കുറക്കുന്നതിന് ഏറ്റവും അനുയോജ്യമായ മെട്രോ റെയിൽ കൊച്ചിക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. അലൈൻമെന്റ് പൂർത്തീകരിച്ച് ലാന്റ്ക്വിസിഷൻ നടപടികൾ നടന്നു വരുന്നു. സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എൽ.ഡി.എഫ് സർക്കാരും യു.ഡി.എഫും ഒരുപോലെ മെട്രോ റെയിലിന് വേണ്ടി വാദിക്കുകയും സമ്മർദ്ദം ചെലുത്തി പോരുകയും ചെയ്യുന്നുണ്ടെങ്കിലും കേന്ദ്ര ധനവകുപ്പ് ഇതിന് അംഗീകാരം നൽകാതെ തടഞ്ഞു വെച്ചിരിക്കുകയാണ്. കേന്ദ്ര നഗരവികസന മന്ത്രാലയവും, പ്ലാനിംഗ് ബോർഡും, കേന്ദ്ര പരിസ്ഥിതി മന്ത്രാലയവും സർഫസ് ട്രാൻസ്പോർട്ട് വകുപ്പും കൊച്ചി മെട്രോക്ക് അംഗീകാരം നൽകിയിട്ടും ധനകാര്യ മന്ത്രാലയം അനുമതി നൽകാതിരിക്കുന്ന നടപടിയിൽ ശക്തിയായി പ്രതിഷേധിക്കുന്നു. കൊച്ചിയുടെ ഗതാഗത കുരുക്കഴിക്കുന്നതിന് മെട്രോ റെയിൽ നടപ്പിലാക്കുന്നതിന് അടിയന്തിരമായും അനുമതി നൽകണമെന്ന് ആവശ്യപ്പെടുന്നു. കൊച്ചി മെട്രോ റെയിൽ യാഥാർത്ഥ്യമാക്കുന്നതിനും, നാഷണൽ ഹൈവേയിൽ എലിവേറ്റഡ് ഹൈവേ അല്ലെങ്കിൽ നാല് ഫ്ളൈ ഓവറുകൾ എന്നിവ നേടിയെടുക്കുന്നതിന് വിശ്വപൗരനായ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ, പി. രാജീവ് എം.പി ക്കൊപ്പം പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെക്കണ്ട് നിവേദനം സമർപ്പിച്ചതിന് അവരോട് കൊച്ചി പൗരാവലിക്കുവേണ്ടി നന്ദി രേഖപ്പെടുത്തുന്നു.

**ഫ്ളൈ ഓവറുകൾ.**

ഇടപ്പള്ളി, വൈറ്റില, പാലാരിവട്ടം ഫ്ളൈ ഓവറുകൾ നിർമ്മിക്കേണ്ടത് കേന്ദ്ര സർഫസ് ട്രാൻസ്പോർട്ട് കോർപ്പറേഷനാണ്. ഇന്നത്തെ സാഹചര്യത്തിൽ ലാന്റ് അക്വിസിഷൻ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് കൂടി സഹായകരമായ വിധം ഇടപ്പള്ളി മുതൽ കുണ്ടന്നൂർ വരെ എലവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതായിരിക്കും കൂടുതൽ പ്രയോജനകരം. ഈ പദ്ധതിക്ക് സാധ്യതാ പഠനം നടത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. പഠനം പൂർത്തീകരിച്ച് കഴിയുന്നത്ര വേഗത്തിൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനും NH 17-ൽ നാലുവരി പാത പൂർത്തീകരിച്ചും ഇടപ്പള്ളി ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് പൂർത്തീയാക്കിയും ട്രാഫിക് ബ്ലോക്ക് ഒഴിവാക്കാൻ നാഷണൽ ഹൈവേ ഡിപ്പാർട്ട്മെന്റ് ശക്തമായ നടപടി സ്വീകരിച്ചാലെ നടപ്പിലാവു.

പനമ്പള്ളി നഗർ മുതൽ ഫൈൻ ആർട്ട്സ് വരെ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കുകയും പ്രോജക്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തുകയും ചെയ്തു. പള്ളിമുക്കു മുതൽ ഫോർഷോർ റോഡുവരെ ലാന്റ് അക്വിസിഷന് കൗൺസിൽ തീരുമാനിച്ചെങ്കിലും സർക്കാരിൽ

നിന്നും അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ (AS) ലഭിച്ചിട്ടില്ല. AS കിട്ടുന്നതോടെ റവന്യൂ അധികൃതർ ഭൂമി ഏറ്റെടുത്ത് നൽകും. ഈ സാമ്പത്തീക വർഷത്തിൽ നിർമ്മാണ ത്തിന് തുടക്കം കുറിക്കും.

**റെയിൽ ഓവർ ബ്രിഡ്ജുകളും - റോഡു വികസനവും**

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച് പുല്ലേപ്പടി, പച്ചാളം, പൊന്നുരുന്നി, അറ്റ്ലാന്റീസ്, ഐലന്റ് റെയിൽ ഓവർ ബ്രിഡ്ജുകളിൽ പുല്ലേപ്പടി ഗതാഗതത്തിന് തുറന്ന് കൊടുക്കുന്നതിന് ഇതിനകം സജ്ജമായിട്ടുണ്ട്. അവസാന മിനുക്ക് പണികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. മെയ് 31-നകം ഗതാഗതത്തിന് തുറന്നു കൊടുക്കും.

പൊന്നുരുന്നിയിൽ അക്വിസിഷൻ നടപടി പൂർത്തീകരിച്ച് ടെണ്ടർ ക്ഷണിച്ചിരി ക്കുകയാണ്. ഓവർ ബ്രിഡ്ജ് പൂർത്തികരിക്കുന്നതോടെ ഉണ്ടാവുന്ന വാഹനങ്ങളുടെ വർദ്ധനവ് കൂടി കണക്കിലെടുത്ത് പൊന്നുരുന്നി ടെമ്പിൾ റോഡ് വരെ ലാന്റ്ക്വയർ ചെയ്ത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. എം.ജി. റോഡിൽ സെയിൽസ് ടാക്സ് ഓഫീസിനടുത്ത് നിന്നും പനമ്പള്ളി നഗറിലേക്ക് റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചാൽ ലാന്റ്ക്വിസിഷൻ പൂർത്തീകരിച്ച് ROB നിർമ്മാണം ആരംഭിക്കാൻ കഴിയും.

ഗോശ്രീ പാലം മുതൽ SRM റോഡ് വരെ 24 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ച് ഒവർ ബ്രിഡ്ജ് പണിയുന്നതിന് ജിഡ, പോർട്ട്, റെയിൽ വികാസ് നിഗം ലിമിറ്റഡ് എന്നീ ഏജൻസികൾ മുഖ്യമന്ത്രിയുടെയും റവന്യൂ മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ തീരുമാനിച്ചിട്ടുള്ളതാണ്.

കൊച്ചി നഗരത്തിലെ എറണാകുളം കായൽ നികത്തി വിറ്റ പണമാണ് ജിഡയുടെ നിക്ഷേപം. ഗോശ്രീ ദ്വീപുകളിൽ നിന്നുമുള്ള ജനങ്ങളുടെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ വൈപ്പിൻ കരയിൽ നിന്നും എറണാകുളം വരെ പൂർത്തീകരിച്ചിട്ടുള്ള റോഡ് മാമംഗലം നാഷണൽ ഹൈവേ വരെ എത്തിക്കേണ്ടതുണ്ട്. ഗോശ്രീ റോഡിന്റെ എക്സ്റ്റൻഷൻ എന്ന നിലക്ക് ഗോശ്രീ പാലം മുതൽ നാഷണൽ ഹേവേ 47-ൽ അഞ്ചുമന വരെ നാലുവരി റോഡ് നിർമ്മിക്കുന്നതിനുള്ള ചുമതല ജിഡ ഏറ്റെടുക്കണം. ഗോശ്രീ-ചാത്യാത്ത് റോഡ്, പൊറ്റക്കുഴി റോഡ്, ചിറ്റൂർ റോഡ്, സഖാവ് ശ്രീധരൻ റോഡ്, പീറ്റർ കോറോയ റോഡ് എന്നീ അഞ്ച് റോഡുകളെ ബന്ധിപ്പിച്ചുള്ള റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിനും ഗോശ്രീ-മാമംഗലം റോഡ് നിർമ്മാണത്തിനുമുള്ള പ്രോജക്ട് JNNURM അംഗീകരിച്ചിട്ടുള്ളതിനാൽ ആകെ പദ്ധതി അടങ്കലിന്റെ 50% കേന്ദ്ര നഗര വികസന വകുപ്പിൽ നിന്നും ലഭിക്കും. കൊച്ചി നഗരസഭ, ജിഡ, പോർട്ട്, റയിൽ വികാസ് നികം ലിമിറ്റഡ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ എന്നീ ഏജൻസികൾ സംയുക്തമായി റോഡ് വികസനം നടപ്പിലാക്കും. ഈ സാമ്പത്തിക വർഷം പദ്ധതി ആരംഭിക്കും. ലാന്റ്ക്വിസിഷനുള്ള ജോലികൾ ആരംഭിച്ചു. ജിഡയുടെ

ഫണ്ടിന്റെ കാര്യത്തിൽ തീരുമാനമാകാത്തതാണ് പ്രധാന തടസ്സം. കൊച്ചി നഗരത്തിൽ നികത്തിയെടുത്ത് സ്ഥലം വിറ്റ ഫണ്ടാണ് GCDA ബാങ്കിൽ നിക്ഷേപിച്ച് ഇൻകം ടാക്സ് കൊടുത്ത് കൊണ്ടിരിക്കുന്നത്. ദ്വീപ് നിവാസികളുടെ യാത്രാ ക്ലേശം പരിഹരിക്കുന്നതിന് ഏറ്റവും പ്രധാന പങ്ക് വഹിക്കേണ്ടതാണ് ഗോശ്രീ-മാമംഗലം റോഡ്. മുഖ്യമന്ത്രി ഇടപെട്ട് അടിയന്തിരമായി പരിഹാരമുണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>തമ്മനം - പുല്ലേപ്പടി റോഡ് വികസനത്തിന് DTP സ്കീം</u>**

തമ്മനം - പുല്ലേപ്പടി റോഡ് വികസനത്തിലെ ഏറ്റവും പ്രധാനപ്പെട്ട പുല്ലേപ്പടി റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണം തടസ്സങ്ങളെല്ലാം നീക്കി പൂർത്തീകരിക്കപ്പെടുകയാണ്. എം.ജി റോഡ് മുതൽ നാഷണൽ ഹൈവേ ചക്കരപ്പറമ്പ് വരെ നാലുവരി റോഡ് നിർമ്മാണത്തിന് ലാന്റ്കിസിഷൻ പൂർത്തീകരിക്കണം. സർക്കാർ അനുമതി ലഭിച്ചത് കഴിഞ്ഞയാഴ്ചയാണ്. സ്ഥലം പൊന്നുംവിലക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചതിനാൽ അടിയന്തിരമായും നടപടി പൂർത്തീകരിക്കുന്നതിന് ജില്ലാ കളക്ടർ സഹായിക്കുമെന്ന കരുതുന്നു. നിരവധി സ്വകാര്യ വ്യക്തികൾ സൗജന്യമായി സ്ഥലം വിട്ടു തന്നിട്ടുള്ള താണ്. വിട്ടുകിട്ടിയ ഭാഗങ്ങൽ മെറ്റൽ ചെയ്തിട്ടുണ്ട്. ഫ്രീ സറണ്ടറായി ലഭിച്ചിട്ടുള്ള മെറ്റൽ ചെയ്ത ഭാഗങ്ങൾ ഉൾപ്പെടെ ടാർ ചെയ്യുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

റോഡ് വികസനത്തിന് പണം കണ്ടെത്തുന്നതിനും ഫ്രീ സറണ്ടറായി സ്ഥലം ലഭ്യമാക്കുന്നതിനും പുല്ലേപ്പടി റോഡിന് മാത്രമായി പ്രത്യേകം ഡീറ്റയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം നടപ്പിലാക്കുന്നതിന് ത്വരിതഗതിയിൽ നടപടികൾ നടന്നുവരുന്നു. സ്വകാര്യ പങ്കാളിത്തത്തോടെ സർവ്വേ പൂർത്തീകരിച്ചു. റോഡ് വികസനത്തിന് സൗജന്യമായി സ്ഥലം വിട്ടുതരുന്നവർക്ക് ബാക്കിവരുന്ന സ്ഥലത്ത് കെട്ടിട നിർമ്മാണ വ്യവസ്ഥയിൽ പ്രത്യേക ഇളവ് അനുവദിക്കും. പുല്ലേപ്പടി റോഡിനരുകിൽ സ്ഥലമില്ലെങ്കിൽ ടി വ്യക്തിക്ക് നഗരത്തിൽ എവിടെയും തതുല്യമായ FAR ഇളവ് അനുവദിക്കുന്നതിനും FAR വില്പന നടത്തുന്നതിനുള്ള ട്രാൻസ് ഓഫർ ഓഫ് ഡവലപ്പ്മെന്റ് റൈറ്റ്സ് (TRS) സ്കീമിൽ വ്യവസ്ഥ ചെയ്യും. റോഡ്, ബണ്ട് ബെ, പാർക്കിംഗ്, പുനരധിവാസം എന്നിവയ്ക്കുള്ള സ്ഥലം സൗജന്യമായി നൽകുന്നവർക്കാണ് ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുന്നത്. തമ്മനം-പുല്ലേപ്പടി റോഡ് ഡീറ്റയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം വിജ്ഞാപനം ചെയ്യുന്നത് നിലവിലുള്ള റോഡിന്റെ ഇരുഭാഗങ്ങളിലേക്കും 20 മീറ്റർ വീതിയിൽ വികസനം നടത്തുന്ന പദ്ധതിയനുസരിച്ച് റോഡിന് ആവശ്യമായ സ്ഥലം ഒഴികെ 20 മീറ്ററിനുള്ളിൽ താമസിക്കുന്ന ആരുടെയും വീടുകളും സ്ഥാപനങ്ങളും ഏറ്റെടുക്കുന്നതല്ല. നിലവിൽ റോഡ് വികസനത്തിന് ഫ്രീസറണ്ടർ നൽകിയ വ്യക്തികളുടെ ബാക്കി സ്ഥലവും ഏറ്റെടുക്കില്ല.

തമ്മനം - പുല്ലേപ്പടി റോഡ് വികസനത്തിന് സംസ്ഥാന ബഡ്ജറ്റിൽ 20 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന ആഹ്ലാദകരമായ വിവരം സന്തോഷത്തോടെ അറിയിക്കുന്നു. വിജ്ഞാപനം ചെയ്യുന്ന പ്രത്യേക DTP സ്കീമിന്റെ ആനുകൂല്യം സ്വീകരിച്ച് റോഡ് വികസനത്തിന് ആവശ്യമായ അവശേഷിക്കുന്ന സ്ഥലം കൂടി സൗജന്യമായി കിട്ടും എന്ന് പ്രതീക്ഷിക്കുന്നു.

ഫ്രീസറണ്ടർ ലഭിക്കാതെ വരുന്ന സ്ഥലം കലക്ടർ നിശ്ചയിക്കുന്ന വിലക്ക് പൊന്നുംവില നടപടികളിലൂടെ ഏറ്റെടുക്കും. കാരണക്കോടം, പുല്ലേപ്പടി എന്നിവിടങ്ങളിൽ കാരണക്കോടം തോടിനുകുറുകേയും, പേരണ്ടൂർ കനാലിന് കുറുകെയും ചെറു പാലങ്ങൾ നിർമ്മിക്കുന്നതിന് കിറ്റ്കോ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. പൈലിംഗ് കോൺട്രാക്ടേഴ്സ് അസ്സോസിയേഷൻ അവരുടെ ചെലവിൽ പൈലിംഗ് നടത്തിതരാമെന്ന് ഏറ്റിട്ടുണ്ട്. മൂന്നു മാസങ്ങൾക്കകം രണ്ട് പാലങ്ങളുടെയും പണി പൂർത്തീകരിക്കാൻ കഴിയും.

ഭൂമി ഏറ്റെടുത്ത് ഈ സാമ്പത്തിക വർഷത്തിൽ തന്നെ നഗര ഗതാഗത തിരക്ക് ഒഴിവാക്കുന്നതിൽ നിർണ്ണായകമായ തമ്മനം-പുല്ലേപ്പടി റോഡിന്റെ നിർമ്മാണം ആരംഭിക്കും. 2011 ഡിസംബർ 31-നകം നിർമ്മാണം പൂർത്തീകരിക്കും. ലാന്റ്ക്വിസിഷനും റോഡ് നിർമ്മാണത്തിനുമായി 25 കോടി രൂപ നീക്കി വെയ്ക്കുന്നു.

**ഇടക്കൊച്ചി - തോപ്പുംപടി ഫോർഷോർ റോഡ്**

ഇടക്കൊച്ചി മുതൽ BOT പാലം വരെ കായലോരത്ത് കൂടി നാലുവരി റോഡ് നിർമ്മിക്കും. കൊച്ചി പോർട്ടിന്റെയും ഇൻലാന്റ് നാവിഗേഷന്റെയും സഹകരണ ത്തോടെ റീട്ടെയിൻവാൾ നിർമ്മിച്ച് റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് സർവ്വേ നടത്തി അലൈൻമെന്റ് നിശ്ചയിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തും. ഭൂമി അക്വിസിഷന്റെ പ്രശ്നങ്ങൾ കാര്യമായി ഇല്ലാത്തിതനാൽ വളരെ വേഗത്തിൽ ഇതിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയും. കേരള ക്രിക്കറ്റ് അസ്സോസിയേഷന്റെയും ക്രെഡായിയുടെയും സഹകരണം പ്രതീക്ഷിക്കുന്നു. നിർദ്ദിഷ്ട ഐലന്റ്-ഇടക്കൊച്ചി പാലം കൂടി പൂർത്തി യാവുന്നതോടെ ഈ റോഡിന്റെ പ്രധാന്യം വർദ്ധിക്കും. റോഡ് നിർമമാണ ത്തോടൊപ്പം തണൽ മരങ്ങൾ പിടിപ്പിക്കുന്നതിനും കായലോരത്ത് പടവുകൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കും.

**പി. ഗംഗാധരൻ റോഡ് പൂർണ്ണമാക്കും.**

പള്ളുരുത്തി ഹൈവേയിൽ നിന്നും കിഴക്കോട്ടേയ്ക്കുള്ള പി. ഗംഗാധരൻ റോഡ് വീതികൂട്ടാനുള്ള ഭാഗങ്ങൾ അക്വയർ ചെയ്ത് ഏറ്റെടുത്ത് നിർദ്ദിഷ്ട ഇന്ദിരാഗാന്ധി റോഡുമായും പുതിയ തീരദേശ റോഡുമായും ബന്ധിപ്പിക്കും. നിലവിലുള്ള റോഡ് മുഴുവൻ വീതിയിലും ടാർ ചെയ്യുന്നതാണ്. ഇതിനായി 25 ലക്ഷം വകയിരുത്തുന്നു.

**ഇടപ്പള്ളി - ഹൈക്കോർട്ട്.**

കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇടപ്പള്ളി - ഹൈക്കോർട്ട് റോഡിന്റെ കാന, ഫുട്പാത്ത് എന്നിവയുടെ നിർമ്മാണ പ്രവർത്തനം അതിവേഗതയിൽ നടന്നുവരികയാണ്. അഞ്ച് വർഷ ഗ്യാരണ്ടിയിലാണ് റോഡ് നിർമ്മാണം നടത്തുന്നത്. മെയ് 31-നകം പൂർത്തീകരിക്കും. അഞ്ച് വർഷ ഗ്യാരണ്ടിയോടെ പൂർത്തിയാകുന്ന നഗരസഭയുടെ ആദ്യ റോഡാകും ഇടപ്പള്ളി - ഹൈക്കോർട്ട് റോഡ്.

**പള്ളൂരുത്തി പാരലൽ റോഡ്.**

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ടി. കെ ഷംസുദ്ദീൻ കമ്മിറ്റി ചെയർമാനായിട്ടുള്ള കമ്മിറ്റി നിരന്തരമായി ചേരുകയും പ്രവർത്തനങ്ങൾ മോണി റ്ററിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. എത്ര തീരുമാനമെടുത്താലും ജനകീയ ആവശ്യമെന്ന നിലക്ക് വേഗതയിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് പള്ളുരുത്തി സോണൽ ടൗൺ പ്ലാനിംഗ് വകുപ്പ് ഉദ്യോഗസ്ഥർ തയ്യാറാക്കാത്തത് മൂലം ഒച്ചിഴയുന്ന വേഗത്തിലേ കാര്യങ്ങൾ നീങ്ങുന്നുള്ളു. കൗൺസിലർമാർ ഒറ്റക്കെട്ടായി പാരലൽ റോഡിനുവേണ്ടി ശ്രമിക്കുന്നുണ്ടെങ്കിലും ഇടക്കൊച്ചി ഭാഗത്ത് നിരവധി പേർ സൗജന്യമായി സ്ഥലം വിട്ടുതരുന്നതിനുവേണ്ടി മുന്നോട്ട് വന്നിട്ടുണ്ട്. ഫ്രീ സറണ്ടറായി കിട്ടാവുന്ന സ്ഥലം, അഡ്വാൻസ് സറണ്ടർ ലഭിക്കാവുന്ന സ്ഥലം, അക്വയർ ചെയ്ത് ഏറ്റെടുക്കേണ്ടത് എന്നിങ്ങനെ മുന്നായി തിരിച്ച് അലയ്ൻമെന്റ് പൂർത്തീകരിച്ച് പള്ളൂരുത്തിയുടെ വികസനത്തിൽ നാഴികകല്ലായി തീരാവുന്ന പാരലൽ റോഡ് പൂർത്തീകരിക്കുന്നതിന് ലാന്റ് അക്വിസിഷൻ റോഡ് നിർമ്മാണം എന്നിവയ്ക്കായി ഈ ബഡ്ജറ്റിൽ 2 കോടി രൂപ നീക്കി വെയ്ക്കുന്നു.

പാരലൽ റോഡ് പൂർത്തീകരിക്കുന്നതിന് നിലവിലുള്ള കുടുംബങ്ങളെ തൃപ്തികരമായി രീതിയിൽ പുനരധിവസിപ്പിക്കും. സ്ഥലം കണ്ടെത്തി വീട് നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തുന്നു.

**ഫോർട്ടകൊച്ചി ബീച്ച് റോഡ് വികസിപ്പിക്കും**

ഫോർട്ട്കൊച്ചി ബീച്ച് റോഡ് ഇമ്മാനുവൽ ചർച്ച് മുതൽ വടക്കോട്ടേക്ക് വീതി കുറഞ്ഞ് ഇടുങ്ങിയ സ്ഥിതിയിലാണ് MLA-യുടെയും സർക്കാരിന്റെയും സഹകരണ ത്തോടെ വീതി കുറഞ്ഞ ഭാഗം ലാന്റ് അക്വിസിഷനിലൂടെ വീതികൂട്ടി വികസിപ്പിക്കും.

**എസ്. എ റോഡ്**

SA റോഡ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ഭാഗീകമായി മാത്രമാണ് പൂർത്തീകരിക്കാനായത്. നഗരസഭയുടെ കുറ്റംകൊണ്ടല്ലെങ്കിലും ഒരു വർഷത്തോളം വർക്ക് ചെയ്യാതെ നീണ്ടുപോയി. അഞ്ച് വർഷത്തെ ഗ്യാരണ്ടിയിലാണ് വർക്കെന്നതിനാൽ നിർമ്മാണം പുർത്തീകരിച്ചാൽ റോഡ് വെട്ടിപ്പൊളിക്കാനാവില്ല. അതുകൊണ്ട്തന്നെ നഗരസഭാ ചെലവിൽ ഇരു സൈഡുകളിലും 300 MM പൈപ്പ് ലയിനുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷെണി ച്ചെങ്കിലും കരാറുകാരൻ 83% അധിക നിരക്ക്ക്വോട്ട്

ചെയ്തതിനാൽ സംസ്ഥാന എംപവേർഡ് കമ്മിറ്റി വർക്ക് റീടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. ഇതിനിടയിൽ ഇതേ ആവശ്യം മുൻ നിർത്തി കുറേ പൈപ്പുകൾ ലേ ചെയ്തിട്ടുള്ളതുമായി ബന്ധിപ്പിക്കണമെന്ന നിർദ്ദേശം വന്നു ഇതിന്റെ പരിശോധനയ്ക്കും മറ്റും സമയമെടുത്തു. വാട്ടർ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള കാലതാമസം പരിഗണിച്ച് പൈപ്പിടാതെ തന്നെ റോഡ് നിർമ്മാണം ആരംഭിക്കണമെന്ന് നോഡൽ ഓഫീസറായ ശ്രീ. ടി. കെ ജോസ് ഐ.എ.എസ്സിന്റെ സാന്നിധ്യത്തിൽ ചേർന്ന സ്റ്റീയറിംഗ് കമ്മിറ്റി തീരുമാനിച്ച് സർക്കാരിനെ അറിയിച്ചു. ഏറ്റവും ഒടുവിൽ 17-02-2010-ൽ ചേർന്ന എംപവേർഡ് കമ്മിറ്റി SA റോഡിന്റെ ഇരു സൈഡിലും ഏഴ് മീറ്റർ വീതിയിൽ റോഡ് പൂർത്തിയാക്കാനും പൈപ്പ് ഇടേണ്ട സ്ഥലത്ത് ഇന്റർ ലോക്കിംഗ് ടൈൽസ് വിരിക്കുന്നതിനും പൈപ്പിടുന്നതിന്റെ ടെണ്ടർ നടപടി പുനരാരംഭിക്കുന്നതിനും തീരുമാനിച്ചു. എന്നാൽ കൺസൾട്ടന്റായ WAPCOS റോഡ് നിർമ്മാണത്തിന് കരാറുകാർക്ക് നിർദ്ദേശം കൊടുത്തിട്ടില്ല. WAPCOS-നോട് വർക്ക് അടിയന്തിരമായി ആരംഭിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിൽ തന്നെ റോഡ് നിർമ്മാണം ആരംഭിച്ച് കാലവർഷത്തിന് മുമ്പ് പൂർത്തീകരിക്കും. നിർമ്മാണ ത്തിനാവശ്യമായ മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. SA റോഡിലെ പുത്തൻപാലം പൈലിംഗ് പൂർത്തീകരിച്ച് പൈൽ ക്യാപ്പ് നിർമ്മാണവും കഴിഞ്ഞു. കോൺക്രീറ്റിംഗ് മാത്രമാണ് അവശേഷിക്കുന്നത്. റോഡ് നിർമ്മാണത്തിന് സമാന്തരമായി പാലം നിർമ്മാണവും പൂർത്തീകരിച്ച് അപ്രോച്ച് റോഡ് നിർമ്മിക്കും. പൈപ്പിന്റെ കരാർ നടപടി പൂർത്തീകരിച്ച് സർക്കാർ അനുമതി ലഭിച്ചാലുടൻ പൈപ്പ് സ്ഥാപിക്കും. പൈപ്പ് ലൈയിംഗ് പൂർത്തിയായാൽ അവശേഷിക്കുന്ന ഭാഗത്തെ ടാറിംഗും പൂർത്തീകരിക്കും. റോഡ് നിർമ്മാണത്തോടൊപ്പം ഫുട്പാത്തും പൂർത്തിയാവും. അവശേഷിക്കുന്ന രണ്ട് പ്ലോട്ടുകളുടെ ലാന്റ് അക്വിസിഷന് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതാണ്. ലാന്റ് അക്വിസിഷന് അർജൻസി ക്ലോസ്സ് ചേർക്കുന്നതിനുള്ള അനുമതി നാളിതുവരെ ലഭിച്ചിട്ടില്ല. ഇതുമൂലം കളക്ടർ അക്വിസിഷൻ നടപടി ആരംഭിച്ചിട്ടില്ല. റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻപായി അവശേഷിക്കുന്ന രണ്ട് പ്ലോട്ടിന്റെ അക്വിസിഷൻ പൂർത്തീകരിച്ച് കിട്ടും എന്ന് കരുതുന്നു. റവന്യൂ അധികൃതർ ഇതിന്റെ നടപടി പൂർത്തീകരിച്ച് സ്ഥലം കൈമാറുമെന്ന് പ്രതീക്ഷിക്കുന്നു.

SA റോഡിന്റെ തുടർച്ചയിൽ വൈറ്റില മുതൽ പേട്ട വരെ നിലവിലുള്ള റോഡ് വീതി കൂട്ടുന്നതിനുള്ള സർവ്വേ നടപടികൾ നടന്നുവരികയാണ്. കൊച്ചിയുടെ ട്രാഫിക്ക് ബ്ലോക്ക് ഒഴിവാക്കുന്നതിന് കിഴക്കിന്റെ കവാടമായ ഈ റോഡിന്റെ വീതി വർദ്ധിപ്പിക്കണമെന്നത് യാത്രക്കാരുടെയും നഗരവാസികളുടെയും ചിരകാല സ്വപ്നമായിരുന്നു. എന്നാൽ റോഡ് വികസനം നടക്കാതിരിക്കാനോ, ദീർഘിപ്പിച്ചു കൊണ്ടുപോകാനോ താല്പര്യമുള്ള ചില നിക്ഷിപ്ത താല്പര്യക്കാർ

ശ്രമിക്കുന്നതായുള്ള സംശയം ബലപ്പെടുത്തുന്ന വിധമാണ് കല്ലിട്ടിട്ടുള്ളത്. നഗരത്തിലേക്കും പ്രാന്തപ്രദേശങ്ങളിലേക്കും ആകെ വൈദ്യുതി വിതരണം നടത്തുന്ന 110 KV സബ്ബ് സ്റ്റേഷൻ (വൈറ്റില പവ്വർ ഹൗസ്), ചമ്പക്കര മാർക്കറ്റ്, സ്റ്റേറ്റ് വെയർ ഹൗസ് തുടങ്ങിയവയെല്ലാം പുതിയ അലൈൻമെന്റിന് അകത്തു വരുന്നു എന്നുമാത്രമല്ല നിരവധി വീടുകളും വരും, അതേയവസരത്തിൽ ഏറ്റവും കൂടുതൽ ഓപ്പൺ സ്പേയ്സുള്ള കെട്ടിടങ്ങൾ എണ്ണത്തിൽ കുറവായ ഭാഗത്തെ അക്വിസിഷനിൽ നിന്നും ഒഴിവാക്കിയിരിക്കുന്നത് വ്യാപകമായ പരാതിക്കും പ്രതിഷേധത്തിനും ഇടയാക്കിയിരിക്കുന്നു. സർക്കാർ ഇടപെട്ട് പരാതി പരിഹരിച്ച് പരമാവധി വളവ് നിവർത്തി റോഡ് വികസനം കുറ്റമറ്റ രിതിയിൽ പൂർത്തീകരിക്കും എന്ന് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ ബജറ്റി□ സൗത്ത് ROB യുടെ ഇരുഭാഗങ്ങളിലും പാരല□ ഫുട്ബ്രിഡ്ജ് BOT യി□ പണിയുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചിരുന്നതാണ്. എന്നാ□ റയി□വേ അതിന് അനുമതി ന□കിയി□. 2010 മാർച്ച് 23 ന് റയി□വേ ഡിവിഷൻ മാനേജർ ഈ നിർദ്ദേശം അംഗീകരിക്കാനാവി□ന്നും പുതിയ ഓവർബ്രിഡ്ജ് അനുവദിക്കാമെന്നും അറിയിച്ചിട്ടു□. റയി□വേയുടെ ഭാഗം ബ്രിഡ്ജ് പണിയേ□ത് റയി□വേ ആയതിനാ□ റയി□വേയ്ക്ക് 1.5 കോടി രൂപ ഡെപ്പോസിറ്റ് ചെയ്യുന്നതിന് നിർദ്ദേശിക്കുന്നു. പുതിയ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് വിശദമായ സർവ്വേ, സോയി□ ടെസ്റ്റ് എന്നിവ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തുന്നു. അധികം വേ□ി വരുന്ന ലാന്റ്ക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുന്നു.

**വൈറ്റില - ഇരുമ്പനം റോഡ്**

വൈറ്റില ബസ്സ് ടെർമിനൽ നിർമ്മാണം ആരംഭിക്കുന്ന സാഹചര്യത്തിൽ നാഷണൽ ഹൈവേ 47 വൈറ്റില ജങ്ഷനെയും സീപോർട്ട് എയർപോർട്ട് റോഡിനേയും ബന്ധിപ്പിക്കുന്ന കണിയാംപുഴ റോഡ് ആറ് വരിപാതയായി വികസിപ്പിക്കുന്നതിന് മോബിലിറ്റി ഹബ്ബ് നിർമ്മാണത്തിന് രൂപീകരിച്ചിട്ടുള്ള സൊസൈറ്റി നേതൃത്വം കൊടുക്കണം. കൊച്ചിയുടെ ഐ.ടി ശൃംഖലയായ ഇൻഫോ പാർക്കിനും ട്രാക്കോ കേബിൾ കമ്പനിക്കും, ഐ.ഒ.സി ക്കും സമീപത്ത് ചിത്രപുഴ പാലത്തിനടുത്ത് നിന്നും വൈറ്റിലയിലേക്ക് റോഡ് തുറക്കുന്നതിന് വളരെ കുറച്ച് ഭൂമി ഏറ്റെടുത്താൽ മതിയാവും. രണ്ടര കിലോമീറ്റർ കൊണ്ട് ഇരുമ്പനത്ത് നിന്നും വൈറ്റിലയിൽ എത്തിച്ചേരാൻ കഴിയും. കാര്യമായ കെട്ടിടങ്ങൾ ഇരുഭാഗത്തുമില്ല. ഏരൂർ മാത്തൂരിൽ ഒരു റെയിൽ ഓവർ ബ്രിഡ്ജും, കണിയാംപുഴ പാലത്തിന് സമാന്തര പാലവും നിർമ്മിച്ചാൽ ആലപ്പുഴ, കോട്ടയം, പശ്ചിമ കൊച്ചി ഭാഗങ്ങളിൽ നിന്നുമുള്ള വാഹനങ്ങൾക്ക് ഏറ്റവും കുറഞ്ഞ സമയം കൊണ്ട് അമ്പലമേട്, ഇൻഫോ പാർക്ക്, സെപ്സ്, കാക്കനാട്, വീഗാലാന്റ്, കിഴക്കമ്പലം, പെരുമ്പാവൂർ, കാലടി,

കളമശ്ശേരി, നെടുമ്പാശ്ശേരി ഭാഗങ്ങളിലേക്കെത്താം. എറണാകുളം പട്ടണത്തിലെ ഗതാഗത കുരുക്കിന് വലിയ ആശ്വാസമാകുന്ന ഈ പദ്ധതി യാഥാർത്ഥ്യം ആകുന്നില്ലെങ്കിൽ മൊബിലിറ്റി ഹബ്ബ് പൂർത്തീയാകുന്നതോടെ വൈറ്റില ജംങ്ഷനിലെ ട്രാഫിക്ക് ബ്ലോക്ക് വിവരണാതീതമാകുകയും ചെയ്യും.

**<u>തമ്മനം - കാക്കനാട് റോഡ്</u>**

തമ്മനം പുല്ലേപ്പടി റോഡിന്റെ എക്സ്റ്റൻഷൻ റോഡ് കാക്കനാട് സ്വതന്ത്ര വ്യാപാര മേഖലയ്ക്ക് സമീപം ചെന്ന് ചേരുന്നതിന് 40 വർഷങ്ങളായി കൊച്ചിയുടെ സ്ട്രക്ചറൽ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് തന്നെ ഈ ഭാഗത്ത് കാര്യമായി കെട്ടിടങ്ങളില്ല. നിയന്ത്രണമുള്ളതിനാൽ പുതിയ പെർമിറ്റ് കൊടുക്കാറില്ല. 2004-ൽ സംസ്ഥാന ബഡ്ജറ്റിൽ സ്ഥലം അക്വയർ ചെയ്യുന്നതിന് ഫണ്ട് വക കൊള്ളിക്കുകയും സർവ്വേ ആരംഭിക്കുകയും ചെയ്തിരുന്നു. ചില നിക്ഷിപ്ത താൽപര്യക്കാർ ഇടപെട്ട് നിലവിലുള്ള അലൈൻമെന്റിൽ നിന്നും മാറ്റി നൂറുകണക്കിന് വീടുകളുള്ള സ്ഥലം ഏറ്റെടുക്കാൻ ശ്രമം നടത്തിയതിനെതിരെ ജനങ്ങൾ സംഘടിച്ച് പ്രക്ഷോഭത്തിനെത്തി. അതോടെ ഭൂമി ഏറ്റെടുക്കാനുള്ള ശ്രമം തടസ്സപ്പെട്ടു. ജനങ്ങളെല്ലാം ഒരുപോലെ അംഗീകരിക്കുന്നതും സ്ട്രക്ച്ചറൽ പ്ലാനിൽ ഉൾപ്പെട്ട് 40 വർഷങ്ങളായി മരവിച്ച് കിടക്കുന്നതുമായ സ്ഥലത്ത് കൂടി റോഡ് നിർമ്മിക്കുന്നതിന് ജില്ലാ ഭരണകൂടവും ടൗൺപ്ലാനിംഗ് ഡിപ്പാർട്ട്മെന്റും PWD-യും തയ്യാറാവണം. നഗര വികസനത്തിനും ഗതാഗത സൗകര്യം വർദ്ധിപ്പിക്കാനും ഈ റോഡ് അനിവാര്യമാണ്. ചക്കരപറമ്പിൽ നിന്നും വളവുകളില്ലാതെ നേരേ റോഡ് നിർമ്മിച്ചാൽ രണ്ട് കിലോ മീറ്റർ കൊണ്ട് കാക്കനാടെത്താം. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അക്വിസിഷൻ നടപടി അടിയന്തിരമായും ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. റോഡിന്റെ ഡീറ്റയിൽഡ് പ്രോജക്ട് തയ്യാറാകുമ്പോൾ വൈലോപ്പിള്ളി റോഡിനും, നാഷണൽ ഹൈവേക്കും മുകളിലൂടെ ഫ്ളൈഓവർ കൂടി ഡിസൈൻ ചെയ്ത് നടപ്പിലാക്കണം.

**<u>ഐലന്റ് കണ്ണങ്ങാട്ട് പാലം</u>**

പശ്ചിമ കൊച്ചിയുടെ വികസനത്തിന് പുതിയ കുതിപ്പ് നൽകുന്നതിനും നഗര ഗതാഗത കുരുക്കഴിക്കുന്നതിനും സുപ്രധാന പങ്ക് വഹിക്കുമെന്ന് പ്രതീക്ഷിക്കുന്ന ഐലന്റ് കണ്ണങ്ങാട്ട് പാലം നിർമ്മിക്കുന്നതിന് ചുമതലപ്പെട്ട WAPCOS നിരവധി തവണ ആവശ്യപ്പെട്ടിട്ടും അത് ചെയ്യാതെ വന്നതിനെ തുടർന്ന് കിറ്റ്കോയെ ചുമതലപ്പെടുത്തി.

കേരള ക്രിക്കറ്റ് അസ്സോസിയേഷന് ഇടക്കൊച്ചിയിൽ അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ അനുമതി കൂടി ലഭിച്ച പശ്ചാത്തലത്തിൽ ഇടക്കോച്ചി - ഐലന്റ് പാലത്തിന്റെ പ്രസക്തിയും പ്രധാന്യവും ഏറെ വർദ്ധിച്ചിരിക്കുന്നു. കഴിഞ്ഞ ബഡ്ജറ്റ് നിർദ്ദേശപ്രകാരം സർവ്വേ നടപടികളും സോയിൽ ടെസ്റ്റും നടത്തി 66 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. പദ്ധതി

അനുമതിക്കുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. അനുമതി ലഭിച്ചാലുടൻ ടെണ്ടർ നടപടി പൂർത്തീകരിച്ച് പാലം നിർമ്മാണം ആരംഭിക്കും.

പാലം പൂർത്തീകരിക്കുന്നതിന് സമാന്തരമായി ഇന്ദിരാഗാന്ധി റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ലാന്റ്കിസിഷൻ നടപടികൾക്കായി ഒരു കോടി രൂപ നീക്കി വെയ്ക്കുന്നു.സംസ്ഥാന സർക്കാർ സഹായത്തോടെ JNNURM പദ്ധതിയിൽ അംഗീകാരത്തിനായി സമർപ്പിക്കും. നഗരസഭ വിഹിതമായി 13 കോടി രൂപ വകയിരുത്തുന്നു.

നിലവിൽ തീരുമാനിച്ചിട്ടുള്ള കണ്ണങ്ങാട്ട് മധുര കമ്പനി (പഷ്ണിത്തോട്) പാലം പൂർത്തീകരിച്ച് ഇന്ദിരാഗാന്ധി റോഡ് വീതികൂട്ടി വികസിപ്പിച്ച് നാലുവരി പാതയാക്കി ദേശീയ പാതയുമായി ബന്ധിപ്പിക്കും. അലൈൻമെന്റ് തയ്യാറാക്കി സൗജന്യമായി ഭൂമി ലഭ്യമാക്കാനും സാധ്യമാകാത്തത് പൊന്നുവിലക്ക് ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിക്കും. ഇതിനായി രണ്ട് കോടി രൂപ വകയിരുത്തിയിരിക്കുന്നു.

പഷ്ണിത്തോട് പാലം നിർമ്മാണത്തിന് ടെണ്ടർ നടപടികൾ പൂർത്തിയായി. 1,25,00,000/- രൂപ നീക്കിവെച്ചിട്ടുള്ളതാണ്. ടെണ്ടർ അധിക നിരക്കിന്റെ അംഗീകാരത്തിന് സർക്കാരിന്റെ മുന്നിലാണ് ഫയൽ. ടെണ്ടർ എക്സസിന് അനുമതി ലഭിച്ചാലുടൻ നിർമ്മാണം ആരംഭിച്ച് ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും. അപ്രോച്ച് റോഡിന്റെ ലാന്റ് അക്വിസിഷൻ നടപടി ആരംഭിച്ചിട്ടുണ്ട്.

**<u>പൂണിത്തുറ പാലം</u>**

പൂണിത്തുറയിൽ നിന്നും തൃപ്പൂണിത്തുറയിലേക്ക് നിർമ്മിച്ചിട്ടുള്ള പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കുകയും തൃപ്പൂണിത്തുറ - വൈക്കം റോഡിൽ കണ്ണംകുളങ്ങര മുതൽ പുതിയ പാലം വരെ തർക്കങ്ങൾ തീർത്ത് റോഡ് വികസനം പുർത്തീകരിക്കുകയും ചെയ്യുന്നതോടെ SN ജങ്ഷൻ മുതൽ വൈറ്റില വരെയുള്ള ഗതാഗത തടസ്സം നീക്കാൻ കഴിയും കുണ്ടന്നൂർ - പൂണിത്തുറ വഴി ഗതാഗതം തിരിച്ചു വിടാനായാൽ ഗതാഗത കുരിക്കിന് ആശ്വാസമാകും. ഈ റോഡിന്റെ നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്.

**<u>ചിലവന്നൂർ ബണ്ട് റോഡ്.</u>**

ജി.സി.ഡി.എ യുടെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും സർക്കാർ അംഗീകാരം ലഭിച്ചിട്ടുള്ളതുമായ നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് ബണ്ട് റോഡും ഒരു റിഗ് റോഡും SA റോഡിന് സമാന്തരമായി നാഷണൽ ഹൈവേയിൽ തൈക്കൂടത്ത് നിന്നും ആരംഭിച്ച് ബണ്ട് റോഡ് വഴി അറ്റ്ലാന്റിസിലൂടെ എം.ജി റോഡിൽ എത്തുന്നതാണ് ചിലവന്നൂർ ബണ്ട് റോഡ്. ചിലവന്നൂർ മുതൽ തൈക്കൂടം വരെ വലിയൊരുഭാഗം പുഴ പുറംമ്പോക്കായ കരഭൂമിയാണ്. ശ്രി. കെ ബാലചന്ദ്രൻ ജി.സി.ഡി.എ ചെയർമാനായിരുന്ന ഘട്ടത്തിൽ ചിലവന്നൂർ പുഴയ്ക്ക് കുറുകെ പാലം

നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അനിയന്ത്രിതമായ വാഹനപെരുപ്പത്തിന്റെയും ഗതാഗത തിരക്കിന്റെയും പുതിയ സാഹചര്യത്തിൽ ബണ്ട് റോഡ് നാലുവരിപാതയോ ആറുവരിപാതയോ ആയി വികസിപ്പിക്കേണ്ടത് അനിവാര്യമാണ്. നിർദ്ദിഷ്ട ബണ്ട് റോഡിനെ ബന്ധിപ്പിച്ച് പനമ്പിള്ളി നഗർ റോഡ് എക്സ്റ്റന്റ് ചെയ്ത് കോന്തുരുത്തി വഴി തേവര നാഷണൽ ഹൈവേ 49 മായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണവും പൂർത്തീകരിക്കണം. ഇത് കൊച്ചി നഗരസഭ ഏറ്റെടുക്കും. ഈ റോഡ് വികസനത്തിന് കൗൺസിലർ ശ്രീ. സി. കെ പീറ്റർ നേതൃത്വം കൊടുത്ത് ഒരു പോപ്പുലർ കമ്മിറ്റി ഫലപ്രദമായി പ്രവർത്തിച്ചു വരുന്നുണ്ട്. അലയ്ൻമെന്റ് നിശ്ചയിക്കുന്നതിനും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും കിറ്റ്കോയെ ചുമതലപ്പെടുത്തിയിരുന്നു എങ്കിലും നടപടികൾ നീങ്ങിയിട്ടില്ല. മുഖ്യ പരിഗണന കൊടുത്ത് ഈ സാമ്പത്തിക വർഷം പദ്ധതി ഏറ്റെടുക്കും. രണ്ട് കോടി രൂപ ഇതിനായി മാറ്റിവെയ്ക്കുന്നു.

കൊച്ചിയുടെ ഗതാഗത പ്രശ്നങ്ങൾക്ക് ദീർഘകാല പരിഹാരമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതിയാണ് ഹൈക്കോർട്ട് ജംങ്ഷനിൽ നിന്നും ആരംഭിച്ച് ദ്വീപുകളെ ബന്ധിപ്പിച്ച് വരാപ്പുഴ ആലങ്ങാട് - അത്താണി - പുത്തൻ കുരിശ് - തിരുവാങ്കുളം - ഉദയംപേരൂർ വഴി ഹൈക്കോർട്ട് ജങ്ഷനിൽ എത്തുന്ന റിംഗ് റോഡും ഇതിനെ പരസ്പരം ബന്ധിപ്പിക്കുന്ന 16 കോറിഡോറുകളും. ജി.സി.ഡി.എ തയ്യാറാക്കിയ ഈ പദ്ധതി കേരള റോഡ് ഫണ്ട് ബോർഡും നാറ്റ്പാക്കും, റൈറ്റ്സും നഗരസഭയുടെ മോബിലിറ്റി പ്ലാനിലും മാസ്റ്റർ പ്ലാനിലും നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ ്. സർക്കാർ അനുമതി ലഭിച്ച ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തീവ്ര നടപടികൾ GCDA സ്വീകരിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര-പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭിക്കാത്തത് പ്രധാന തടസ്സമായിരിക്കുന്നു. ജില്ലയിൽ നിന്നുമുള്ള എം.പി മാരുടെ കൂടി സഹായത്തോടെ കേന്ദ്രനുമതി ലഭ്യമാക്കാൻ കഴിഞ്ഞാൽ നഗരവികസനത്തിന് കുതിപ്പേകാൻ കഴിയുന്ന റിംഗ് റോഡ് പദ്ധതി യാഥാർത്ഥ്യമാക്കാൻ കഴിയും.

**കണിയാംപുഴ തീരദേശ റോഡ്.**

നഗരത്തിന്റെ കിഴക്കൻ മേഖലയിൽ അങ്ങേയറ്റം പിന്നോക്കം നിൽക്കുന്ന ചളിക്കവട്ടം പ്രദേശത്തെ കണിയാംപുഴയിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പുതിയ പ്രൊട്ടക്ഷൻ വാൾ നിർമ്മിച്ചു കഴിഞ്ഞു. കണിയാംപുഴ റോഡിൽ നിന്നും പുഴയുടെ പടിഞ്ഞാറെ തീരത്തുകൂടി ഒന്നാം ഘട്ടമായി ചളിക്കവട്ടം ചുങ്കം വരെ തീരദേശ റോഡും കൽവർട്ടുകളും നിർമ്മിക്കുന്നതിന് ഈ ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**നോർത്ത് - സൗത്ത് റോഡ്.**

ഏറെ പഴക്കമുള്ള നോർത്ത് സൗത്ത് റോഡ് നിർമ്മാണം ടെണ്ടർ ചെയ്ത് കഴിഞ്ഞു. ലഭ്യമായ സ്ഥലത്ത് റോഡ് നിർമ്മിക്കുന്നതോടൊപ്പം ഉടമകൾ വിട്ടുതരാത്ത സ്ഥലം അക്വയർ ചെയ്ത് ഏറ്റെടുക്കുന്നതിന് ബഡ്ജറ്റിൽ 50 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

**പോണേക്കര ബണ്ട് റോഡ്.**

അമൃത മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുന്നിലൂടെ ചേരാനല്ലൂരിലേക്കുള്ള PWD റോഡ് മുറിച്ച് റെയിൽ പാത കടന്നു പോകുന്നത് പ്രതിദിനം യാത്രചെയ്യുന്ന പതിനായിരക്കണക്കിന് ജനങ്ങളെ പ്രയാസത്തിലാക്കി വരുന്നു. വല്ലാർപാടം റെയിൽ പാതയും ഷണ്ടിങ്ങിനായുള്ള റെയിൽ പാളങ്ങളും കൂടി സ്ഥാപിച്ചതോടെ റോഡ് മുറിച്ച് കടുക്കുന്നത് അപകടകരമായി മാറിയിരിക്കുന്നു. റെയിൽവേ വകുപ്പും സംസ്ഥാന സർക്കാരും മുൻകൈയെടുത്ത് ഇവിടെ പുതിയ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കേണ്ടതാണ്. അമൃത മെഡിക്കൽ കോളേജിന്റെ പങ്കാളിത്തത്തോടെയും ROB നിർമ്മിക്കാൻ കഴിയും അതിന് സംസ്ഥാന-കേന്ദ്ര സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു. ഇതിനുള്ള കാലതാമസം പരിഗണിച്ച് അടിയന്തിരമായും സബ്ബ് വേ നിർമ്മിക്കുന്നതിന് 1.5 കോടി രൂപ അനുവദിക്കുന്നു.

**ഗാന്തി നഗർ കണിയാംപുഴ റോഡ്.**

ഓയിൽ റിഫൈനറിയുടെ എണ്ണക്കുഴലുകൾ സ്ഥാപിച്ചതോടെ ദശാബ്ദങ്ങളായി ഗതാഗത സൗകര്യമില്ലാതിരുന്ന ആയിരക്കണക്കായ ജനങ്ങൾക്ക് സൗകര്യപ്രദമായ ഗാന്ധിനഗർ സലിം രാജൻ റോഡ് മുതൽ വൈറ്റില കണ ിയാംപുഴ വരെ റിഫൈനറി പൈപ്പ് ലയിനിന്റെ തെക്കേ അരികിലൂടെ റോഡും കാനയും തെരുവ് വിളക്കുകളും സ്ഥാപിക്കുന്നതിന് റിഫൈനറിയും നഗരസഭയും കൂടി കരാറുണ്ടാക്കി. ഈ സാമ്പത്തിക വർഷത്തിൽ റോഡ് നിർമ്മാണം പൂർത്തീകരിക്കും.

**ബിഷപ്പ് ഡാനിയേൽ അച്ചാരുപറമ്പിൽ റോഡ്**

അഭിവന്ദ്യനായിരുന്ന പിതാവ് ഡാനിയേൽ അച്ചാരുപറമ്പിലിന്റെ പേര് ഗോശ്രീ പാലം മുതൽ പച്ചാളം വരെയുള്ള റോഡിന് നൽകുന്നതിന് തീരുമാനിക്കുന്നു. 24 മീറ്റർ വീതിയുള്ള നഗര ഗതാഗത പ്രശ്നങ്ങൾക്ക് ആശ്വാസമേകുന്ന ഏറ്റവും പ്രധാനപ്പെട്ട റോഡായിരുക്കുമിത്.

**കണ്ടെയ്നർ റോഡ് നിർമ്മാണം.**

വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ആറുമാസത്തിനകം രാജ്യത്തിന് സമർപ്പിക്കുന്നതോടെ നഗര ഗതാഗതം നരകതുല്യമാകും. വല്ലാർപാടത്തുനിന്നും പുതിയ റോഡ് നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പക്ഷേ ഇത് കളമശ്ശേരി നാഷണൽ ഹൈവേയിൽ ചെന്ന് അവസാനിക്കുകയാണ്. ഇടപ്പള്ളി മുതൽ അങ്കമാലി വരെ ഇപ്പോൾ തന്നെ ഏറ്റവും കൂടുതൽ വാഹന ഗതാഗതമുണ്ടെന്ന് മാത്രമല്ല നാലുവരിപാതയായിട്ടും ട്രാഫിക് ബ്ലോക്കുള്ള പ്രദേശംകൂടിയാണീഭാഗം. വല്ലാർപാടം റോഡ് കൂടി തുറക്കുന്നതോടെ നഗരവും നാഷണൽ ഹൈവേയും വാഹന ഗതാഗതം അസാദ്ധ്യമാക്കി തീർക്കും വിധം ഗതാഗതകുരുക്കാകും.

ദീർഘ വീക്ഷണത്തോടെ വല്ലാർപാടത്ത് നിന്നും പുതിയ ഒരു കണ്ടെയ്നർ റോഡ് നാഷണൽ ഹൈവേ 47 നും - 17 നും മദ്ധ്യത്തലൂടെ പുതിയതായി

തീർക്കലാണ് ഇതിന് പരിഹാരം. പ്രതിദിനം പതിനായിരക്കണക്കിന് കണ്ടെയ്നറുകളുമായി ആയിരക്കണക്കിന് ട്രെയിലറുകളും ലോറികളും കൊച്ചി മുതൽ കോയമ്പത്തൂർ വരെ എട്ട് നിരയായി നീങ്ങുന്ന കാലമാണ് വരുന്നത്. കൊച്ചി-മധുര NH 49-ന്റെ അലൈൻമെന്റിലുള്ള തർക്കം തീർത്ത് നാലുവരി റോഡ് പൂർത്തീകരിക്കേണ്ടതും സീപോർട്ട് - എയർപോർട്ട് റോഡ് നാലുവരിയാക്കി നിർദ്ദിഷ്ട നാഷണൽ ഹൈവേ 49 മായി ബന്ധിപ്പിക്കേണ്ടതും ഇതിനകം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റിംഗ് ഹൈവേ, ഗോശ്രീ - മാമംഗലം, തമ്മനം-പുല്ലേപ്പടി എക്സ്റ്റൻഷൻ, ബണ്ട് റോഡ്, വൈറ്റില - തൃപ്പൂണിത്തുറ റോഡ് വികസനം, വൈറ്റില - കണിയാംപുഴ - ഇരുമ്പനം റോഡ്, വൈപ്പിൻ തീരദേശ റോഡ് എന്നിവ അടിയന്തിരമായും പൂർത്തീകരിക്കുന്നതിന് കേന്ദ്ര - സംസ്ഥാന സർക്കാരുകൾ പ്രത്യേക പരിഗണന നൽകിയാൽ മാത്രമേ വല്ലാർപാടം പദ്ധതിയും മറീനാ പദ്ധതിയും, LNG ടെർമിനലും പൂർത്തീകരിക്കുന്നതോടെ ഉണ്ടാകാനിടയുള്ള ഗതാഗത കുരുക്കിന് പരിഹാരം കാണാനാകു.

**<u>നഗര റോഡ് വികസനം</u>**

തലസ്ഥാന നഗരമെന്ന പരിഗണന നൽകി തിരുവനന്തപുരത്ത് റോഡ് വികസനത്തിന് കേരള റോഡ് ഫണ്ട് ബോർഡിന് സംസ്ഥാന സർക്കാർ രൂപം നൽകുകയും വികസന ചുമതല ഏൽപിക്കുകയും ചെയ്തത് ഫലപ്രദമായതിനാൽ കൊച്ചി നഗര റോഡ് വികസനത്തിനും കോഴിക്കോട് റോഡ് വികസനത്തിനും KRFB-യെ ചുമതലപ്പെടുത്തുകയും ചെന്നൈ ട്രാൻസ്പോർട്ട് അഡ്വൈസറി ഫോറം ചെയർമാൻ ശ്രീ. എൻ. എസ് ശ്രീനിവാസൻ കൊച്ചി റോഡ് വികസന പദ്ധതി തയ്യാറാക്കുകയും ചെയ്തു. അദ്ദേഹത്തിനും ടീമിനും ആവശ്യമായ എല്ലാ സഹായവും സഹകരണങ്ങളും നഗരസഭ ചെയ്ത് കൊടുത്തിരുന്നു. 17 റോഡുകളുടെ വികസനവും 6 റെയിൽ ഓവർ ബ്രിഡ്ജുകളുടെ നവീകരണവും പുതിയവകളുടെ നിർമ്മാണവും 34 ബസ്ബേകളും 89 ബസ് ഷെൽട്ടറുകളും റോഡ് മുറിച്ച് 37 ഡ്രൈനേജുകൾ 153 ജങ്ഷനുകളുടെ വികസനം എന്നീ നർമ്മാണ പ്രവർത്തനങ്ങളുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാണ്. കൊച്ചി നഗര ഗതാഗത നവീകരണത്തിന് ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കണമെന്ന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

നിലവിലുള്ള സ്ഥിതിയി□ ഒരു ബസ് സ്റ്റോപ്പി□ നിർത്തിയിട്ടാ□ പിന്നാലെ വരുന്ന എ□ാ വാഹനങ്ങളും നിർത്തി ഇടേ□ി വരുന്നു. നിർത്തിയിട്ടിരിക്കുന്ന ബസ് മൂലം പിന്നിലുള്ള വാഹന ഡ്രൈവർമാരുടെ കാഴ്ച മറയുകയും ചെയ്യും. ട്രാഫിക് ബ്ലോക്ക് ഒഴിവാക്കുന്നതിന് ബസ് ബേകൾ അനിവാര്യമാണ്. മറൈൻ ഡ്രൈവ് ഉൾപ്പെടെ ബസ്ബേ നിർമ്മിക്കുന്നതിന് കഴിയുന്ന വീതിയുള്ള റോഡുകളി□ ബസ്ബേ നിർമ്മിക്കും. 2 ലക്ഷം രൂപയാണ് ഒരു ബസ്ബേയ്ക്ക് വേ□ി വരുന്ന ചെലവ്. ബസ്ബേ

നിർമ്മിക്കാൻ കഴിയുന്ന സ്ഥലങ്ങൾ എവിടെയൊക്കെയെന്ന് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഈ വർഷത്തി□ തുടക്കം കുറിക്കും.

**<u>വൈറ്റില ബസ്സ് ടെർമിനൽ</u>**

കൊച്ചിയുടെ ഗതാഗത പ്രശ്നങ്ങളുലുടെ പരിഹാരത്തിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നായി കണക്കാക്കിയിരുന്ന വൈറ്റില ബസ്സ് ടെർമിനലിന് അനുമതി നൽകുകയും പ്രോജക്ട് തയ്യാറാക്കുകയും നടത്തിപ്പിനായി ഏജൻസിക്ക് രൂപം കൊടുക്കുകയും ചെയ്ത കേരള സർക്കാരിനെയും മുഖ്യമന്ത്രി ശ്രീ. വി.എസ് അച്ചുതാനന്ദനെയും കൊച്ചി പൗരാവലിയുടെ നന്ദി അറിയിക്കുന്നു.

2001-ൽ നമ്മുടെ കൗൺസിൽ വൈറ്റില ബസ്സ് ടെർമിനലിന് വേണ്ടി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വൈറ്റിലയിലെ കോക്കനട്ട് ഫാമിന്റെ സ്ഥലം അന്താരാഷ്ട്ര ബസ്സ് ടെർമിനലിനായി നഗരസഭയ്ക്ക് വിട്ടുതരണം എന്ന് പ്രമേയം അംഗീകരിച്ചതോടെയാണ് വൈറ്റില ബസ്സ് ടെർമിനൽ എന്ന ആവശ്യത്തിന് തുടക്കമായത്. ICIC കിൻഫ്രയെ നിയോഗിച്ച് നഗരസഭ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പദ്ധതിയുമായി മുന്നോട്ടുപോയി. നിരവധി തവണ സംസ്ഥാന സർക്കാരിനെ സമീപിച്ചെങ്കിലും അന്നത്തെ കൃഷിവകുപ്പിന്റെയും മന്ത്രി ഗൗരിയമ്മയുടെയും എതിർപ്പിന്റെ പേരിൽ ആവശ്യം തള്ളിക്കളയുകയാണ് സർക്കാർ ചെയ്തത്. മുഖ്യമന്ത്രി ശ്രീ. എ. കെ ആന്റണി കേരഫെഡ്ഡിന്റെ ഫാക്ടറി സ്ഥാപിക്കുന്നതിനായി ഇവിടെ ശിലാസ്ഥാപനം നടത്തിയതോടെ വൈറ്റിലയിൽ ആക്ഷൻ കൗൺസിൽ രൂപീകരിച്ച് ജനങ്ങൾ സമരത്തിനിറങ്ങി. നഗരസഭയും തുടർന്ന് GCDA യും ശ്രമിച്ചെങ്കിലും പദ്ധതിക്ക് അനുമതി ലഭിക്കാതെ വന്ന ഈ ഘട്ടത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ചുമതല ഏറ്റെടുത്തതോടെ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി കേരഫെഡ്ഡിന്റെ ഫാക്ടറിയുടെ നിർമ്മാണോദ്ഘാടനം നടത്തി. ജില്ലാ പഞ്ചായത്ത് കൃഷി ഫാമിന് പകരം ഭൂമി കൊടുക്കാമെന്ന നിർദ്ദേശത്തോടെ പുതിയ DPR തയ്യാറാക്കി മുന്നോട്ടു വന്നു. നഗരസഭയും GCDA-യും പിന്തുണച്ചു. 7.5 ഏക്കറിലുള ഒരു ചെറിയ ബസ്സ് ടെർമിനലാണ് ജില്ലാ പഞ്ചായത്ത് വിഭാവനം ചെയ്തത്. അതും സർക്കാർ അംഗീകരിച്ചില്ല. വൈറ്റില ആക്ഷൻ കൗൺസിൽ, EDRAC, വിവിധ രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ യുവജന സംഘടനകൾ എന്നിവരെല്ലാം സമരരംഗത്ത് വരികയും മാധ്യമങ്ങൾ നിരന്തരമായി ഈ വിഷയം ജ്വലിപ്പിച്ച് നിർത്തുകയും ചെയ്തുപോന്നു. ഇപ്പോഴത്തേ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന ജില്ലയിലെ LDF-ഉം CPM-ന്റെ ജില്ലാ കമ്മിറ്റിയും സെക്രട്ടറി ശ്രീ. ഗോപി കോട്ടമുറിക്കലും സംസ്ഥാന LDF-ലും സർക്കാരിലും സമ്മർദ്ദം ചെലുത്തി. ഇതിനെ തുടർന്നാണ് വിഷയം മുഖ്യമന്ത്രിയും, കൃഷിമന്ത്രിയും, ജില്ലയിലെ മന്ത്രിയായ ശ്രീ. എസ്. ശർമ്മയും കോൺഫറൻസ് വിളിച്ചതും പദ്ധതി തത്വത്തിൽ അംഗീകരിച്ചതും. തൊട്ടടുത്ത് ക്യാബിനറ്റ് ഇതിന് അംഗീകാരം നൽകി. ആർകിടെക്ട് ഗോപകുമാറിന്റെ നേതൃത്വത്തിലുള്ള ബെറ്റർ കൊച്ചി റെസ്പോണ്ട്സ്

ഗ്രൂപ്പ് ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുകയും - സർക്കാർ DPR തയ്യാറാക്കുന്നതിന് കിറ്റ്കൊയെ ചുമതലപ്പെടുത്തുകയും ചെയ്തു. കളക്ടർ ഡോ. എം. ബീനയുടെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടം പകരം സ്ഥലം കണ്ടെത്തി. GCDA-യുടെ വകയായ മുണ്ടംവേലിയിലെ സ്ഥലം പകരം കൊടുക്കുന്നതിനും ക്യാബിനറ്റ് തീരുമാനിച്ചു.

സ്ഥലത്തിന്റെ ഔപചാരീകമായ കൈമാറ്റവും വൈറ്റില മോബിലിറ്റി ഹബ്ബിന്റെ ശിലാസ്ഥാപനവും ഒരുമിച്ച് സർക്കാരിന്റെ നാലാമത് വാർഷികാഘോഷങ്ങളോട് അനുബന്ധിച്ച് നടത്തുന്നതിനും നിശ്ചയിച്ചു കഴിഞ്ഞു. അസാദ്ധ്യമെന്ന് കരുതിയിരുന്ന ഇന്റർനാഷണൽ ബസ്സ് ടെർമിനൽ യാഥാർത്ഥ്യമാവുകയാണ്. ഇതിനായി പ്രവർത്തിച്ച എല്ലാവരെയും സംഘടനകളെയും നേതാക്കളെയും ജനപ്രതിനിധികളെയും മന്ത്രിമാരെയും കൊച്ചി നഗരസഭാ കൗൺസിൽ ഈ സന്ദർഭത്തിൽ അനുമോദിക്കുന്നു.

തൃപ്പൂണിത്തുറ ഭാഗത്ത് നിന്നും ആലപ്പുഴ ഭാഗത്ത് നിന്നും വരുന്ന വാഹനങ്ങൾക്കും എറണാകുളം ആലുവ-തമ്മനം ഭാഗങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾക്ക് വൈറ്റില ജംങ്ഷനിൽ ബ്ലോക്ക് സൃഷ്ടിക്കാതെ ബസ്സ് ടെർമിനലിൽ വന്നു പോകുന്നതിനുള്ള സൗകര്യങ്ങളോടെയാണ് ടെർമിനൽ ഡിസൈൻ ചെയ്തിട്ടുള്ളത്. വിസ്തൃതമായ പാർക്കിംഗ് സംവിധാനം ഒരുക്കുന്നതിനും എലിവേറ്റഡ് ഫുട്ട് ബ്രിഡ്ജ് തയ്യാറാക്കുന്നതിനും നിർദ്ദിഷ്ഠ മെട്രോ റെയിൽ സ്റ്റേഷനിൽ നിന്നും തിരിച്ചും ടെർമിനലിലേക്ക് പ്രവേശിക്കുന്നതിനുമുള്ള മാർഗ്ഗവും നിർദ്ദേശിച്ചിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടെ ബസ്സ് ടെർമിനലും പുതിയ കണി യാംപുഴ റോഡും - ഇടപ്പള്ളി - കുണ്ടന്നൂർ എലിവേറ്റഡ് ഹൈവേയും പൂർത്തിയാകുന്നതോടെ കൊച്ചിയുടെ വികസന സ്വപ്നങ്ങളിലൊന്ന് പൂവണിയും. കൊച്ചി നഗരത്തിന്റെ കിഴക്കേകവാടം രാജ്യത്തിന്റെ ശ്രദ്ധാകേന്ദ്രമായി മാറും.

**<u>ജല ഗതാഗതത്തിന് നഗരസഭ 20 ബോട്ടുകൾ വാങ്ങും.</u>**

നഗര ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും ഇന്ധന ലാഭത്തിനും സമയം കുറക്കുന്നതിനും മലിനീകരണം കുറക്കാനും അനുയോജ്യമായ 20 ആധുനിക ബോട്ടുകൾ ജല ഗതാഗതത്തിന് പുതുതായി വാങ്ങുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചു. ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കും. കാക്കനാട്, വരാപ്പുഴ, ഇടക്കൊച്ചി, ഫോർട്ട്കൊച്ചി എന്നീ പ്രദേശങ്ങൾക്കിടയിലുള്ള വിവിധ പ്രദേശങ്ങളെ ബന്ധപ്പെടുത്തി ലോഫ്ളോർ എ. സി ബസ്സിന്റെ മാതൃകയിൽ അതിവേഗ അത്യാധുനിക ബോട്ടുകൾ സർവ്വീസ് നടത്തും. നിലവിലുള്ള ജട്ടികൾ നവീകരിക്കുന്നതിനും ഒഴിച്ചുകൂടാനാവാത്തിടങ്ങളിൽ പുതിയ ബോട്ട് ജെട്ടികൾ സ്ഥാപിക്കുന്നതിനും നഗരസഭയുടെ 20% വിഹിതം ഉൾപ്പെടുത്തുന്നതിനും 2 കോടി രൂപ നീക്കിവെയ്ക്കുന്നു.

വേഗതയും സൗകര്യങ്ങളുമുള്ള ആധുനിക ബോട്ടു സർവ്വീസുകൾ തുടങ്ങുന്നതിന് സ്വകാര്യ സംരംഭകരെ പ്രോൽസാഹിപ്പിക്കും. കൊച്ചിൻ പോർട്ട്, ഇറിഗേഷൻ, ഉൾനാടൻ ജല അതോറിറ്റി തുടങ്ങിയ ഏജൻസികളുടെ സഹായത്തോടെ ജല ഗതാഗതം കൂടുതൽ കാര്യക്ഷമമാക്കും.

**<u>ഫോർട്ട്കൊച്ചി - വൈപ്പിൻ ജങ്കാർ</u>**

ഇരുകരകളെയും ബന്ധിപ്പിച്ച് യാത്രക്കാർക്കും വാഹനങ്ങൾക്കും ഫലപ്രദമായ സൗകര്യം ഒരുക്കുന്നതിന് ജങ്കാർ ഫെറി സർവ്വീസ് കാര്യക്ഷമമാക്കും. കേരള ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനെ നടത്തിപ്പു ചുമതലയേൽപ്പിക്കും.

**<u>ഫോർട്ട് കൊച്ചി ബോട്ട് ജെട്ടി നവീകരണം.</u>**

രാജ്യത്തിന്റെ സുപ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ഫോർട്ട് കൊച്ചിയുടെ തിലകകുറിയായി ബോട്ട് ജെട്ടിയെ അന്താരാഷ്ട്ര നിലവാരത്തിൽ ആധുനാകരിക്കും. നിലവിലെ ജെട്ടിയോട് ചേർന്ന സ്ഥലവും തകരാറിലായ കെട്ടിടവും പൊളിച്ചുമാറ്റി പുതിയ കോമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>സബർബൻ റെയിൽവെ</u>**

നഗരത്തിൽ ഏതെല്ലാം റോഡുകൾ വികസിച്ചാലും മെട്രോ റെയിൽ യാഥാർത്ഥ്യമായാലും മെമു സർവ്വീസ് തുടങ്ങിയാലും ചുറ്റുപാടുകളിലുമായി ആരംഭിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങൾ പൂർത്തിയാവുന്നതോടെ നഗരത്തിലേക്ക് ഒഴുകിയെത്തുന്ന വാഹനങ്ങളുടെയും ജനങ്ങളുടെയും എണ്ണത്തിൽ സങ്കൽപിക്കാനാവാത്ത വർദ്ധനവുണ്ടാവും. ഈ സാമ്പത്തിക വർഷത്തിൽ തന്നെ വല്ലാർപാടം കണ്ടെയ്നൽ ടെർമിനൽ ബർത്ത്, LNG ടെർമിനൽ, കൊച്ചി മെറിന പദ്ധതികൾ കമ്മീഷൻ ചെയ്യും. ഇതൊക്കെ പരിഗണിച്ച് കൊച്ചിക്ക് സബർബൻ റെയിൽ സർവ്വീസ് അനുവദിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയം സന്നദ്ധമാവണം. നിലവിൽ പാത ഇരട്ടിപ്പിക്കലും വൈദ്യൂതീകരണവും പൂർത്തീകരിച്ചിട്ടുള്ള തൃശ്ശൂർ - മുളന്തുരുത്തി - എറണാകുളം സ്റ്റേഷനുകളെ ബന്ധപ്പെടുത്തി ആദ്യഘട്ടമായി സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കണമെന്ന് കേന്ദ്ര റെയിൽവെ മന്ത്രാലയത്തോടാവശ്യപ്പെടുന്നു. സബർബൻ സർവ്വീസിനായി സ്ഥലം ഏറ്റെടുത്ത് ഇരട്ടപാത നിർമ്മിക്കുന്നതിനുള്ള നടപടികൾ സമാന്തരമായി സംസ്ഥാന - കേന്ദ്ര സർക്കാരുകൾ ഏറ്റെടുക്കണം. ജില്ലയിലെ MLA-മാരും MP-മാരും സംസ്ഥാന കേന്ദ്രമന്ത്രിമാരും ഇക്കാര്യത്തിൽ പ്രത്യേകമായ താല്പര്യമെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഓൾഡ് റെയിൽവേ സ്റ്റേഷനും മാർഷലിംഗ് യാർഡും സബർബൻ റെയിൽവേ സർവ്വീസിന്റെയും നിർദ്ദിഷ്ട മെമു സർവ്വീസിന്റെയും കേന്ദ്രങ്ങളാക്കി മാറ്റാൻ കഴിയും.

## റെയിൽ ഓവർ ബ്രിഡ്ജുകൾ

സൗത്ത് ഓവർ ബ്രിഡ്ജിന്റെ വീതി കൂട്ടി വികസിപ്പിക്കുന്നതിന് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നാലു തവണ റെയിൽവേ വകുപ്പുമായി ബന്ധപ്പെടുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തെങ്കിലും അനുമതി ലഭിക്കാത്തതു മൂലം നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. പുതിയ റെയിൽവേ സഹമന്ത്രി ബഹുമാന്യനായ ശ്രി. ഇ അഹമ്മദിന് ആരാധ്യയായ മേയർ നിവേദനം നൽകിയിരുന്നു. എറണാകുളം എം.പി കൂടിയായ മന്ത്രി പ്രൊഫ. കെ. വി തോമസിനും സംസ്ഥാന റെയിൽവേ വകുപ്പിന്റെ ചുമതലയുള്ള ശ്രീ. എം വിജയകുമാറിനും നിവേദനം സമർപ്പിച്ചട്ടുണ്ട്. ദക്ഷിണ റെയിൽവേ ആസ്ഥാനത്ത് നിന്നും അനുമതി ലഭിച്ചാലുടൻ വീതി കൂട്ടി വികസിപ്പിക്കുന്നതിന് നഗരസഭ നടപടി സ്വീകരിക്കും. നഗരസഭയ്ക്ക് സഹായങ്ങൾ നൽകിവരുന്ന ബെറ്റർ കൊച്ചി റെസ്പോൺസ് ഗ്രൂപ്പും അനുമതിക്കായി സമ്മർദ്ദം ചെലുത്തി പോരുന്നുണ്ട്.

നോർത്ത് ഓവർ ബ്രിഡ്ജ് നാലുവരിയായ് വികസിപ്പിക്കുന്നതിന് സംസ്ഥാന കേന്ദ്ര സർക്കാരുകൾ പ്രത്യേക താല്പര്യമെടുക്കണം. രാജാജി റോഡിന്റെയും സലിം രാജൻ റോഡിന്റെയും പുതിയ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ഐലന്റ്, ഇടപ്പള്ളി, പോണേക്കര റെയിൽ ഓവർ ബ്രിഡ്ജുകളും കൂടി നിലവിൽ വന്നാൽ മാത്രമേ നഗര ഗതാഗത കുരുക്കിന് പരിഹാരമുണ്ടാക്കാൻ കഴിയു. ഇക്കാര്യത്തിൽ കേന്ദ്ര റെയിൽ വകുപ്പും സംസ്ഥാന സർക്കാരും അനുകൂല സമീപനം സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ കൗൺസിലിന്റെ കാലയളവിൽ 777 കിലോമീറ്റർ റോഡ് ടാർ ചെയ്യാൻ കഴിഞ്ഞു. 65,18,70,137/- (അറുപത്തിയഞ്ച് കോടി പതിനെട്ട് ലക്ഷത്തി എഴുപതിനായിരത്തി ഒരുനൂറ്റി മുപ്പത്തിയേഴ്) രൂപ റോഡ് നിർമ്മാണത്തിനും റീടാറിംഗിനുമായി ചെലവഴിക്കുകയും ചെയ്തു.

## AC ലോഫ്ളോർ ബസ്സ്.

നഗരത്തിലെ ഗതാഗത തിരക്ക് കുറക്കുന്നതിനും നഗരവാസികൾക്ക് സുഖപ്രദമായ യാത്രക്കും നഗരനവീകരണ പദ്ധതിയിൽ അംഗീകരിച്ചിട്ടുള്ള 200 സിറ്റി ബസ്സുകളിൽ 7 ലോ ഫ്ളോർ ബസ്സുകളുടെ സർവ്വീസ് ആരംഭിക്കാൻ കഴിഞ്ഞു. 15 ബസ്സുകൾ ഏപ്രിൽ മാസത്തിൽ സർവ്വീസ് ആരംഭിക്കും. ഈ സാമ്പത്തിക വർഷത്തിൽ 200 ബസ്സുകളും നിരത്തിലിറക്കാൻ കഴിയും. ഇനിവരുന്ന ബസ്സുകളിൽ ഗണ്യമായ എണ്ണം സിറ്റി സർവ്വീസിന് പ്രയോജനപ്പെടുത്തിയാൽ മാത്രമെ ചെറുവാഹനങ്ങലുടെ എണ്ണത്തിൽ കുറവുണ്ടാക്കാനാവു. നഗരനിവാസികൾക്ക് കൂടുതൽ പ്രയോദനപ്രദമായ മിനി ബസ്സുകളുടെ സ്പെസിഫിക്കേഷൻ ഇൻഡ്യയിൽ ലഭ്യമല്ലാത്തതിനാൽ ഇതുവരെ ലഭിച്ചിട്ടില്ല ഇൻഡ്യൻ കമ്പനികളിൽ ലഭ്യമാവുന്ന മിനി ബസ്സുകൾ വാങ്ങാൻ കഴിയും വിധം സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തി തരണമെന്ന് കേന്ദ്ര നഗരവികസന മന്ത്രാലയത്തോട് സംസ്ഥാന സർക്കാർ വഴി

ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരം നൽകാമെന്ന കേന്ദ്ര നഗരവികസന സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ബസ്സ് റൂട്ടുകളില്ലാത്ത നഗര റോഡുകളിലൂടെ മിനി ബസ്സുകൾ ലഭ്യമാകുന്നതോടെ സർവ്വീസ് ആരംഭിക്കാൻ കഴിയും. ഈ സാമ്പത്തിക വർഷത്തിൽ 200 ബസ്സുകളും സർവ്വീസ് ആരംഭിക്കും.

**പാർക്കിംങ്**

നഗരത്തിലെത്തുന്ന വാഹനങ്ങൾക്ക് പാർക്ക് ചെയ്യാനുള്ള സ്ഥല പരിമിതിയാണ് കൊച്ചി നേരിടുന്ന പ്രധാനപ്പെട്ട മറ്റൊരു ഗതാ-ഗത പ്രശ്നം. സ്ഥാപനങ്ങളും വ്യാപാര ശാലകളും വീടുകൾ പാർക്കിംഗ് സൗകര്യങ്ങളില്ലാതെ പണിതതിന്റെ ദുരിതം ഇന്ന് നഗരവാസികൾ അനുഭവിക്കുകയാണ്. മതിയായ പാർക്കിംഗ് സൗകര്യമില്ലാതെ കെട്ടിട നിർമ്മാണം നടത്താൻ ഈ കൗൺസിലിന്റെ കാലയളവിൽ അനുവദിച്ചിട്ടില്ല. 2010 ലെ കെട്ടിട നിർമ്മാണ ഭേദഗതി ഈ ദിശയിലെ നല്ല ചുവട് വെയ്പാണ്. നിലവിലുള്ള സാഹചര്യത്തിൽ നഗരത്തിലെത്തുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് വിസ്തൃതമായ മറൈൻ ഡ്രൈവിലും, മണപ്പാട്ടി പറമ്പിലും GCDA പേ ആന്റ് യൂസ് പാർക്കിംഗ് എർപ്പെടുത്തിയെങ്കിലും ട്രാഫിക് അധികൃതരുടെ ഇടപെടലിന്റെ അപര്യാപ്തതമൂലം ഇപ്പോഴും ടാർ റോഡുകളിൽ പാർക്കിംഗ് തുടരുകയാണ്. അംബേദ്കർ സ്റ്റേഡിയത്തിലും, ഇന്റർ നാഷണൽ സ്റ്റേഡിയത്തിലും കൂടി പേ ആന്റ് പാർക്ക് സൗകര്യം ഏർപ്പെടുത്തുന്നതിന് പുറമേ ഷേണായീസിനും ജയലക്ഷ്മി ടെക്സ്റ്റയിൽസിനും ഇടയ്ക്കുള്ള നഗരസഭയുടെ സ്ഥലം ടൗൺഹാൾ,പരമാര, കലൂർ എന്നിവിടങ്ങളിൽ കൂടി മൾട്ടി ലെവർ പാർക്കിംഗിന് ഈ സാമ്പത്തീക വർഷത്തിൽ നടപടി സ്വീകരിക്കും. നഗരത്തിൽ നിരവധി സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും പേ ആന്റ് പാർക്കിംഗ് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇതെല്ലാം ഫലപ്രദമാകണമെങ്കിൽ നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിലല്ലാതെയുള്ള പാർക്കിംഗ് കർശനമായി നിരോധിക്കണം. അനധികൃത പാർക്കിംഗിന് എതിരെ ഇടതടവില്ലാതെ നടപടി സ്വീകരിക്കാനും ട്രാഫിക് ഉദ്യോഗസ്ഥർ തയ്യാറാവണം. കൂടുതൽ മികച്ച് പാർക്കിംഗ് സംവിധാനം ഉണ്ടാക്കുന്നതിന് സ്വകാര്യ പങ്കാളിത്തത്തോടും സഹകരണത്തോടും നടപടികൾ സ്വീകരിക്കും. മൾട്ടി ലെവൽ പാർക്കിംഗ് സൗകര്യമൊരുക്കുന്നതിന് ഈ ബഡ്ജറ്റിൽ 1 കോടി രൂപ നീക്കി വെയ്ക്കുന്നു. നഗരത്തിലെ പ്രധാന കേന്ദ്രങ്ങളോട് ചേർന്ന് ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ പെയ്ഡ് പാർക്കിംഗ് ഏരിയകളായി വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കും.

**ട്രാഫിക് സൈനുകൾ - റോഡ് മാർക്കിംഗ്**

ഗതാ-ഗതം കൂടുതൽ ഫലപ്രദമാക്കുന്നതിന് നിയമപ്രകാരമുള്ള റോഡ് മാർക്കിംഗും കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിന് സീബ്രാ ലയിനുകളും ട്രാഫിക് സൈൻ ബോർഡുകളും ആവശ്യത്തിന് സ്ഥാപിക്കും ഈ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ അനുവദിക്കുന്നു.

**ഫുട് ബ്രിഡ്ജുകൾ.**

ഏറെ തിരക്കേറിയ കലൂർ, കച്ചേരിപ്പടി, മേനക, പനമ്പള്ളി നഗർ, മനോരമ, വൈറ്റില, തോപ്പുംപടി, പാലാരിവട്ടം, ജോസ് എന്നീ ജംങ്ഷനുകളിൽ ഫുട് ബ്രിഡ്ജുകൾ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു. സ്വകാര്യ പങ്കാളിത്തം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫുട്പ്പാത്ത് ബ്യൂട്ടിഫിക്കേഷൻ.**

GCDA, PWD എന്നീ ഏജൻസികളുടെ സഹകരണത്തോടെയും MLA ഫണ്ട് ഉപയോഗിച്ചും നഗരത്തിലെ പ്രധാന റോഡുകളിലെ ഫുട്പ്പാത്തുകൾ യൂണികോൺ ടൈൽസ് വിരിച്ച് മനോഹരമാക്കുന്നതിന് വലിയൊരളവോളം കഴിഞ്ഞിട്ടുണ്ട്. SA റോഡ്, ഇടപ്പള്ളി ഹൈക്കോർട്ട് റോഡ് എന്നിവിടങ്ങളിൽ ഈ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓരോ വീടിന്റെയും സ്ഥാപനത്തിന്റെയും ഡോറുകൾക്ക് മുന്നിൽ ഫുട്പ്പാത്ത് താഴ്ത്തി കൊടുക്കുന്ന രീതി കർശനമായും ഒഴിവാക്കിയേ തീരു. വൃദ്ധൻ, വികലാംഗർ എന്നിവർക്ക് മാത്രമല്ല മറ്റുള്ളവർക്കും ഫുട്പ്പാത്തിലൂടെയുള്ള ഇറങ്ങി കയറ്റം പ്രയാസങ്ങൽ സൃഷ്ടിക്കുന്നുണ്ട്. വൃത്തിയും ഭംഗിയുമുള്ള ഫുട്പ്പാത്തുകളാക്കി നഗരത്തിലെ പകുതിയിലധികം നിരത്തുകളെയും മാറ്റി തീർക്കുന്നതിന് കഴിഞ്ഞ ഒരു വർഷത്തിനകം കഴിഞ്ഞിട്ടുണ്ടെങ്കിലും വിവിധ ഏജൻസികളുടെ ഏകോപനത്തിലൂടെ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കുന്നതിനും അവശേഷിച്ചവകൂടി ജനസൗഹൃദ നടപ്പാതകളാക്കി മാറ്റുന്നതിനും ഈ വർഷത്തിൽ നടപടി പൂർത്തീകരിക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

കാനകൾക്കു മുകളിലൂള്ള കവറിംഗ് സ്ലാബുകൾ പൊട്ടി തകർന്നാൽ പരാതി കിട്ടി 24 മണിക്കൂറിനകം സ്ലാബ് മാറ്റിയിടുന്നതിനുവേണ്ടി എല്ലാ സോണൽ ഓഫീസുകളിലും കവറിംഗ് സ്ലാബുകൾ വാർത്തു വെച്ചിട്ടുണ്ട്. ഇത് വേണ്ടത്ര പ്രയോജനപ്പെടുത്തുന്നതിന് ജനങ്ങളും ജനപ്രതിനിധികളും തയ്യാറാവേണ്ടതുണ്ട്. പ്രധാന റോഡുകളിലെ സ്ലാബുള്ള കാനകൾക്കു വേണ്ടിയാണിത്. ബഡ്ജറ്റ് നിർദ്ദേശ പ്രകാരം ചെയ്തിട്ടുള്ളത്.

**ആധുനിക ബസ്സ് ഷെൽട്ടറുകൾ**

പൊതു സ്വകാര്യ മേഖലകളെ ഉപയോഗിച്ച് അത്യാധുനിക രീതിയിലുള്ള വൈദ്യുതീകരിച്ച് 51 ബസ്സ് വെയിറ്റിംഗ് ഷൽട്ടറുകൾ സ്ഥാപിക്കും. ലൈറ്റ്, കുടിവെള്ളം, ഇരിപ്പിടം, പേ ആന്റ് യൂസ് ടോയ്‌ലറ്റ് എന്നീ സൗകര്യങ്ങളോടെ ഏറ്റവും മോഡേണായിട്ടുള്ള ഡിസൈൻ സഹിതം പരസ്യം പതിക്കാനുള്ള അനുമതിയോടെ BOT അടിസ്ഥാനത്തിൽ പ്രവർത്തി നടത്താൻ തയ്യാറുള്ളവരിൽ നിന്നും ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്. 51 കേന്ദ്രങ്ങളിൽ ബസ്സ് ഷെൽട്ടർ നിർമ്മിക്കുന്നതിനായി ടെണ്ടർ പരസ്യം ചെയ്തിട്ടുണ്ട്. മെയ് മാസത്തിനുള്ളിൽ നിർമ്മാണം ആരംഭിക്കും.

## ഗതാഗത ക്രമീകരണം

ട്രാഫിക് മാനേജ്മെന്റ് ടെക്നിക്ക് പ്രയോഗത്തി□ വരുത്തി ചില റോഡുകൾ വൺവേ ആക്കിയും ചില റോഡുകൾ വാഹന ഗതാഗതം ഒഴിവാക്കി കാ□നട യാത്രക്കാർക്ക് മാത്രമായും ഉപയോഗിച്ച് മാറ്റം വരുത്താനാവും.

ട്രാഫിക് സാങ്കേതികത ഉപയോഗിച്ച് വിപുലീകരിച്ച് വൺവെ ആകുന്ന റോഡുകൾ -

1. ചർച്ച് ലാന്റിംഗ് റോഡ് പള്ളിമുക്ക് മുത□ ഫോർഷോർ റോഡു വരെ

2. ഡർബാർ ഹാൾ റോഡ് എം.ജി.റോഡ് മുത□ പാർക്ക് അവന്യൂ റോഡ് വരെ

3. ഹോസ്പിറ്റ□ റോഡ് - പാർക്ക് അവന്യൂ റോഡ് മുത□ എം.ജി.റോഡ് വരെ

4. കാനനൻ ഷെഡ് റോഡ് - മു□ശ്ശേരി കനാ□ റോഡ് പാക്ക് അവന്യൂ റോഡ് മുത□ എം.ജി.റോഡ് വരെ

5. കോൺവെന്റ് റോഡ് - എം.ജി.റോഡ് മുത□ പാർക്ക് അവന്യൂ റോഡ് വരെ

## കാ□നടക്കാർക്ക് മാത്രം

1. ചർച്ച് ലാന്റിംഗ് ക്രോസ് റോഡ്

2. ജസ്റ്റീസ് കെ.ടി. കോശി അവന്യൂ

3. ജസ്റ്റീസ് ചന്ദ്രശേഖര മേനോൻ റോഡ് (ലായം റോഡ്)

4. നാരകത്തറ റോഡ്

5. പി.ടി.ഉഷ റോഡ്

6. ഗോപാല പ്രഭു റോഡ്

7. ഈസ്റ്റ് സന്നിധി റോഡ്

8. ബ്രോഡ്വേ റോഡ്

9. മുസ്ലീം സ്ട്രീറ്റ് ആന്റ് ബെയ്സി□ റോഡ്

10. സിറിയൻ ചർച്ച് റോഡ്

ജി□ാ ഭരണകൂടം, ആർ.ടി.ഒ., ട്രാഫിക് പോലീസ്, വ്യാപാര സംഘടനകൾ, മോട്ടോർ വാഹന സംഘടനകൾ എന്നിവരുമായി കൂടിയാലോചിച്ച് നടപ്പിലാക്കും. 3 കോടി ചെലവ് പ്രതീക്ഷിക്കുന്നു.

**ഓഫ് സ്ട്രീറ്റ് പാർക്കിംഗ്**

എം.ജി.റോഡ്, ബാനർജി റോഡ്, ഷൺമുഖം റോഡ്, ചിറ്റൂർ റോഡ്, എസ്.എ.റോഡ്, പാർക്ക് അവന്യൂ റോഡ്, തുടങ്ങിയ പ്രധാന റോഡുകളി□ പൂർണ്ണമായും പാർക്കിംഗ് നിരോധിക്കുന്നതിനും നിരോധനം നടപ്പിലാക്കുന്നതിനും ശുപാർശ ചെയ്യും. നഗരത്തിലെ ട്രാഫിക് പ്രശ്നം പരിഹരിക്കാൻ സ്ട്രീറ്റി□ നിന്നും മാറിയുള്ള പാർക്കിംഗാണ് ഉചിതമെന്ന് കരുതുന്നു. ഉപയോക്താക്കൾക്ക് പണത്തിനൊത്ത മൂല്യം ഉറപ്പ് വരുത്തുന്ന രീതിയി□ ഉയർന്ന നിലവാരമുള്ള പാർക്കിംഗ് സൗകര്യം ഉറപ്പാക്കും. ഭൂമി ഏറ്റെടുത്ത് പാർക്കിംഗ് സംരംഭങ്ങൾക്കായി 12 കോടി ചിലവി□ കൊച്ചിൻ പാർക്കിംഗ് പദ്ധതി നടപ്പിലാക്കും.

**നായനാർ സ്ക്വയർ**

വൈപ്പിൻ ദ്വീപ് നിവാസികളുടെ ചിരകാല സ്വപ്നമായിരുന്ന ഗോശ്രീ പാലം നിർമ്മിക്കുന്നതിന് ഏറ്റവും പ്രധാന പങ്ക് വഹിച്ച മുഖ്യമന്ത്രി എന്ന നിലയ്ക്ക് വൈപ്പിൻ ബസ്സുകളുടെയും യാത്രക്കാരുടെയും വിശ്രമ കേന്ദ്രത്തിന് നായനാർ സ്ക്വയർ എന്ന് നാമകരണം ചെയ്യുന്നു. ഹൈക്കോടതിക്ക് വടക്ക് ഭാഗത്ത് നായനാർ സ്ക്വയർ നിർമ്മിക്കുന്നതിന് നഗരസഭ ലാന്റ് ഫില്ലിംഗ് കുറെ നടത്തിയെങ്കിലും സമീപത്തുള്ള ചില സർക്കാർ ഏജൻസികൾ തർക്കം ഉന്നയിക്കുകയും വേല തടസ്സപ്പെടുത്തുകയും ചെയ്തതിനെ തുടർന്ന് ഇവിടെ യാതൊരു പ്രവർത്തിയും നടന്നിരുന്നില്ല. തർക്കങ്ങൾ പരിഹരിച്ച് പ്രവർത്തി പൂർത്തീകരിച്ച് ഹൈക്കോടതി ജങ്ഷനിലെ തിരക്ക് ഇല്ലാതാക്കാൻ കഴിയുംവിധം നായനാർ സ്ക്വയർ പൂർത്തീകരിക്കുന്നതിന് 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പണി പൂർത്തിയായാൽ റോഡരികിൽ വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനും, ബസ്സ് വെയിറ്റിംഗ് ഷെഡ്ഡ്, പേ ആന്റ് യൂസ് ടോയ്‌ലറ്റ് എന്നിവ നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കും.

**പെരുമ്പടപ്പ് ബസ്സ് ടെർമിനൽ**

പെരുമ്പടപ്പിൽ ബസ്സ് ടെർമിനൽ നിർമ്മിക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റ് തീരുമാനിച്ചിരുന്നു. നഗരസഭാധികാരികളും MLA-യും ഫിഷറീസ്-രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് കായൽ ഡ്രഡ്ജ് ചെയ്ത് മണ്ണടിച്ച് നഗരസഭയ്ക്ക് ഫ്രീ സറണ്ടർ ലഭിച്ച് സ്ഥലവും - പകരമായി ഉടമയുടെ ബാലൻസുള്ള സ്ഥലവും വികസിപ്പിച്ചിരുന്നു. ആരാധ്യയായ മേയറുടെ സാന്നിദ്ധ്യത്തിൽ ഡിവിഷൻ കൗൺസിലർ ഉൾപ്പെടെ പങ്കെടുത്ത് നടത്തിയ ചർച്ചയുടെ തീരുമാനപ്രകാരം സറണ്ടർ കച്ചീട്ട് നഗരസഭയുടെ പേരിൽ ലഭിക്കാത്തത് കൊണ്ട് എസ്റ്റ്മേറ്റും ഡിസൈനും തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. സാങ്കേതിക തടസ്സങ്ങൾ മാറ്റി സറണ്ടർ കച്ചീട്ടും ലൊക്കേഷൻ സ്കെച്ചും സംഘടിപ്പിച്ച് - ഡിസൈനും എസ്റ്റിമേറ്റും

തയ്യാറാക്കി ഈ സാമ്പത്തിക വർഷത്തിൽ പെരുമ്പടപ്പ് ബസ്സ് സ്റ്റാന്റ് ആന്റ് കോമേഴ്സ്യൽ കോംപ്ലക്സ് നിർമ്മാണവും കമ്മ്യൂണിറ്റി ഹാളിന്റെയും നിർമ്മാണം ആരംഭിക്കും. അവശേഷിക്കുന്ന സ്ഥലം നഗരസഭ നികർത്തിയെടുക്കുന്നതാണ്. ഇതിനായി 5 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>പെരുമ്പടപ്പ് ബസ് സ്റ്റാന്റ്</u>**

ഉഭയകക്ഷി ധാരണ പ്രകാരം അവശേഷിക്കുന്ന സ്ഥലം നഗരസഭ നികത്തുന്നതാണ്. ഫ്രീസറണ്ടർ ലാന്റ് കച്ചീട്ട് വാങ്ങി ഡവലപ്പ്മെന്റ് പൂർത്തീകരിച്ച് ഓഡിറ്റോറിയും കം ഷോപ്പിംഗ് കോംപ്ലക്സും ബസ്സ് ടെർമിനലും ഈ വർഷം നിർമ്മാണം ആരംഭിക്കും.

**<u>ഫോർട്ട് കൊച്ചി ബസ് സ്റ്റാന്റ്</u>**

ടൂറിസ്സം ഡിപ്പാർട്ട്മെന്റ് ഫോർട്ട് കൊച്ചി ബസ്സ് സ്റ്റാന്റിനോടനുബന്ധിച്ച് ഒരു കോമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിച്ച് നഗരസഭയെ ഏൽപിക്കുകയുണ്ടായി. നഗരസഭയ്ക്ക് അനുവദിച്ച് വാണിജ്യ ആവശ്യങ്ങൾക്കുള്ള മുറികൾ ലേലം ചെയ്ത് കൊടുത്തെങ്കിലും എൻജിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥ മൂലം രണ്ട് വർഷമായിട്ടും വൈദ്യുതി, ശുദ്ധജലം എന്നിവ എത്തിക്കുന്നതിനോ, ഷട്ടർ സ്ഥാപിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല. നഗരസഭയ്ക്ക് ഭീമമായ നഷ്ടം വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അടിയന്തിരമായും പ്രവർത്തി പൂർത്തീകരിച്ച് കോംപ്ലക്സ് തുറന്ന് കൊടുക്കും.

ബസ് ടെർമിനൽ നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിന്റെ പൂർത്തീകരണത്തിന് 85 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്. ടൂറിസ്സം മേഖലയുടെ പ്രധാന്യം കൂടി കണക്കിലെടുത്ത് ബസ്സ് സ്റ്റാന്റ് വിപുലീകരിക്കുന്നതിന് ബസ്സ് സ്റ്റാന്റിനോട് ചെർന്ന് ഒഴിഞ്ഞ് കിടക്കുന്ന സ്ഥലം കൂടി ഏറ്റെടുത്ത് ബസ്സ് ടെർമിനൽ വിപുലീകരിക്കും. ഒന്നാം ഘട്ടമായി 50 ലക്ഷം രൂപ അനുവദിക്കുന്നു.

**<u>നഗരസഭാ റോഡുകൾ പൂർണ്ണം.</u>**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള 99% ടാർ റോഡുകളും ടാറിംഗ് ജോലികൾ പൂർത്തീകരിക്കാൻ കഴിഞ്ഞെന്ന യാതാർത്ഥ്യം നിറഞ്ഞ സംതൃപ്തിയോടെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ഒറ്റപ്പെട്ട ചില പോക്കറ്റ് റോഡുകൾ മാത്രമാണ് അവശേഷിക്കുന്നത്. അതെല്ലാം തന്നെ രണ്ട് മാസങ്ങൾക്കകം പൂർണ്ണമായും റീടാറിംഗ് ജോലികൾ പൂർത്തീകരിക്കാൻ കഴിയും നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

മട്ടാഞ്ചേരി, പള്ളൂരുത്തി മണ്ഡലങ്ങളിൽ നഗരസഭയുടെ നിരവധി റോഡുകൾ വി. കെ ഇബ്രാഹിം കുഞ്ഞ്, സി. എം. ദിനേശ് മണി എന്നീ എം.എൽ.എ മാർ തങ്ങളുടെ ഫണ്ടുപയോഗിച്ച് ടാറിംഗ് നടത്തി തന്നിട്ടുണ്ടെന്നത് കൃതജ്ഞതയോടെ ഓർമ്മിക്കുന്നു. ഈ ഭാഗങ്ങളിൽ PWD റോഡുകളും പൂർണ്ണമായും മെയിന്റനൻസ്

നടത്തി കഴിഞ്ഞിട്ടുണ്ട്. നാഷണൽ ഹൈവേ 47 വൈറ്റില മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗങ്ങളും സർവ്വീസ് റോഡും കൂടുതൽ മോശമായി വരുകയാണ്. ഹൈക്കോർട്ട് മുതൽ ഗോശ്രീ വരെയുള്ള എബ്രഹാം മാടമാക്കൽ റോഡ് ജിഡ ചെയ്യേണ്ടതാണ്. ഒറ്റപ്പെട്ട് ചില PWD റോഡുകൾ മോശമായി കിടക്കുന്നുണ്ട്. എന്നാൽ മുൻപൊരിക്കലും ഉണ്ടാകാത്തവിധം നഗരത്തിനകത്തെ റോഡുകളാകെ കുറ്റമറ്റ രീതിയിൽ ഗതാഗതയോഗ്യമാക്കാൻ സാധിച്ചതിൽ വർക്സ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിരന്തരവും തുടർച്ചയുള്ളതുമായ ഇടപെടൽ സഹായിച്ചിട്ടുണ്ട് ചെയർമാനെയും കമ്മിറ്റിയംഗങ്ങളെയും അഭിനന്ദിക്കുന്നു.

**<u>പൊതുമരാമത്ത് വേലകൾക്ക് മുൻഗണന</u>**

നഗരസഭയുടെ സാധാരണ റോഡ്, കാന എന്നീ വർക്കുകളിൽ നിന്നും പാലങ്ങൾ, പ്രധാന കൾവർട്ടുകൾ, കെട്ടിട നിർമ്മാണം, നഗരസഭാ കെട്ടിടങ്ങളുടെ മെയിന്റനൻസ് എന്നീ പൊതുമരാമത്ത് വേലകൾ വ്യത്യസ്തമാണ്. മെറ്റീരിയൽസിനും പ്രത്യേകിച്ച് സ്കിൽഡ് ജോലി ചെയ്യുന്ന തൊഴിലാളികൾക്കും രൊക്കം പണം കൊടുക്കേണ്ടിവരുന്നത് കൊണ്ട് ജോലി ചെയ്ത് എട്ടോ പത്തോ പന്ത്രണ്ടോ മാസങ്ങൾക്ക് ശേഷം ബിൽ തുക സീനിയോരിറ്റി പ്രകാരം കൊടുക്കുന്ന നിലവിലുള്ള രീതിയിൽ ആരുംതന്നെ വേലകൾ ഏറ്റെടുക്കുന്നില്ല. കഴിഞ്ഞ നാലര വർഷത്തെ അനുഭവം കൂടി കണക്കിലെടുത്ത് കെട്ടിടങ്ങൾ, പാലങ്ങൾ, കലുങ്കുകൾ, നഗരസഭാ കെട്ടിടങ്ങളുടെ മെയിന്റനൻസ്, കവറിംഗ് സ്ലാബ്ബ് മാത്രമായി നിർമ്മിക്കുന്നത് എന്നീ വേലകൾക്ക് പാർട്ട് ബില്ല് കൊടുക്കുന്നതിനും ജോലി പൂർത്തീകരിച്ചാൽ ഉടനെ ബിൽ തുക കൊടുക്കുന്നതിനും പ്രയോറിട്ടിയിൽ ഒന്നാം പരിഗണന കൊടുക്കുന്നതിനും തീരുമാനിക്കുന്നു.

**<u>ലാന്റ് അക്വിസിഷൻ</u>**

നഗരവികസനത്തിന് പുതിയ റോഡുകൾ നിലവിലുള്ള റോഡുകളുടെ വികസനം പാലങ്ങൾ ഫ്ളൈ ഓവറുകൾ റയിൽ ഓവർ ബ്രിഡ്ജുകൾ കളിസ്ഥലങ്ങൾ കമ്മ്യൂണിറ്റി ഹാളുകൾ അങ്കണവാടികൾ തുടങ്ങി ഏതെങ്കിലും ആവശ്യങ്ങൾക്കായി സ്ഥലം പൊന്നുംവിലക്ക് ഏറ്റെടുക്കുന്നതിന് കൗൺസിൽ തീരുമാനമെടുത്താൽ ലാന്റ് അക്വിസിഷൻ വേണ്ടെന്ന വീണ്ടും കൗൺസിൽ തീരുമാനമെടുക്കാത്തിടത്തോളം കാലം ടി സ്ഥലത്ത് എന്തെങ്കിലും തരത്തിലുള്ള നിർമ്മാണ പ്രവർത്തനം നടത്തുന്നതിനോ ലാന്റ് ഡെവലപ്പ് ചെയ്യുന്നതിനോ അനുവദിച്ചുകൂടാ. പെർമിറ്റ് കൊടുക്കാൻ പാടില്ല. കൗൺസിൽ റെസല്യൂഷൻ എടുത്താൽ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളിൽ താഴെ തലം വരെ അതിന്റെ സർവ്വേ നമ്പരും മറ്റ് ഡീറ്റയിൽസും സ്കെച്ചും ഉണ്ടാവണം. ഏറ്റെടുക്കാൻ കൗൺസിൽ തീരുമാനമെടുത്ത ശേഷം നിർമ്മാണാനുമതി കൊടുത്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കടുത്ത നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുന്നു.

ഗോശ്രീ - മാമംഗലം, തമ്മനം - പുല്ലേപ്പടി ഫ്ളൈ ഓവറുകൾക്ക് വേണ്ടി ചർച്ച് ലാന്റിംഗ് റോഡ്, അറ്റ്ലാന്റിസ് റെയിൽ ഓവർ ബ്രിഡ്ജ് എന്നിവിടങ്ങളിലെ വകസനപ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുക്കുന്നതിന് 900 കോടി രൂപയോളം വേണ്ടി വരുമെന്നാണ് ഏകദേശ കണക്ക്. ഓരോ പ്രത്യേക പദ്ധതികളുടെയും ലാന്റ് അക്വിസിഷൻ അവാർഡാകുന്ന മുറക്ക് സർക്കാരിന്റെ സഹായത്തോടെ ആവശ്യമായ ഫണ്ട് കണ്ടെത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു. ബ്രഹ്മപുരം പദ്ധതിക്ക് 85 കോടി രൂപയും നെട്ടൂർ ശുദ്ധജല വിതരണ പദ്ധതിക്കാവശ്യമായ തുകയും ഇതിനകം സർക്കാർ അനുവദിച്ച് തരുകയുണ്ടായി. പരമാവധി വികസനത്തിനാവശ്യമായ സ്ഥലം ഫ്രീസറണ്ടറായി ലഭ്യമാക്കുന്നതിനും ഓരോ പദ്ധതിക്കും പ്രത്യേകം പ്രത്യേകം DTP സ്കീം തയ്യാറാക്കി അതുവഴിയും, ടോൾ പിരിവിന് കൗൺസിൽ തീരമാനിക്കുന്ന പ്രത്യേക പദ്ധതികൾക്ക് വായ്പ തരപ്പെടുത്തിയും ജിഡ, പോർട്ട്, GCDA, റെയിൽ വികാസ് നിഗം ലിമിറ്റഡ്, നഗരത്തിലെ വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, ബിൽഡർമാർ എന്നിവരുടെ പങ്കാളിത്തത്തോടെയും ഈ പദ്ധതികളാകെ ഏറ്റെടുത്ത് പൂർത്തീകരിക്കാൻ കഴിയും. റിട്ടയേർഡ് തഹസീൽദാർ ശ്രീ. പൊന്നപ്പന്റെ നേതൃത്വത്തിലുള്ള ടീം പൊന്നുംവില നടപടികൾ വേഗത്തിലാക്കി പോകുന്നതിനും- സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അനുമതി നേടിയെടുക്കുന്നതിനും പ്രശംസാർഹമായ പ്രവർത്തനങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. പള്ളുരുത്തി, ഫോർട്ട് കൊച്ചി മേഖലകളിലെ സർവ്വേയർമാരുടെ കുറവ് ഒഴിവുള്ള തസ്ഥികകളിലേക്ക് കരാർ നിയമനം നടത്തി പരിഹരിക്കും.

## ഖരമാലിന്യ സംസ്കരണം-മാതൃകാ നഗരമായി കേന്ദ്ര സർക്കാർ അംഗീകാരം

ചുരുങ്ങിയ കാലയളവ് കൊണ്ട്തന്നെ ഖലമാലിന്യ സംസ്കരണ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാകുന്ന നിരവധി പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുവാൻ കൊച്ചി നഗരസഭയ്ക്ക് കഴിഞ്ഞു എന്നുള്ളത് ഏവരാലും അംഗീകരിക്കപ്പെട്ട വസ്തുതയാണ്. ഡസ്റ്റ് ബിന്നുകൾ നിറഞ്ഞിരുന്ന തെരുവോരങ്ങൾ കൊച്ചിക്കിന്നന്യമാണ്. പരിഹരിക്കപ്പെടേണ്ട ചില പ്രശ്നങ്ങൾ ഇനിയും ബാക്കി നിൽക്കുന്നവെങ്കിലും ബ്രഹ്മപുരത്തെ ആധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റിനെ കണ്ടില്ലെന്ന് നടിക്കുവാൻ ആർക്കും സാധിക്കില്ല. തീർച്ചയായും ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ് നേതൃത്വം നൽകുന്ന ഭാരത സർക്കാർ കൊച്ചി നഗരസഭയുടെ ഖരമാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങളെ അംഗീകരിച്ചിരിക്കുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ് ഈ മേഖലയിലെ മികവിന് നമുക്ക് ലഭിച്ച ബെസ്റ്റ് സിറ്റി അവാർഡ്.

**ബ്രഹ്മപുരം പ്ലാന്റ് - നിജസ്ഥിതി**

പ്ലാന്റിന്റെ നിർമ്മാണ ചുമതല കരാറെടുത്തിരുന്ന APTDC-യും കൺസൾട്ടന്റ് FEDO-യും കരാർ ലംഘനം നടത്തുകയും കുറ്റമറ്റ രീതിയിൽ നിർമ്മാണം പൂർത്തീകരിച്ച് കൈമാറണമെന്ന വ്യവസ്ഥ ലംഘിക്കുകയും ചെയ്തതുമൂലം ബഹു. ഹൈക്കോടതിയിൽ നഷ്ടപരിഹാരം ആവശ്യപ്പെട്ട് കേസ് നടത്തി വരികയാണ് ഈ ഇനത്തിൽ നൽകാനുള്ള 1 കോടി 96 ലക്ഷം രൂപ നൽകാതെ തടഞ്ഞുവെച്ചിട്ടുണ്ട്.

APTDC-യുടെ പക്കൽ നിന്നും നഗരസഭ ഏറ്റെടുത്ത് പ്രവർത്തനം നേരിട്ട് നടത്തി വരികയാണ്. കോഴിക്കോട് റീജിയണൽ എൻജിനീയറിംഗ് കോളേജിന്റെ ഈ വിഷയത്തിൽ പ്രാഗൽഭ്യമുള്ള വിഭാഗത്തെ ചുമതലപ്പെടുത്തി പ്ലാന്റിന്റെ അപാകതകളെ കുറിച്ചും ഇനി നടത്തേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചും പഠന റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞു. TCC മുൻ എം.ഡിയും ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സിന്റെ പ്രസിഡന്റും ആയിരുന്ന ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ സ്പെഷ്യൽ സെക്രട്ടറി ഡോ. എം. പി സുകുമാരൻ നായർ, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള വിദഗ്ദർ തുടങ്ങി നിരവധി സാങ്കേതിക വിദഗ്ദർ പ്ലാന്റ് പരിശോധിക്കുകയുണ്ടായി.

പ്ലാന്റ് സ്ഥാപിച്ചിട്ടുള്ള നിലം താഴേക്ക് ഇരിക്കുന്നത് മുലം യന്ത്രങ്ങൾ നിന്നു പോകുന്ന സ്ഥിതി ഇടയ്ക്കുണ്ടാവാറുണ്ട്. യന്ത്രങ്ങൾ തൽക്കാലത്തേക്ക് അഴിച്ചു മാറ്റി ആയത് ഉറപ്പിക്കേണ്ട സ്ഥലത്ത് മാത്രം അഡീഷണൽ പൈലിംഗ് നടത്തി യാർഡ് കോൺക്രിറ്റ് ചെയ്ത് ബലപ്പെടുത്തിയ ശേഷം വീണ്ടും യന്ത്രങ്ങൾ സ്ഥാപിച്ച് പ്ലാന്റ് മികച്ച നിലയിൽ പ്രവർത്തിപ്പിക്കാൻ കഴിയും. ഈ പ്രവർത്തി പൂർത്തീകരിക്കുന്നത് വരെ താൽക്കാലികമായി വിൻഡ്രോ കമ്പോസ്റ്റ് ഉണ്ടാക്കി സംസ്കരണം തുടരാൻ കഴിയും.

മെയിന്റനൻസ് വേലകളും തുടർ നടത്തിപ്പും സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്പ്മെന്റിനെ ഏൽപിച്ചുകഴിഞ്ഞു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അക്രഡിറ്റഡ് ഏജൻസിയായ C-ed-നെ ഏൽപിച്ചതുമൂലം ഒരു ടൺ മാലിന്യ സംസ്കരണത്തിന് 1236/- രൂപ ചെലവാകുമായിരുന്ന സ്ഥാനത്ത് 250/- രൂപയ്ക്ക് സംസ്കരണം നടത്താൻ കഴിയുന്ന സ്ഥിതിയുണ്ടാക്കാൻ കഴിഞ്ഞു. പ്രതിവർഷം ആറുകോടിയിലധികം രൂപ നഷ്ടപ്പെടാതെ സംരക്ഷിക്കാനായിട്ടുണ്ട്. പ്ലാന്റിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 8 കോടി രൂപ വകയിരുത്തുന്നു.

**ബ്രഹ്മപുരത്തിന് മാസ്റ്റർ പ്ലാൻ**

നഗരസഭയുടെ ബ്രഹ്മപുരത്തെ 104 ഏക്കർ സ്ഥലത്തിന് ഒരുമാസത്തിനകം പ്രത്യേകമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കും. മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ കടമ്പ്രയാർ ടൂറിസത്തിന് മിഴിവേകാൻ കഴിയുന്ന വിധം പദ്ധതികൾ ആവിഷ്കരിക്കും. ഔഷധ തോട്ടം, പുഷ്പോദ്യാനം, പച്ചക്കറി കൃഷി, ഫല വൃക്ഷങ്ങൾ, നഗരസഭാ വർക്ക്ഷോപ്പ്, സർവ്വീസ് സ്റ്റേഷൻ, ഗസ്റ്റ് ഹൗസ്, ആധുനിക

അറവുശാല, പ്ലാസ്റ്റിക് സംസ്കരിച്ച് ക്രൂഡ് ഓയിൽ നിർമ്മിക്കുന്ന ഫാക്ടറി, ഡ്രൈനേജ്, റോഡുകൾ, കുളങ്ങളുടെ സംരക്ഷണം തുടങ്ങിയ ഇതിന്റെ ഭാഗമായിരിക്കും. സാങ്കേതീക വിദഗ്ദരും വനം പരിസ്ഥിതി വിദഗ്ദരും ഹോർട്ടി കോർപ്പ് സൊസൈറ്റി തുടങ്ങിയവരുമായി ചർച്ച ചെയ്ത് പദ്ധതി നടപ്പിലാക്കും. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**ആർ.ഡി.എഫ് പ്ലാന്റ്**

RDF പ്ലാന്റ് കരാറെടുത്ത കമ്പനി കഴിഞ്ഞ വർഷം തന്നെ പ്രവർത്തനം ആരംഭിച്ചെങ്കിലും സാങ്കേതീക കാരണങ്ങളാൽ പ്ലാന്റുമായി ബന്ധുപ്പെട്ട മെഷിനറി ഉറപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് സോയിൽ ടെസ്റ്റ് നടത്തുന്നതിന് CUSAT -നെ ഏൽപിക്കുകയാണുണ്ടായത്. മണ്ണ് പരിശോധിച്ച് റിസൾട്ട് ലഭിക്കുന്നതിനും പൈലിംഗിന്റെ ടെണ്ടർ നടപടികൾക്കും ഉണ്ടായ കാലതാമസം മൂലം RDF പ്ലാന്റ് സ്ഥാപിക്കാനായിരുന്നില്ല.

പൈലിങ്ങും തറ കോൺക്രീറ്റിംഗും പൂർത്തീകരിച്ച് പ്ലാന്റ് ബ്രഹ്മപുരത്തെത്തിച്ച് അത് ഉറപ്പിക്കുന്ന ജോലികൾ നടന്നു വരുന്നു. ഏപ്രിൽ 10-നകം പൂർത്തീകരിക്കും 2010 ഏപ്രിൽ 16-ന് ഉദ്ഘാടനം നിർവ്വഹിക്കും. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഗുണപരമായ ദിശമാറ്റത്തിന് ഇതോടെ തുടക്കമാകും.

**മാലിന്യത്തിൽ നിന്നും വൈദ്യുതി.**

സംസ്ഥാനത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം മാലിന്യത്തിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കൊച്ചി നഗരസഭ തീരുമാനിക്കുന്നു. മാലിന്യം സംസ്കരിച്ച് വളമാക്കുന്ന പ്രക്രീയയിൽ പുറംതള്ളുന്ന റിജക്ഷനും മരങ്ങളും ഉപയോഗിച്ച് നിർമ്മിക്കുന്ന പെല്ലറ്റ് കട്ടകളിൽ നിന്നും 2 മെഗാ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഏപ്രിൽ മാസത്തിൽ ആരംഭിക്കും. നഗരസഭയ്ക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതകളും ഇല്ലാതെ സർക്കാരിന്റെ സഹകരണത്തോടെ വൈദ്യുതി ഉദ്പാദിപ്പിക്കുന്ന പ്രക്രിയക്ക് കൊച്ചി തുടക്കം കുറിക്കും. ആദ്യഘട്ടത്തിൽ 1 മെഗാവാട്ട് വൈദ്യുതി ഉദ്പാദിപ്പിക്കും. ഈ കൗൺസിലിന്റെ കാലാവധിക്കുള്ളിൽ വൈദ്യുതി ഉദ്പാദനം ആരംഭിക്കും.

**വെയ്സ്റ്റ് ഈസ് വെൽത്ത് (Waste is Wealth)**

ചുരിട്ടിക്കൂട്ടി വലിച്ചെറിയുന്ന കടലാസ്സുകളും പ്ലാസ്റ്റിക് ഉല്പന്നങ്ങളും, ഇരുമ്പ് ഐറ്റംസും വേർതിരിച്ച് ശേഖരിക്കുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ ഡിവിഷനുകളിൽ ആരംഭിച്ചു കഴിഞ്ഞു. ഒരു കിലോ ഇരുമ്പ് - പ്ലാസ്റ്റിക് ഐറ്റംസിന് 2.50 പൈസയും പേപ്പർ ഐറ്റംസിന് 4/- രൂപയും കൊടുക്കുന്നുണ്ട്.

മുന്നു മാസത്തിനകം മുഴുവൻ ഡിവിഷനുകളിലേക്കും ഈ പ്രവർത്തി വ്യാപിപ്പിക്കുന്നതാണ്. നഗരസഭയ്ക്ക് പ്രത്യേക സാമ്പത്തിക ബാധ്യത വരുന്നില്ല എന്ന് മാത്രമല്ല ഇത് നടപ്പിലാക്കിയ ഡിവിഷനുകളിൽ നിന്നും അലിയുന്ന മാലിന്യം മാത്രമേ ബ്രഹ്മപുരത്തേക്ക് കൊണ്ടുപോകുന്നുള്ളു. ഇത് മുലം ലോറിയുടെ ഉപയോഗം നല്ലതുപോലെ കുറക്കാനും അത് വഴി ലോറി വാടക കുറച്ചുകൊണ്ടുവരാനും കഴിയും.

**പ്ലാസ്റ്റിക്കിൽ നിന്നും പെട്രോൾ**

പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും ക്രൂഡ് ഓയിൽ ഉല്പാദിപ്പിക്കുന്ന പുതിയ പ്ലാന്റ് ബ്രഹ്മപുരത്ത് സ്ഥാപിക്കും. യന്ത്രങ്ങളുടെ തേയ്മാന ചെലവ് ഉൾപ്പെടെ വെയ്സ്റ്റ് പ്ലാസ്റ്റിക്കിൽ നിന്നും ഒരു ലിറ്റർ ക്രൂഡ് ഓയിൽ ഉല്പാദിപ്പിക്കുന്നതിന് 12 രൂപ മാത്രമേ ഉല്പാദന ചെലവ് വരുന്നുള്ളു.(ഒരു പ്ലാന്റിൽ പ്രതിദിനം 7 മുതൽ 20 ടൺ വരെ പ്ലാസ്റ്റിക് സംഭരിക്കാൻ കഴിയും) പോളണ്ടിന്റെ ടെക്നോളജി ഉപയോഗിച്ച് TVS വികസിപ്പിച്ചെടുത്ത പ്ലാന്റ് ചെന്നെയിൽ ആലത്തൂരിൽ നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതേ മാതൃകയിൽ ബ്രഹ്മപുരത്ത് പണിയുന്ന പ്ലാന്റ് പൂർത്തിയാകുന്നതോടെ കൊച്ചി നഗരത്തിലേയും ജില്ലയിലാകെയുള്ള പ്ലാസ്റ്റിക് മാലിന്യം സൃഷ്ടിക്കുന്ന പാരിസ്ഥിതികവും മറ്റുമായ പ്രത്യാഘാതങ്ങൾക്ക് വലിയോരളവു വരെ പരിഹാരമാകും.

നമ്മുടെ കടലിനേയും കായലുകളെയും കനാലുകളെയും മണ്ണിനെയും ആകെ നാശോന്മുഖമാക്കുന്ന പ്ലാസ്റ്റിക് മാലിന്യത്തെ മലിനീകരണമില്ലാതെ രാജ്യത്തിന്റെ സമ്പത്തായ ഊർജമാക്കി മാറ്റാനും സംസ്ഥാനത്തെയാകെ പ്ലാസ്റ്റിക് മാലിന്യത്തിൽ നിന്നും മോചിപ്പിക്കുന്നതിനുമായുള്ള പുതിയ വികസന മാതൃക ഞങ്ങൾ അഭിമാന പുരസ്സരം കൊച്ചി നിവാസികൾക്ക് സമർപ്പിക്കുന്നു.

**GPRS വെഹിക്കിൾ ട്രാക്കിംഗ്**

നഗസഭയുടെ ഗാർബ്ബേജ് കയറ്റി ബ്രഹ്മപുരത്തെത്തിക്കുന്ന വാഹനങ്ങളുടെ റൂട്ട്മാപ്പ് നിശ്ചയിച്ച് ഒരു കേന്ദ്രത്തിലിരുന്ന് കൺട്രോൾ ചെയ്യാൻ കഴിയുന്ന GPRS വെഹിക്കിൾ ട്രാക്കിംഗ് ഈ വർഷം നടപ്പിലാക്കുന്നതാണ്. ഇതിനായി ബഡ്ജറ്റിൽ 50 ലക്ഷം രുപ വകയിരുത്തുന്നു.

**ഫോർട്ട് കൊച്ചി "0" വെയ്സ്റ്റ് ടൂറിസ്റ്റ് ഡസ്റ്റിനേഷൻ പ്രോജക്ട്**

ഫോർട്ട്കൊച്ചിയെ കൂടുതൽ മികവുറ്റതാക്കി മാറ്റുന്നതിന് കോവളം ബീച്ചിൽ "**തണൽ**" എന്ന NGO സംഘടന ആവിഷ്കരിച്ച് കുടുംബശ്രീ വഴി നടപ്പിലാക്കിയിട്ടുള്ള ശുചീകരണ പ്രോജക്ട് മോഡലായെടുത്തുകൊണ്ട് കൊച്ചിക്ക് സ്വീകാര്യവും അനുയോജ്യവുമായ വിധം പ്രോജക്ട് തയ്യാറാക്കി ആറുമാസങ്ങൾക്കകം നടപ്പിലാക്കും. പദ്ധതി നടപ്പിലാക്കുന്നതോടെ 24 മണിക്കൂറും ഈ പ്രദേശം മാലിന്യ രഹിതവും ശുചിത്വമുള്ളതുമായി സംരക്ഷിക്കും. പേ ആന്റ് യൂസ് ടോയ്‌ലറ്റ്

കുടിവെള്ള ലഭ്യത എന്നിവ ഉറപ്പാക്കും. കുടുംബശ്രീ പടിഞ്ഞാറൻ മേഖല (UPAD) പദ്ധതിക്ക് നേതൃത്വം കൊടുക്കും 40 ലക്ഷം രൂപ അനുവദിക്കുന്നു.

**<u>കൊച്ചി നഗരത്തിന് സാനിട്ടേഷൻ പ്ലാൻ</u>**

കൊച്ചി നഗരസഭ, തൃപ്പൂണിത്തുറ, കളമശ്ശേരി, തൃക്കാക്കര, മരട് മുനിസിപ്പാലിറ്റികൾ, വടവുകാട് - പുത്തൻകുരിശ്, തുരിവാങ്കുളം, ഏരൂർ ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങലുടെ ഖരമാലിന്യ സംസ്കരണം സാധ്യമാകും വിധം ബ്രഹ്മപുരത്തെ 15000 Sqft വരുന്ന ഉറച്ച കരഭൂമിയിൽ പ്ലാന്റിന്റെ രണ്ടാം ഘട്ടം വികസനം പൂർത്തീകരിക്കും. 300 ടൺ മാലിന്യം സംസ്കരിക്കാൻ കഴിയുംവിധം നിലവിലുള്ള പ്ലാന്റ് നവീകരിക്കും.

മാലിന്യ രഹിത കൊച്ചിയെ സൃഷ്ടിക്കുന്നതിലും അത്യാധുനിക സംസ്കരണ മാർഗ്ഗങ്ങൾ അവലംബിച്ച് പൊതുജനാരോഗ്യ പരിപാലന ശുചികരണ രംഗത്ത് കൊച്ചിയെ മാതൃകാ നഗരമാക്കി മാറ്റുന്നതിനും നേതൃത്വം കൊടുക്കുന്നത് ശ്രീ. എൻ.എ മണിയുടെ നേതൃത്തത്തിലുള്ള ആരോഗ്യ-വിദ്യാഭ്യാസ കമ്മിറ്റിയാണ്. ഹെൽത്ത് സർക്കിൾ അടിസ്ഥാനത്തിൽ കൗൺസിലേഴ്സ്, എച്ച്.ഐമാർ, ജെ.എച്ച്.ഐമാർ, കണ്ടിജന്റ് തൊഴിലാളികൾ റസ്സിഡന്റ്സ് അസ്സോസിയേഷൻ ഭാരവാഹികൾ, വ്യാപാര വ്യാവസായ സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗങ്ങൾ വിളിച്ച് കൂട്ടിയും നഗരസഭാ തലത്തിലും ഡിവിഷൻ തലത്തിലും നിരവധി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചതിന്റെ ഫലമാണ് നഗരസഭയെ ഇന്നത്തെ ഗുണ പരമായ മാറ്റത്തിലേക്ക് എത്തിച്ചത്. ശുചീകരണം, സാനിട്ടേഷൻ, ആരോഗ്യ പരിപാലന രംഗത്ത് നേതൃത്വം കൊടുത്ത് പോരുന്ന ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയെ പ്രത്യേകം അഭിനന്ദിക്കുന്നു.

**<u>പേ ആന്റ് യൂസ് ടോയ്ലറ്റുകൾ.</u>**

സ്വകാര്യ പങ്കാളിത്തത്തോടെ നഗരത്തിൽ പേ ആന്റ് യൂസ് ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിന് ബെറ്റർ കൊച്ചി റെസ്പോൺസ് യൂണിറ്റിന്റെ ഡിസൈൻ സഹിതം കഴിഞ്ഞ ബഡ്ജറ്റ് തീരുമാനിച്ചിരുന്നെങ്കിലും ജനതിരക്കേറിയ ജങ്ഷനുകളിൽ നഗരസഭയ്ക്കോ സർക്കാരിനോ ഓഴിഞ്ഞുകിടക്കുന്ന സ്ഥലം ഇല്ല. എന്നാൽ തയ്യാറാക്കിയിട്ടുള്ള ഡിസൈൻ 1000-1500 സ്ക്വയർ ഫീറ്റിന്റേതായിരുന്നു. BOT അടിസ്ഥാനത്തിൽ ടെണ്ടർ വിളിച്ചപ്പോൾ മാധ്യമങ്ങളിലുടെ ഡസൺ കണക്കിന് ഏജൻസികൾ സന്നദ്ധതി അറിയിച്ച് പബ്ലിസിറ്റി നേടുകയും നഗരസഭയുടെ കുഴപ്പം കൊണ്ട് മാത്രമാണ് നടക്കാത്തതെന്ന വരുത്തുകയും ചെയ്യുന്നവർ ആരും തന്നെ ടെണ്ടറിൽ പങ്കെടുത്തില്ല. രണ്ട് ഏജൻസികൾ മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്.

അവരാകട്ടെ 8 ലക്ഷം മുതൽ 25 ലക്ഷം വരെ തുക ചെലവ്ചെയ്ത് വമ്പൻ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനും പരസ്യം വെയ്ക്കാനുള്ള അനുമതിയും ഫീസ് പിരിവും ഉൽപ്പെടെ 30 വർഷക്കാലത്തേക്ക് നടത്തിപ്പിനുള്ള അനുമതി ആവശ്യപ്പെടുകയാണുണ്ടായത്. (വർഷങ്ങൾക്കപ്പുറത്ത് നഗരസഭ പണികഴിപ്പിച്ച് ഓരോ വർഷവും നടത്തിപ്പ് ചുമതല ടെണ്ടർ ചെയ്ത് കൊടുത്തുപോരുന്ന കലൂർ ബസ്സ് സ്റ്റാന്റിലെ പരസ്യം ചെയ്യാൻ അനുവദിക്കാത്ത പേ ആന്റ് യൂസ് ടോയ്ലറ്റ് ഈ വർഷത്തേക്ക് 9 ലക്ഷം രൂപ നഗരസഭയ്ക്ക് നൽകിയാണ് കരാറെടുത്തിട്ടുള്ളത്)

മേൽ കാരണങ്ങളാലാണ് പേ ആന്റ് യൂസ് ടോയ്ലറ്റ് നിർമ്മാണം നീണ്ടു പോയത്. കൗൺസിൽ അംഗീകാരം കൊടുത്തതിന് ശേഷവും ഇത്രയേറേ മാധ്യമങ്ങൾ വിമർശിച്ചിട്ടും ബന്ധപ്പെട്ട ഏജൻസികളുമായി എഗ്രിമെന്റ് വെയ്ക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവി തയ്യാറായിട്ടില്ല. മേയർ തന്നെ പലതവണ നിർദ്ദേശിച്ചിട്ടും വകുപ്പ് മേധാവി എഗ്രിമെന്റ് വെയ്പിക്കുന്നതിന് യാതൊന്നും ചെയ്യാത്തത് മുലം അനാവശ്യമായി ജനപ്രതിനിധികളായ കൗൺസിൽ അംഗങ്ങൽക്ക് വിമർശനം കേൾക്കേണ്ടിവരുന്നു. ഇക്കാര്യത്തിൽ കൗൺസിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എത്രയും വേഗത്തിൽ എഗ്രിമെന്റ് വച്ച് പ്രധാന കേന്ദ്രങ്ങളിൽ ഏപ്രിൽ ഒന്നു മുതൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കും. ഈ സാമ്പത്തിക വർഷത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ടോയ്ലറ്റുകളുടെ നിർമ്മാണം BOT വ്യവസ്ഥയിൽ പൂർത്തീകരിക്കും.

നഗരസഭ നിർമ്മിക്കുന്ന പേ ആന്റ് യൂസ് ടോയ്ലറ്റുകളിലെ□ാം സ്ത്രീകൾക്ക് അടച്ചുറപ്പു സുരക്ഷയും ഉറപ്പാക്കുന്ന ടോയ്ലറ്റ്, ബാത്ത്റൂം സൗകര്യങ്ങളും വികലാംഗർക്ക് അനായാസം വന്നുപോകാനാവുന്ന വിധത്തി□ പ്രത്യേക സൗകര്യങ്ങളും ഉറപ്പാക്കുന്നതാണ്

**<u>പരമാരയിൽ പേ ആന്റ് യൂസ് ടോയ്ലറ്റ്</u>**

പരമാരയി□ മൈത്രി ആഡിറ്റോറിയം പൊളിച്ചുമാറ്റിയ സ്ഥലത്ത് സ്ത്രീകൾ, വികലാംഗർ എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം സൗകര്യങ്ങളോടെ ഡ്ര□ിംഗ്റൂം ക്ലോക്ക്റൂം റസ്റ്ററും തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെ പേ ആന്റ് യൂസ് ടോയ്ലറ്റ് പണികഴിപ്പിക്കും. നടത്തിപ്പ് ചുമതല കുടുംബശ്രീയെ ഏ□പ്പിക്കുന്നതാണ്

**<u>പള്ളൂരുത്തി ആശുപത്രി മോഡൽ ആശുപത്രിയാക്കും</u>**

പള്ളൂരുത്തി MLA ശ്രി. സി. എം ദിനേശ്മണിയുടെ സമ്മർദ്ദ ഫലമായി നമ്മുടെ നിയന്ത്രണത്തിലുള്ള പള്ളൂരുത്തി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനോടനുബന്ധിച്ച് നഗരസഭ വിട്ടു കൊടുത്ത സ്ഥലത്ത് സർക്കാർ നേഴ്സിംഗ് കോളേജ് ആരംഭിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. കിടത്തി ചികിൽസിക്കുന്നതിനുള്ള സൗകര്യവും ഡോക്ടർമാരും മരുന്നും ഉണ്ടെങ്കിലും

ആശുപത്രിയിലെത്തുന്ന രോഗികൾക്ക് തൃപ്തികരമായ ചികിൽസാ സൗകര്യങ്ങൾ ലഭിക്കുന്നില്ല. ഏതു സമയത്തും ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകണം. അതിന് ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് നിർമ്മിക്കും. ആശുപത്രി അത്യാധുനിക സൗകര്യങ്ങളോടുകൂടി വികസിപ്പിച്ച് ഒരു മോഡൽ ആശുപത്രിയാക്കും. ആദ്യഘട്ടമായി 25 ലക്ഷം നിക്കിവെയ്ക്കുന്നു.

**സീവേജ് സിസ്റ്റം**

കൊച്ചി നഗരം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നാണ് പെരുകുന്ന കൊതുക്. രാജ ഭരണകാലത്തും ദിവാൻ ഭരണത്തിലും ബ്രിട്ടീഷ് കൊച്ചിയിലും മുനിസിപ്പാലിറ്റികളായിരുന്നപ്പോഴും കോർപ്പറേഷനായി മാറിയപ്പോഴും കൊച്ചിയിലെ കൊതുക ശല്യം തീരാശാപം പോലെ പിൻതുടരുകയാണ്. തീവ്രയത്ന പരിപാടികളുടെ ഫലമായി മറ്റേതൊരു കാര്യത്തേയുമപേക്ഷിച്ച് കൊതുകിന്റെ രൂക്ഷത കുറഞ്ഞ വർഷമാണിത്.

നഗരത്തിലെ കാനകളും കനാലുകളും വൃത്തിയാക്കിയതുകൊണ്ടും കുറ്റിക്കാടുകൾ വെട്ടി തെളിച്ചതുകൊണ്ടും മാത്രം ഇതിന് പരിഹാരം കാണാനാവില്ല. കൊതുക് വളരുന്ന ഏറ്റവും വലിയ കേന്ദ്രങ്ങൾ പതിനായിരക്കണക്കായ സെപ്റ്റിക് ടാങ്കുകളാണ്. നിലവിൽ സെപ്റ്റിക് ടാങ്കുകളിൽ നിന്നും ടാങ്കർ ലോറികളിൽ സക്ക് ചെയ്തെടുക്കുന്ന മാലിന്യം സംസ്കരിക്കുന്നതിന് സംവിധാനമില്ല. വാട്ടർ അതോറിറ്റിയാണിതിന് സൗകര്യം ചെയ്യേണ്ടത്. എളംകുളത്തെ സ്വീവേജ് പ്ലാന്റാവട്ടെ കാലഹരണപ്പെട്ടതുമാണ്. രാത്രി കാലങ്ങളിൽ ഭീതിജനകമായ വിധം നാഷണൽ ഹൈവേകളിലും കനാലുകളിലും സെപ്റ്റിക് ടാങ്ക് മാലിന്യം നിക്ഷേപിക്കുന്നത് മുലം അറപ്പുളവാക്കും വിധം മലിനീകരണം ഉണ്ടാവുന്നു. കൊതുക് പെരുകുന്നതിന് സാധ്യതയും വർദ്ധിക്കുന്നു. ഈ പ്രശ്നങ്ങളാകെ കണക്കിലെടുത്താണ് പശ്ചിമ കൊച്ചിയിലും പൂർവ്വ കൊച്ചിയിലും പുതുതായി രണ്ട് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും എളംകുളത്തെ പ്ലാന്റ് നവീകരിക്കുന്നതിനും നഗരസഭ KSUDP-യും JNNURM-വുമായി പ്രോജക്ട് തയ്യാറാക്കി ടെണ്ടർ ചെയ്തത്. പമ്പിംഗ് സ്റ്റേഷനുകളിൽ ചിലതിന്റെ അക്വിസിഷൻ ഇനിയും പൂർത്തിയായിട്ടില്ല. വിശദമായ പ്രോജക്ട് തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചു. ആദ്യം ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പ്രതികരിച്ചില്ല. എളങ്കുളത്ത് വാട്ടർ അതോറിറ്റിക്ക് സ്ഥലമുള്ളതിനാൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് തടസ്സമില്ല. പശ്ചിമ കൊച്ചിയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് GCDA-യുടെ 5 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ നഗരസഭയ്ക്ക് കൈമാറി.

അടിയന്തിര പ്രാധാന്യമുള്ള ഈ പ്രശ്നത്തിലും സംസ്ഥാന സർക്കാരും GCDA-യും നഗരസഭയ്ക്ക് നൽകിയ വിലമതിക്കാനാവാത്ത സഹായത്തിന് നഗരസഭയുടെ നന്ദി അറിയിക്കുന്നു. മറ്റ് തടസ്സങ്ങളെല്ലാം നീങ്ങികിട്ടിയതിനാൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഈ വർഷം പ്ലാന്റ് നിർമ്മാണം, പമ്പ് ഹൗസ് നിർമ്മാണം, പമ്പ് സ്ഥാപിക്കൽ എന്നിവ ആരംഭിക്കും. നഗരത്തിലാകെയും നഗരത്തോട് ചേർന്ന് കിടക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സീവേജ് സമ്പ്രദായം നിലവിൽ വന്നാലെ കൊച്ചിയിലെ കൊതുക് നിവരണം ഫലപ്രദമാകു. ഇതിനായി പദ്ധതി തയ്യാറാക്കി നടപ്പിലാക്കും. പ്രധാന റോഡുകളിൽ സീവേജ് പൈപ്പ് ലയിനുകൾ സ്ഥാപിക്കുന്നതിന് കേബിൾ ഡറ്റ് സ്ഥാപിക്കുന്നതാണ്.

**<u>വെള്ളക്കെട്ടിന് ശാസ്ത്രീയ പരിഹാരം</u>**

കൊച്ചി നഗരത്തിലെ വെള്ളക്കെട്ടിന് നഗരത്തേക്കാൾ പഴക്കമുണ്ട്. കായലുകളാൽ ചുറ്റപ്പെട്ട കനാലുകൾ ഏറെയുള്ള കൊച്ചി സമുദ്ര നിരപ്പിനൊപ്പവും ചില പ്രദേശങ്ങൾ സമുദ്ര നിരപ്പിനേക്കാൾ താഴ്ന്നതുമായ പ്രദേശമാണ്.

തേവര മുതൽ പേരണ്ടൂർ വരെ പൊക്കാളി കൃഷി നടത്തിയിരുന്ന പതിനായിരക്കണക്കിന് പാടശേഖരങ്ങളും തൊടുകളും കുളങ്ങളും തടാകങ്ങളും നിബിഢമായിരുന്ന എറണാകുളം മേഖലയും പനമ്പള്ളി മുതൽ ഇടക്കൊച്ചി വരെയുള്ള പ്രദേശങ്ങളിലും പാടങ്ങളും കുളങ്ങളും തടാകങ്ങളും നീർച്ചാലുകളും അനിയന്ത്രിതമായി നിവർത്തി കോൺക്രീറ്റ് വനം വെച്ച് പിടിപ്പിച്ചതോടെയാണ് കൊച്ചിയിൽ വർഷകാല വെള്ളക്കെട്ട് ആരംഭിച്ചത്.

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ നിലവിൽ വന്ന ശേഷം മാറിമാറി ഭരിച്ച് ജനപ്രതിനിധികളും മേയർമാരും വെള്ളക്കെട്ട് നിവാരണത്തിന് കോടികണക്കിന് രൂപ ചെലവഴിക്കുകയുണ്ടായി. പശ്ചിമ കൊച്ചിയിലും പൂർവ്വ കൊച്ചിയിലും വിദഗ്ദ ഏജൻസികളെ ഉപയോഗിച്ച് നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്.

ശ്രീ. സി. എം ദിനേശ്മണി മേയറായിരുന്ന കഴിഞ്ഞ കൗൺസിൽ "എസ്റ്റിം" എന്ന കൺസൾട്ടന്റിനെ ചുമതലപ്പെടുത്തി തയ്യാറാക്കിയ DPR പ്രകാരമുള്ള വേലകൾ വലിയരളവോളം ഈ കൗൺസിൽ പൂർത്തീകരിച്ചു. ശ്രീ. ടി. വി ജേക്കബ്ബ്, ശ്രീ. മാധവൻ പിള്ള എന്നീ വിദഗ്ധ എൻജിനീയർമാരുടെ നേതൃത്വത്തിൽ നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറേയേറേ വർക്കുകൾ പശ്ചിമ കൊച്ചിയിൽ നേരത്തേ പൂർത്തീകരിച്ചിരുന്നു. നഗരസഭാ എൻജിനീയർമാരും അനുഭവ സമ്പന്നരായ നാട്ടുകാരും കൗൺസിലർമാരുടെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെയും ഫലമായി കൊച്ചി നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന യാഥാർത്ഥ്യം അഭിമാനത്തോടെ അവതരിപ്പിക്കുന്നു. ഭൂമിശാസ്ത്ര പരമായ പ്രത്യേകതകൾ മൂലം തുടർച്ചയായി മഴ നിലയ്ക്കാതെ പെയ്ത്

കൊണ്ടിരിക്കുമ്പോൾ ചില റോഡുകളിലും ഒറ്റപ്പെട്ട പ്രദേശങ്ങളിലും വെള്ളം നിൽക്കാറുണ്ടെങ്കിലും മഴമാറി മണിക്കൂറുകൾക്കകം വെള്ളം ഇറങ്ങിപ്പോകും. പഴയതുപോലെ ദിവസങ്ങളോളം വെള്ളം കെട്ടികിടന്ന് ദുരിതം വിതയ്ക്കുന്ന സ്ഥിതി നഗരത്തിൽ എവിടെയുമില്ല. വെള്ളക്കെട്ട് നിവാരണ പ്രവർത്തനങ്ങൾക്കായി ഈ കൗൺസിലിന്റെ കാലത്ത് 40,36,60,034/- കോടി രൂപ ചെലവഴിക്കുകയുണ്ടായി. ടെണ്ടർ കഴിഞ്ഞിട്ടുള്ള വേലകളും നടന്നുകൊണ്ടിരിക്കുന്ന വർക്കുകളും കൂടി പൂർത്തിയാകുന്നതോടെ വെള്ളക്കെട്ടിന് പൂർണ്ണ പരിഹാരമാകും.

എറണാകുളത്ത് 13 റെയിൽവേ കൾവർട്ടുകൾ പൊളിച്ച് ആഴവും വീതിയും വർദ്ധിപ്പിച്ചാലെ വെള്ളക്കെട്ടൊഴിവാക്കാനാകു എന്ന ധാരണ തിരുത്തിക്കേണ്ടതാണ്. എസ്റ്റിം പഠനറിപ്പോർട്ട് നടപ്പിലാക്കിയതിന പ്രയോജനമുണ്ടായി. സെന്റർ സിറ്റിയിൽ നടന്നുകൊണ്ടിരിക്കുന്നതും ടെണ്ടർ നടന്നതുമായ ഡ്രൈനേജ് വർക്കുകൾ പൂർത്തീകരിക്കുന്നതിന് എംപവേർഡ് കമ്മിറ്റി ടെണ്ടർ എക്സസ് തരാതെ ഫയലുകൾ മടക്കിയതും, വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ മാറ്റാൻ കഴിയാതിരുന്നതും ഉൾപ്പെടെയുള്ള കാരണങ്ങളാൽ വലിയ കാലതാമസം നേരിട്ടു. ആരാധ്യയായ മേയറും വർക്സ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും രാഷ്ട്രീയ നേതൃത്വവും ഫലപ്രദമായി ഇടപെട്ട് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടു. ഇറിഗേഷൻ മന്ത്രി ബഹുമാന്യനായ ശ്രീ. പ്രേമചന്ദ്രൻ മാർച്ച് 4-ാം തിയതി വിളിച്ച് ചേർത്ത കോൺഫറൻസിൽ വെച്ച് വാട്ടർ അതോറിറ്റിയുടെ തടസ്സങ്ങൾ മാറ്റുന്നതിനും ജോലി ആരംഭിക്കുന്നതിനും തീരമാനമായിട്ടുണ്ട്. 17-02-2010-ൽ ചേർന്ന ടെണ്ടർ അധിക നിരക്കിന് അംഗീകാരം നൽകി. ഇതോടെ എസ്റ്റിം പഠന റിപ്പോർട്ട് പ്രകാരമുള്ള 8.5 കോടി രൂപയുടെ മുഴുവൻ ജോലികളും ആറുമാസത്തിനകം പൂർത്തീകരിക്കാൻ കഴിയും. ഇതിനു പുറമേ അംഗീകരിച്ചിട്ടുള്ള KSUDP വർക്കുകളും കോളനി വർക്കുകളും പൂർത്തീകരിച്ച് നഗരത്തിലെ വെള്ളക്കെട്ടിന് ശാശ്വതവും ശാസ്ത്രീയവുമായ പരിഹാരം കണ്ട കൗൺസിൽ എന്ന ചാരിതാർത്ഥ്യത്തോടെയാവും സെപ്റ്റംബർ 30-ന് കൗൺസിൽ കാലാവധി അവസാനിക്കുന്നത്.

പശ്ചിമ കൊച്ചിയുടെ വെള്ളക്കെട്ടിനും പകർച്ച വ്യാധികൾക്കും പ്രധാന കാരണം ബൗണ്ടറി കനാലുകൾ മാലിന്യം അടിഞ്ഞുകുടുന്നതാണ്. ഫോർട്ട് കൊച്ചി കായലിൽ നിന്നും ആരംഭിച്ച് രാമേശ്വരം കായലിൽ അവസാനിക്കുന്ന പഴയ അതിർത്തി കനാലാണിത്. വള്ളങ്ങളും ബോട്ടുകളും സഞ്ചരിച്ചിരുന്ന വിശാലമായ ഈ കനാൽ നഗരസഭയും സ്വകാര്യ വ്യക്തികളും കനാലിന്റെ വീതി കുറച്ച് ഇടുങ്ങിയ കൾവർട്ടകളും കവറിംഗ് സ്ലാബും സ്ഥാപിച്ചതോടെ ഇരുകരകളിലുമുള്ള ചില സ്വകാര്യ വ്യക്തികൾ കനാൽ കയ്യേറി സ്വന്തമാക്കിയിട്ടുണ്ട്. കൈയ്യേറ്റം ഒഴിപ്പിക്കേണ്ട നഗരസഭയുടെ ടൗൺ പ്ലാനിംഗ് വിഭാഗമോ റവന്യൂ അധികൃതരോ അത് ചെയ്യാത്തത് മുലം ചില സ്ഥലങ്ങളിലെങ്കിലും കനാൽ ഇടുങ്ങിയതാണ്.

കനാൽ വെയ്സ്റ്റ് തൊട്ടിയായിട്ടാണ് വലിയൊരു വിഭാഗം ജനങ്ങൾ ഉപയോഗിച്ചു പോരുന്നത്. ഇത് മൂലം ഒഴുക്ക് തടസ്സപ്പെട്ട് എല്ലാത്തരത്തിലുമുള്ള മാലിന്യങ്ങളും കെട്ടികിടന്ന് കീടങ്ങൾ പെരുകി പലപ്പോഴും പകർച്ച വ്യാധികൾ പകരുന്നതിനിടയാക്കിയിട്ടുണ്ട്. എല്ലാ വർഷവും നഗരസഭ ഭീമമായ തുക മുടക്കി കനാൽ ക്ലീൻ ചെയ്യാറുണ്ട്. റീച്ച് - റീച്ചുകളായി കരാറെടുക്കുന്ന കോൺട്രാക്ടർമാരിൽ ചെലരെങ്കിലും വേല ഫലപ്രദമായി ചെയ്തിരുന്നില്ല. മേൽനോട്ടം വഹിക്കുന്ന എൻജിനീയറിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർ കരാറുകാരുടെ താല്പര്യങ്ങൾക്ക് വഴങ്ങി വേല നടക്കുമ്പോൾ തിരിഞ്ഞു നോക്കാറുണ്ടായിരുന്നില്ല. ഇതോല്ലാം കൊണ്ട് ഫോർട്ട് കൊച്ചി - മട്ടാഞ്ചേരി പ്രദേശങ്ങളെ വേർതിരിക്കുന്ന രാമേശ്വരം - കൽവത്തി കനാൽ മാറാ രോഗങ്ങളുടെയും കൊതുകിന്റെയും ഉത്ഭവകേന്ദ്രങ്ങളായി തുടരുകയായിരുന്നു.2008-ൽ ഈ കനാൽ MLA ഫണ്ടുപയോഗിച്ച് ക്ലീൻ ചെയ്യുന്നതിന് ബഹുമാന്യനായ ശ്രി. വി. കെ ഇബ്രഹിംകുഞ്ഞ് MLA തയ്യാറായി. നഗരസഭാ കൗൺസിൽ ഇതിന് അനുമതി നൽകി. മുഖ്യമന്ത്രിയുടെ ചുമതലയിലുള്ള വകുപ്പിൽ നിന്നും പ്രത്യേകമായി ഫണ്ടനുവദിച്ചു. ഒരു നിയോജക മണ്ഡലത്തിലേക്ക് ഒരുവർഷം അനുവദിച്ച 2 കോടി രൂപ ഈ ഒരു വർക്കിന് മാത്രമായി ചെലവഴിക്കാൻ MLA തയ്യാറായെന്നത് അഭിനന്ദനാർഹമാണ്. രണ്ട് വർഷകാലത്തെ കഠിന പ്രയത്നത്തിനൊടുവിൽ തടസ്സങ്ങൾ നീക്കി കനാൽ ശൂചീകരണം ആരംഭിച്ചു. ബണ്ട് കെട്ടി വെള്ളം വറ്റിച്ച് ചെളി കോരിമാറ്റി കനാൽ ശുചീകരിക്കൽ - റീട്ടെയിൻ വാൾ തകരാറിലായിട്ടുള്ളത് പുനർ നിർമ്മിക്കൽ, ചപ്പു ചവറുകൾ കനാലിലിടുന്നത് പ്രതിരോധിക്കുന്നതിന് ഫെൻസിംഗ് സ്ഥാപിക്കൽ തുടങ്ങിയ ബൃഹത്തായ ജോലികൾ മൂന്നു മാസത്തിനകം പൂർത്തീകരിക്കും. പടിഞ്ഞാറ് കടൽ കിഴക്ക് കായൽ വടക്ക് അഴിമുഖം തെക്ക് പടിഞ്ഞാറായി മറ്റ് കനാലുകൾ കായലിനും കടലിനും സമാന്തരമായി ബൗണ്ടറി കനാൽ ഇതെല്ലാമായി ബന്ധപ്പെട്ടതാണ് പശ്ചിമ കൊച്ചയിലെ ചെറുതും വലുതുമായ നൂറുകണക്കന് കാനകളും കനാലുകളും. ബൗണ്ടറി കനാലിൽ വന്നുചേരുന്ന മുഴുവൻ കാനകളും - കനാലുകളും സമാന്തരമായി നഗരസഭ ക്ലീൻ ചെയ്യും. ഇതോടെ സ്ഥിരമായി കാനകളിലും വേലിയേറ്റവും വേലിയിറക്കവും ഉണ്ടാവും. അഴുക്ക് കെട്ടികിടക്കാതെ സംരക്ഷിക്കുന്നതിന് ജനപ്രതിനിധികളും സന്നദ്ധ സംഘടനകളും റസിഡന്റ്സ് അസ്സോസിയേഷനുകളും തുടർച്ചയായി ശ്രദ്ധിച്ചാൽ കൊതുക് പെരുകുന്നത് നല്ലത്പോലെ കുറച്ച് കൊണ്ടുവരാനും പകർച്ച വ്യാതികൾ ഇല്ലാതാക്കാനും കഴിയും. മുഴുവൻ ജനങ്ങളുടെയും സഹകരണം പ്രതീക്ഷിക്കുന്നു. കാനകളുടെ ക്ലീനിംഗിന് 10 ലക്ഷം രൂപ പ്രത്യേകമായി അനുവദിക്കുന്നു.

**തേവര - പേരണ്ടൂർ കനാൽ.**

തേവര കാനാലിൽ നിന്നും ആരംഭിച്ച് പേരണ്ടൂർ കനാലിൽ അവസാനിക്കുന്ന തേവര പേരണ്ടൂർ കനാൽ കിഴക്കൻ മേഖലയിലെ വെള്ളക്കെട്ട് നിവാരണത്തിൽ

ഏറ്റവും പ്രധാന പങ്ക് വഹിച്ചുപോരുന്നു. തേവര മുതൽ പേരണ്ടൂർ വരെ കനാൽ ക്ലീനിംഗിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. കനാൽ കയ്യേറ്റങ്ങൾ ഒഴിവാക്കി പ്രൊട്ടക്ഷൻ വാൾ തകരാറായിട്ടുള്ളത് പുനർ നിർമ്മിക്കുന്നതിനും സൈഡ് റോഡ് നിർമ്മിച്ച് ഇടക്കിടെ പടവുകൾ കെട്ടി ചെടികളും തണൽ മരങ്ങളും വെച്ച് പിടിപ്പിക്കുന്നതിനും ഫെൻസിംഗ് സ്ഥാപിക്കുന്നതിനും ഈ ബഡ്ജറ്റിൽ 2 കൊടി രൂപ അനുവദിക്കുന്നു. പേരണ്ടൂർ കനാൽ മുറിച്ച് റെയിൽ ട്രാക്ക് നിർമ്മിച്ചിട്ടുള്ളിടത്ത് കനാൽ തുറന്ന് പരസ്പരം യോജിപ്പിക്കുന്ന പ്രവർത്തനം ജൂണിനകം പൂർത്തിയാകും. കനാലിൽ വന്നു ചേരുന്ന മുഴുവൻ കാനകളും കനാലുകളും ക്ലീൻ ചെയ്ത് നീരൊഴുക്ക് സുഗമമാക്കും.

**മറ്റ് കനാലുകൾ - കാനകൾ.**

കാലവർഷത്തിന് മുമ്പായി കൊച്ചി നഗരത്തിലെ മുഴുവൻ കാനകളും കനാലുകളും ക്ലീൻ ചെയ്യുന്നതിന് 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മുഴുവൻ വേലകളും ടെണ്ടർ ചെയ്തു കഴിഞ്ഞു. ഏപ്രിൽ 10-നകം ക്ലീനിഗ് ജോലികൾ ആരംഭിച്ച് മെയ് 25-നകം പൂർത്തീകരിക്കും.

**ശുദ്ധജലസമൃദ്ധമായ നാളെയുടെ കൊച്ചിക്കായ്.**

കൊച്ചിയുടെ രൂക്ഷമായ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണുന്നതിന് നഗരസഭ തയ്യാറാക്കിയ 204 കോടി രൂപയുടെ പാഴൂർ ശുദ്ധജല വിതരണ പദ്ധതിയുടെ 100 MLD ശേഷിയുള്ള ജല ശുദ്ധീകരണ പ്ലാന്റ് ടെണ്ടർ അംഗീകരിച്ച് പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ നെട്ടൂരിൽ ആരംഭിച്ചു. നെട്ടൂരിൽ വെച്ച് ഏപ്രിൽ 16-ന് ശിലാസ്ഥാപനവും നിർമ്മാണോദ്ഘാടനവും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ ഗ്രവിറ്റി മെയിൻ, ഇൻ ടേക്ക് വെൽ, പമ്പ് സ്ഥാപിക്കൽ, ആരക്കുന്നത്ത് 43 ലിറ്റർ കപ്പാസിറ്റിയുള്ള റോ വാട്ടർ സംപ് സ്ഥാപിക്കൽ എന്നിവയുടെയെല്ലാം ജോലികൾ ആരംഭിക്കാൻ കഴിഞ്ഞു. സർവ്വീസ് റിസർവയർ, ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ, പമ്പ് സെറ്റ്, പവർ അലോക്കേഷൻ, കെട്ടിടങ്ങളുടെ നിർമ്മാണം, ഹാൻഡ്ലിംഗ് ഉപകരണം, നെട്ടൂരിൽ സംപ് സ്ഥാപിക്കൽ എന്നീ ജോലികളെല്ലാം ടെണ്ടർ കഴിഞ്ഞു. 2011 ഡിസംബറിൽ എല്ലാ ജോലികളും പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാം. മരട്, മുനിസിപ്പാലിറ്റി കുമ്പളം, കുമ്പളങ്ങി, ചെല്ലാനം പഞ്ചായത്തുകളിലും പശ്ചിമ കൊച്ചിയിലാകെയും തേവര - കോന്തുരുത്തി ഭാഗങ്ങളിലെയും ശുദ്ധജല വിതരണം സമ്പൂർണ്ണമാക്കാൻ കഴിയുന്ന ഈ പദ്ധതി ജനങ്ങൾക്ക് സമർപ്പിക്കുന്നതോടെ നിലവിൽ ഈ പ്രദേശങ്ങളിലേക്ക് വിതരണം ചെയ്യുന്ന കുടിവെള്ളം കൂടി എറണാകുളം മേഖലയിലേക്ക് വിതരണം ചെയ്യാനാവും. വിശാല കൊച്ചി മേഖലയിലെ വ്യാപാര-വ്യവസായ സ്ഥാപനങ്ങളിലേക്കും പെരിയാറിൽ നിന്നുള്ള ശുദ്ധജലം തന്നെയാണ് നിലവിൽ വിതരണം നടത്തിവരുന്നത്. ഈ സ്ഥാപനങ്ങളിലേക്കും വെല്ലിംഗ്ടൺ ഐലന്റ്, വല്ലാർപാടം പോർട്ട്, കൊച്ചി മറീന എന്നിവിടങ്ങളിലേക്കും ശുദ്ധജല

വിതരണം നടത്തുന്നതിന് പുതിയ പ്ലാന്റ് കളമശ്ശേരിയിൽ സ്ഥാപിച്ച് പെരിയാറിൽ നിന്നും റോവാട്ടർ എത്തിച്ച് ശുദ്ധീകരിച്ച് 100 MLD വെള്ളം വിതരണം ചെയ്യുന്നതിന് പുതിയ പദ്ധതി സർക്കാർ നടപ്പിലാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. പദ്ധതി പൂർത്തിയാവുന്നതോടെ കൊച്ചി നഗരത്തിൽ അടുത്ത 35 വർഷത്തേക്ക് ശുദ്ധജല ക്ഷാമം ഉണ്ടാവില്ല. JNNURM രണ്ടാം ഘട്ടമായി വിഭാവനം ചെയ്യുന്ന 250 MLD യുടെ ശുദ്ധജല പ്ലാന്റ് കൂടി കളമശ്ശേരിയിൽ സ്ഥാപിക്കാനായാൽ 60 വർഷത്തേക്കുള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാവും. കേന്ദ്ര നഗര വികസന മന്ത്രാലയവും സംസ്ഥാന സർക്കാരും കൊച്ചി നഗരസഭയും സംയുക്തനായി ഈ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കും.

**ചളിക്കവട്ടം-വെണ്ണല / എളമക്കര / ചിലവന്നൂർ / പണ്ടാരച്ചിറ പദ്ധതികൾ**

ഈ പ്രദേശങ്ങളിൽ നിലനിൽക്കുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് വ്യാസം കൂടിയ പുതിയ പമ്പിംഗ് പൈപ്പ് ലയിനുകൾ സ്ഥാപിക്കുന്നതിന് നഗരസഭ ടെണ്ടർ നടപടികൾ സ്വീകരിച്ചു. മുന്ന് പദ്ധതികൾക്കായി 6 കോടി രൂപ വകയിരുത്തുന്നു.

ചളിക്കവട്ടം, ചുങ്കം, കടുപ്പത്ത് പ്രദേശങ്ങളിൽ നിലനിൽക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് തമ്മനത്ത് നിന്നും തൃപ്പൂണിത്തുറക്കായി ലേ ചെയ്തിട്ടുള്ള പൈപ്പിൽ നിന്നും കണിയാംപുഴ പാലത്തിന് സമീപത്ത് ഒരു വാൽവ് സ്ഥാപിച്ച് ആറിഞ്ച് പൈപ്പ് ചളിക്കവട്ടം കടുപ്പത്ത് ജംങ്ഷനിലെ പൈപ്പുമായി ബന്ധിപ്പിക്കും. സർക്കാരിന്റ് വരൾച്ചാ ദുരിതാശ്വാസ ഫണ്ടിൽ നിന്നും ഇതിനുള്ള തുക അനുവദിക്കുന്നതിന് ബഹുമാന്യനായ മന്ത്രി ശ്രീ. പ്രേമചന്ദ്രൻ തിരുവനന്തപുരത്ത് വിളിച്ച് ചേർത്ത് കോൺഫറൻസിൽ തീരുമാനിച്ചിട്ടുണ്ട്. രണ്ട് മാസങ്ങൾക്കകം വേല പൂർത്തിയാകും.

തമ്മനം, പാലാരിവട്ടം പ്രദേശങ്ങളിൽ പ്രഷറിൽ പമ്പ് ചെയ്താൽ സ്ഥിരമായി പൊട്ടുന്ന കൂറ്റൻ പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുന്നതിന് 4.5 കോടി രൂപ അനുവദിച്ചു ടെണ്ടർ ചെയ്തിരുന്നതാണ്. അധിക നിരക്ക് 81% ആയതിനാൽ സർക്കാർ റീടെണ്ടർ ചെയ്യാൻ നിർദ്ദേശിച്ചത് പ്രകാരം ടെണ്ടർ വിളിച്ചിരിക്കുകയാണ്. സഹോദരൻ അയ്യപ്പൻ റോഡിൽ നഗരസഭയുടെ ചെലവിൽ അപൂർണ്ണമായി സ്ഥാപിച്ചിട്ടുള്ള പൈപ്പുകളുമായി ബന്ധിപ്പിച്ച് രണ്ട് സൈഡുകളിലും പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും റീടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്.

DFID പദ്ധതിയിൽ അവശേഷിക്കുന്ന സോൺ രണ്ടിലേയും സോൺ നാലിലേയും ഒരു കോടി പതിനൊന്ന് ലക്ഷത്തിന്റെ ജോലികൾക്കുള്ള എസ്റ്റിമേറ്റ് അംഗീകരിച്ച് ടെണ്ടർ സ്റ്റേജായിട്ടുണ്ട്. ഡിസംബറിനകം പൂർത്തീയാകും.

ഇടക്കോച്ചി, പള്ളുരുത്തി തുടങ്ങിയ പശ്ചിമ കൊച്ചിയിലെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണുന്നതിന് കാരണക്കോടം മുതൽ എളംകുളം വരെ 930

മീറ്റർ 1200mm പൈപ്പ് സ്ഥാപിക്കുന്നതിന് റെയിൽവേക്ക് KWA പണമടച്ചു കഴിഞ്ഞിട്ടുണ്ട്. ഒരു ടെണ്ടർ കഴിഞ്ഞ് റീടെണ്ടർ ക്ഷണിച്ചുട്ടുണ്ട്. 205 ലക്ഷം രൂപയാണ് അടങ്കൽ തുക.

എളംകുളും പമ്പ് ഹൗസിൽ നിന്നും കടവന്ത്ര ഓവർ ഹെഡ്സ് ടാങ്കുമായി ബന്ധിപ്പിച്ച് 600 മാറ്റർ 450mm GI പൈപ്പ് സ്ഥാപിക്കുന്നതിന് ടെണ്ടർ പൂർത്തിയായി വർക്ക് ഏപ്രിലിൽ ആരംഭിക്കും. 63.60 ലക്ഷം രൂപയുടെതാണ് ജോലി. കടവന്ത്ര ഓവർ ഹെഡ്സ് ടാങ്ക് മുതൽ സൗത്ത് കടവന്ത്ര വരെ 2100 മീറ്റർ 500mm DI പൈപ്പ് സ്ഥാപിക്കുന്നതിന് 163.50 ലക്ഷം രൂപ അനുവദിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ഏപ്രിൽ മെയ് മാസങ്ങളിൽ പൈപ്പ് സ്ഥാപിച്ച് തുടങ്ങും. തമ്മനം പമ്പ് ഹൗസിലേക്ക് പുതിയ പമ്പ് വാങ്ങുന്നതിനും നടപടികളായി. നഗരസഭയും വാട്ടർ അതോറിറ്റിയും MLA മാരും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതികൾ പൂർത്തീകരിക്കുന്നതോടെ കൊച്ചി നഗരത്തിലേയും കുമ്പളങ്ങി ചെല്ലാനും പഞ്ചായിത്തുകളിലേയും കുടിവെള്ള ക്ഷാമത്തിന് ആശ്വാസമാകും. നഗരത്തിന്റെ ശുദ്ധജല ക്ഷാമത്തിന് പരിഹാരം കാണുന്നതിന് അതിതീവ്ര നടപടികൾ സ്വീകരിക്കുകയും പ്രതിമാസ മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്ന ജനസേചന മന്ത്രി ശ്രീ. പ്രേമചന്ദ്രനെ നഗരവാസികൾക്ക് വേണ്ടി അനുമോദിക്കകയും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

## വികസനം പരിസ്ഥിതിക്ക് കോട്ടംതട്ടാതെ

'ശുദ്ധമാക്കീടാമുഴിയെ ഒറ്റശുഭ്ര
പുഷ്പത്തിൻ നീഹാരനീരാൽ
പാരിൽ വെട്ടം വിതച്ചിടാം ഏക
താരകത്തിൽ നിന്നേന്തിയ തീയാൽ'

മഹാകവി വൈലോപ്പള്ളി തന്റെ പ്രസിദ്ധമായ കന്നിക്കൊയ്ത്തിൽ പാടിയതുപോലെ വികസന പ്രവർത്തനങ്ങളാൽ അശുദ്ധമായീടുന്ന കൊച്ചിയുടെ പ്രകൃതിയെ, സൗന്ദര്യത്തെ, ജീവനെ നാം തിരിച്ചു പിടിക്കേണ്ടിയിരിക്കുന്നു. നമുക്ക് മുന്നിലുള്ള ആ ഏകതാരകം പരിസ്ഥിതി സംരക്ഷണം മാത്രമാണ്. അതിലേക്കായി നിരവധി പദ്ധതികളും പ്രവർത്തനങ്ങളും ഈ കൗൺസിൽ തയ്യാറാക്കി ബഹുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുവാനുള്ള ഉറച്ച തീരുമാനത്തിലും യത്നത്തിലുമാണ്.

**ഒരു ലക്ഷം വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കും.**

വർഗ്ഗവിഭജിതവും ലാഭാധിഷ്ഠിതവുമായ സാമൂഹ്യവ്യവസ്ഥയിൽ അനിവാര്യമായ പതനത്തിന്റെ ലക്ഷണമാണ് ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും. മിതശീതോഷ്ണ കാലാവസ്ഥയിൽ നിന്നും നമ്മുടെ നാടുപോലും അത്യുഷ്ണത്തിലേക്ക് നീങ്ങുന്നത് ഭയത്തോടെ മാത്രമേ നോക്കികാണാനാകു.

പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിന് ഒറ്റക്കെട്ടായി നാം യത്നിച്ചേ മതിയാകു.

മംഗളവനം വ്യാപിപ്പിച്ചുകൊണ്ട് സംരക്ഷിക്കുന്നതിന് വനം-പരിസ്ഥിതി വകുപ്പുമായി യോജിച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. തേവരയിലെ കണ്ടൽ കാട് സംരക്ഷിക്കുന്നതിനും നഗരത്തിലെ കായൽ തീരങ്ങളിൽ പതിനായിരം കണ്ടൽ ചെടികൾ വെച്ചു പിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കും.

നഗരസഭയുടെ തുറസ്സായ സ്ഥലങ്ങൾ, ശ്മശാനങ്ങൾ എന്നിവിടങ്ങളിലും പ്രധാന റോഡുകളിലും പാർക്കുകളിലുമായി ഒരുലക്ഷം വൃക്ഷതൈകൾ വെച്ച് പിടിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും 25 ലക്ഷം രൂപ വകയിരുത്തുന്നു.

സുഭാഷ് ചന്ദ്രബോസ് പാർക്കിൽ കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ ഔഷധ തോട്ടം സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ വകയിരുത്തുന്നു. നഗരത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, വാണിജ്യ-വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിടങ്ങളിലെല്ലാം വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

നിലവിലുള്ള വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും പുതിയവ നട്ടു വളർത്തി സംരക്ഷിക്കുന്നതിനും ആദരണീയനായ ജസ്റ്റിസ് സുകുമാരൻ ചെയർമാനും, ജസ്റ്റിസ് നരേന്ദ്രൻ, യു. കെ ഗോപാലൻ, കെ. ജെ സോഹൻ, അഡ്വ. ടി. പി രമേശ്, ആർകിടെക്ട് ജയഗോപാൽ എന്നിവർ അംഗങ്ങളുമായ ഒരു മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നൽകുന്നു. നഗരാസൂത്രണ സ്റ്റാന്റിംഗ് കമ്മിറ്റിക്കായിരുക്കും ഇതിന്റെ ചുമതല.

**<u>ഗ്രീൻ ആന്റ് സൈലന്റ് സോൺ</u>**

ഫൈൻ ആർട്ട്സ് ഹാൾ ജംങ്ഷൻ മുതൽ ഹൈക്കോടതി വരെ സൈലന്റ് സോണായി പ്രഖ്യാപിച്ച് വിജ്ഞാപനം ചെയ്യുന്നതിനും ഗ്രീൻ ബെൽറ്റായി പ്രത്യേകം സംരക്ഷിക്കുന്നതിനും തീരുമാനിക്കുന്നു. ഡർബാർഹാൾ റോഡും, ഹോസ്പിറ്റൽ റോഡും ഈ സോണിൽ ഉൾപ്പെടുത്തുന്നതിന് നിശ്ചയിക്കുന്നു. ഗ്രീൻ ആന്റ് സൈലന്റ് സോണിലെ മതിലുകൾക്കും കെട്ടിടങ്ങൾക്കും ഏകീകൃത കളർ കോഡ് നിശ്ചയിച്ച് കൊടുക്കുന്നതാണ്. കോമ്പാറ ജങ്ഷൻ മുതൽ മംഗള വനം വരെയുള്ള കെട്ടിടങ്ങൾക്കും ഗ്ലാസ്സുകൾക്കും പച്ചനിറം കൊടുക്കുന്നതിന് നടപടി സ്വീകരിക്കും.

**<u>ഊർജ്ജ സംരക്ഷണം.</u>**

നഗരസഭയുടെ ജനസേവ കേന്ദ്രം, പ്ലാനിംഗ് സെൽ, റവന്യൂ അക്കൗണ്ട്സ് വിഭാഗങ്ങളിലെ ട്യൂബ് ലൈറ്റുകൾ മാറ്റി ഊർജ്ജ സംരക്ഷണത്തിനും താപം കുറക്കുന്നതിനും സഹായകമായ CFL ലാമ്പുകൾ സ്ഥാപിക്കുകയുണ്ടായി. നഗരത്തിലെ വൈദ്യുതി ഉപയോഗം വർദ്ധിപ്പിക്കുന്ന തെരുവ് വിളക്കുകൾ മാറ്റി കൂടുതൽ ഊർജ്ജക്ഷമതയുള്ള തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും. പ്രാഥമിക ചെലവ് കുടുതലാണെങ്കിലും ദിർഘകാലാടിസ്ഥാനത്തിൽ

വൈദ്യുതി ലാഭിക്കുന്നതിനും ചെലവ് കുറക്കുന്നതിനും സഹായകരമായതിനാൽ ഈ പദ്ധതി ഘട്ടം നടപ്പിലാക്കുന്നതിന് 25 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.

നിലവിൽ കത്താത്ത തെരുവ് വിളക്കുകൾക്കുൾപ്പെടെ നഗരസഭ പ്രതിമാസം KSEB-ൽ വൈദ്യുതി ചാർജ് അടച്ചു പോരുകയാണ്. വൈകിട്ട് ആറുമണി മുതൽ രാവിലെ ആറുവണി വരെ ആയിരക്കണക്കായ തെരുവ് വിളക്കുകൾ കത്തുന്നത് മൂലം വൻതോതിൽ വൈദ്യുതി ചെലവഴിക്കപ്പെടുന്നു. ഇതൊഴിവാക്കി ഒന്നിടവിട്ട് ്‍ സ്ട്രീറ്റ് ലൈറ്റുകൾ ജനത്തിരക്ക് കുറയുന്ന സമയത്ത് ഓഫ് ചെയ്യണം. ഉപയോഗിക്കുന്ന വൈദ്യുതിയുടെ ചാർജ്ജ് മാത്രം അടക്കാൻ കഴിയുന്നതിന് മീറ്റർ ഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

KSEB-യുടെ സെൻട്രൽ സെക്ഷന്റെ കീഴിൽ വരുന്ന റോഡുകളിൽ മീറ്റർ, ടൈമർ, കൊണ്ടാക്ടർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. കലൂർ, പാലാരിവട്ടം, തേവര, ഇടപ്പള്ളി, വൈറ്റില KSEB മേജർ സെക്ഷനുകളുടെ പരിധിയിൽ വരുന്ന റോഡുകളിൽ മീറ്റർ, ടൈമർ, കോണ്ടാക്ടർ എന്നിവ സ്ഥാപിക്കുന്നതിന് 3,41,25,000/- രൂപ KSEB-യിൽ അടച്ചിട്ടുള്ളതാണ്. ഉടനെ പണി ആരംഭിക്കും. മറ്റ് KSEB സെക്ഷനുകൾ എസ്റ്റിമേറ്റ് നൽകിയിട്ടില്ല. എസ്റ്റിമേറ്റ് ലഭിക്കുന്നതിന് ബന്ധപ്പെട്ട് വരുന്നു. എസ്റ്റിമേറ്റ് ലഭിച്ചാൽ ഉടനെ പണമടക്കും. ഈ സാമ്പത്തിക വർഷത്തിൽ നഗരത്തിലാകെ ഊർജ്ജ ലാഭത്തിനും, നഗരസഭയുടെ സാമ്പത്തിക നഷ്ടം ഒഴിവാക്കി ഫണ്ട് ലാഭിക്കാനും കഴിയുന്ന ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കും. ഈ കൗൺസിലിന്റെ കാലത്ത് 13394 സോഡിയം വേപ്പർ ലാമ്പുകളും വലിയ ജങ്ഷനുകളിൽ 23 ഹൈമാക്സ് ലൈറ്റുകളും പുതുതായി സ്ഥാപിക്കുകയുണ്ടായി. കിഴക്കൻ മേഖലയിലെ തേരുവ് വിളക്കുകളുടെ മെയിന്റനൻസ് സ്പോൺസർഷിപ്പ് അടിസ്ഥാനത്തിൽ ടെണ്ടർ ചെയ്ത് കൊടുത്തത് മുലം പ്രതിവർഷം 36 ലക്ഷം രൂപ നഗരസഭയ്ക്ക് ലഭിക്കുന്ന സ്ഥിതിയിണ്ടാക്കാൻ കഴിഞ്ഞു.

**<u>സോളാർ സിറ്റി</u>**

കൊച്ചിയെ രാജ്യത്തെ ആദ്യത്തെ സോളാർ സിറ്റിയാക്കി മാറ്റുന്നതിന് സർക്കാരിന്റെയും ബന്ധ്പ്പെട്ട് ഏജൻസികളുടെയും സഹായത്തോടെ ശ്രമിക്കും. സുഭാഷ് ചന്ദ്രബോസ് പാർക്ക്, ഫോർട്ട് കൊച്ചി നെഹ്റു പാർക്ക്, കുന്നറ പാർക്ക്, ഫോർട്ട് കൊച്ചി ബീച്ച്, ജംങ്കാർ ജെട്ടി, ഫോർട്ട് കൊച്ചി സോണൽ ഓഫീസ്, ഈസ്റ്റ് - വെസ്റ്റ് UPAD ഓഫീസ്, ടൗൺ ഹാളുകൾ, കൗൺസിൽ ഹാൾ, മേയർ, ഡെ. മേയർ, സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, KSUDP, C-hed ഓഫീസ്, മെയിൻ ഓഫീസിന്റെ പധാന കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെല്ലാം സോളാർ ലൈറ്റുകൾ സ്ഥാപിക്കും. തെരഞ്ഞെടുക്കപ്പെട്ട റോഡുകളിലും സോളാർ ലൈറ്റുകൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**<u>സ്മൃതി വനങ്ങൾ</u>**

നഗരസഭയുടെ രവിപുരം, കൂവപ്പാടം, ഇടപ്പള്ളി, ഫോർട്ട്കൊച്ചി വെളി, ഇടക്കൊച്ചി, പച്ചാളം ശ്മശാനങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

ബഹു. കേരള ഹൈക്കോടതിയുടെയും ബഹു. ഓംബുഡ്സ്മാന്റെയും തുടർച്ചയായ ഇടപെടൽ ഉണ്ടായിട്ടുള്ള രവിപുരത്ത് ഇലക്ട്രിക് ക്രിമിറ്റോറിയം സ്ഥാപിക്കും. രണ്ട് ഫർണസുകൾ സ്ഥാപിച്ച് ശ്മശാനത്തെ ആധുനീകവർക്കരിക്കും. കുമാർ ഗ്രൂപ്പ് തയ്യാറാക്കിയുട്ടുള്ള ഡിസൈനും പ്രോജക്ട് റിപ്പോർട്ടും നടപ്പിലാക്കുന്നതിന് 1,18,59,479/- രൂപ അനുവദിക്കുന്നു. കൂവപ്പാടം, ഇടപ്പള്ളി, പച്ചാളം ശ്മശാനങ്ങളുടെ നവീകരണത്തിനും ലാന്റ് സ്കേപ്പിംഗിനുമായി 10 ലക്ഷം രൂപ വീതവും ഫോർട്ട് കൊച്ചി വെളി ക്രിമിറ്റോറിയത്തിന് 5,80,000/- രൂപയും അനുവദിക്കുന്നു. അഞ്ച് ക്രീമിറ്റോറിയങ്ങളുടെയും നവീകരണത്തിന് ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ ഏറ്റവും മികച്ച ക്രീമിറ്റോറിയങ്ങളായ പുല്ലേപ്പടി സംഗമോദ്യാനം, പള്ളുരുത്തിയിലെ സ്മൃതി മന്ദിരം, ചെറുതാണ് മനോഹരം എന്ന പ്രയോഗത്തെ അർത്ഥവത്താമാക്കുന്ന വാത്തുരുത്തി ശ്മശാനം എന്നിവ പോലെ മറ്റ് ആറ് ശ്മശാനങ്ങളും പുല്ലു പിടിപ്പിച്ച് ലാന്റ് സ്കേപ്പിംഗ് ചെടികൾ നട്ടുവളർത്തിയും മരങ്ങൾ വെച്ചു പിടിപ്പിച്ചും സ്മൃതി വനങ്ങളാക്കി മാറ്റും. ടോയ്ലറ്റ്, ഇരിപ്പിടങ്ങൾ, അലങ്കാര വിളക്കുകൾ, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങളും വിശ്വാസികൾക്ക് പൂജാതി കർമ്മങ്ങൾക്കുള്ള സംവിധാനവും ഏർപ്പെടുത്തുന്നതിനും പ്രോജക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുല്ലേപ്പടി സംഗമേദ്യാനത്തിൽ നഗരസഭയുടെ നിയന്ത്രണ ത്തിലുള്ള എല്ലാ ശ്മശാനങ്ങളുടെയും നടത്തിപ്പു ചുമതല ടെണ്ടർ വിളിച്ച് കൊടുക്കിന്നതിന് തീരുമാനിക്കുന്നു.

പച്ചാളം ശ്മശാനത്തിന്റെ ഒന്നാം ഘട്ട നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഒരേ സമയം മുന്ന് മൃത ശരീരങ്ങൾ സംസ്കരിക്കുന്നതിനുള്ള ചിമ്മിണികളും സ്ഥാപിച്ച് പ്രവർത്തനം നടന്നു വരുന്നു. വർഷങ്ങളോളും ഉപയോഗിക്കാതെ കിടന്നിരുന്ന വാത്തുരുത്തി ശ്മശാനം പോർട്ടുമായുള്ള തർക്കങ്ങൾ ചർച്ച ചെയ്ത് പരിഹരിച്ച് പുതുതായി നിർമ്മിച്ച് തുറന്നു കൊടുക്കാനും ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. പുല്ലേപ്പടി സംഗമോദ്യാന നവീകരിണത്തിന് 25ലക്ഷം രുപ വകയിരുത്തിയിട്ടുണ്ട്.

**<u>ഇടക്കൊച്ചയിൽ ശാന്തിഭൂമി</u>**

ഇടക്കൊച്ചിയിൽ നിലവിലുള്ള ശ്മശാനം നവീകരിക്കും. പുതുതായി രണ്ട് ചിമ്മിണികൾ നിർമ്മിക്കും. മൃത ശരീരങ്ങൾ സംസ്കാരത്തിന് മുമ്പ് വയ്ക്കുന്നതിനും വിശ്വാസികൾക്ക് പൂജാതി കർമ്മങ്ങൾ ചെയ്യുന്നതിനും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കും. മനോഹരമായ ഉദ്യാനം വെച്ചുപിടിപ്പിക്കും. വൃക്ഷങ്ങൾ നട്ടു വളർത്തുന്നതിനും ശാന്തി ഭൂമിയിൽ എത്തുന്നവർക്ക് വിശ്രമിക്കുന്നതിനുള്ള ഇരിപ്പിടങ്ങളും കുടിവെള്ളത്തിനുള്ള സംവിധാനവും ഇവിടെയുണ്ടാവും. ലാന്റ്

സ്കേപ്പിംഗ് നടത്തും, നടപ്പാതയുണ്ടാക്കും. മതേതര ശ്മശാനമെന്ന നിലക്ക് ശാന്തി ഭൂമിയായി ഈ കേന്ദ്രത്തേ മാറ്റുന്നതിന് 2 കോടി 50 ലക്ഷം രൂപ അനുവദിക്കുന്നു.

## അടിസ്ഥാന വർഗ്ഗത്തിന് ആശയും പ്രതീക്ഷയുമായി നിരവധി സാമൂഹ്യക്ഷേമ പദ്ധതികൾ

'ഇന്നലത്തേക്കാളും ഭേദമിന്നു ന്യൂനമിന്നത്തേക്കാൾ
നന്നു നാളെ ഞങ്ങളേവം പുരോഗമിപ്പു
നവമൊരു ശുഭലോകം രമിച്ചതിൽ മനുഷ്യത്വം
നടമാടുന്നതു നോക്കി രസിക്കും ഞങ്ങൾ'

നമ്മുടെ പ്രിയങ്കരമായ ചങ്ങമ്പുഴയുടെ ഈ വരികൾക്ക് പുതിയ അർത്ഥ തലങ്ങൾ നല്കികൊണ്ടുള്ള പദ്ധതികളും പ്രവർത്തനങ്ങളുമാണ് സാധാരണക്കാരിൽ സാധാരണക്കാരെ ഉദ്ദേശിച്ചുകൊണ്ട് ഈ മേഖലയിൽ നഗരസഭ ആവിഷ്കരിച്ച് നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്.

പട്ടിണിപാവങ്ങളുടെ സർവ്വതോൻമുഖമായ ഉയർച്ചയ്ക്കുവേണ്ടിയുള്ള നിരന്തരമായ ഇടപെടലാണ് വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്നത്. സ്വന്തമായി താമസിക്കാൻ വീടില്ലാത്ത മുഴുവൻ പേർക്കും വീടു നൽകുന്നതിന് ഇ.എം.എസ് ഭവന പദ്ധതിയിലൂടെ നഗരസഭ നടത്തിയ പരിശ്രമത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയാക്കാൻ കഴിഞ്ഞെന്നത് ചാരിതാർത്ഥ്യജനകമാണ്. സ്വന്തമായി സ്ഥലമുള്ള വീടില്ലാതിരുന്ന 4642 പേർക്ക് ഇക്കാലായളവിൽ വീട് നിർമ്മിച്ച് നൽകാനായി. വീട് നിർമ്മിച്ചു നൽകുന്നതിനായി 36,00,18,000 (മുപ്പത്തിയാറ് കോടി പതിനെട്ടായിരം) രൂപ വാടില്ലാത്തവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് നഗരസഭ ചെലവഴിച്ചു. പുറമ്പോക്കിൽ താമസിച്ചിരുന്ന 138 കുടുംബങ്ങളെ ബഹുകുടുംബം പദ്ധതിയുലുടെ പുനരധിവസിപ്പിച്ചു.

പേരണ്ടൂർ കനാൽകരയിൽ നിന്നും സർക്കാർ ഉത്തരവ് മൂലം ഒഴിപ്പിച്ച് നഗരസഭയുടെ പരമാരറോഡിലുള്ള കെട്ടിടത്തിൽ (ഹോട്ടൽലിബ്രാ) താമസിപ്പിച്ചിട്ടുള്ളവരിൽ 12 കുടുംബങ്ങൾക്ക് വീടു് നിർമ്മിച്ച് നൽകി. ബാക്കിയുള്ളവരെയും പേരണ്ടൂർ കനാൽ, വാലുമ്മേൽ കനാൽ എന്നിവിടങ്ങളിലുൾപ്പെടെ താമസ്സിക്കുന്ന ഭവനരഹിതരായ പുറംപോക്ക് നിവാസികളെയും പുനരധിവസിപ്പിക്കുന്നതിന് മുണ്ടംവേലിയിൽ ഫ്ളാറ്റ് നിർമ്മിക്കുവാൻ ക്രെഡായിയുടെ സഹകരണത്തോടെ ആധുനിക രീതിയിൽ തയ്യാറാക്കിയ ഡിസൈൻ അനുസരിച്ച് വീട് നിർമ്മാണം നടത്തുന്നതിന് കിറ്റകോയെ ചുമതലപ്പെടുത്തി. കിറ്റ്കോ ടെണ്ടർ ചെയ്തെങ്കിലും ആരും ഏറ്റെടുത്തില്ല. റീടെണ്ടർ ക്ഷണിച്ചിരിക്കുകയാണ്, നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 380 വീടുകളുടെ നിർമ്മാണം സ്വകാര്യ പങ്കാളിത്വത്തോടെ പൂർത്തീകരിച്ച് പുനരധിവാസം പൂർണ്ണമാക്കും.

എസ്. ആർ. എം റോഡിലെ ഇരുപത്തിനാലുമുറി കോളനിയിലും, ഫോർട്ട്കൊച്ചി ഫിഷർമെൻ കോളനിയിലും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളോടെ ടിൻഹൗസ് നിർമ്മിക്കുന്നതിന് ഗുണഭോക്തൃ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. വീടുകളിടെ നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കും.

പടിയാത്തുകുളത്തെ നഗരസഭാ സ്ഥലത്ത് പുറംമ്പോക്കിൽ താമസ്സിച്ചുവരുന്ന 29 കുടുംബങ്ങൾക്ക് G+2 സിസ്റ്റത്തിൽ പടിയാത്തുകുളത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്ത് 600 Sqft വീതം വരുന്ന ഫ്ളാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തുന്നു.

രാമേശ്വരം കോളനി, പനയപ്പിള്ളി കോളനി, കിസ്സാൻ കോളനി എന്നിവിടങ്ങളിലും G+2 സിസ്റ്റത്തിൽ മുഴുവൻ പേർക്കും വിട് നിർമ്മിച്ചു നൽകുന്നതിനായി 50 ലക്ഷം രുപ വകയിരുത്തുന്നു.

ഇ.എം.എസ് ഭവന പദ്ധതിയിൽ പെടുത്തി സ്ഥലവും വീടും ഇല്ലാത്തവർക്കായി വീടു നിർമ്മിക്കുന്നതിന് ഒന്നാംഘട്ടമായി ചേരാനല്ലൂർ പഞ്ചായത്തിലെ ചിറ്റൂരിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള നാല് ഏക്കർ സ്ഥലം അനുവദിക്കുന്നതാണ്. രണ്ടാം ഘട്ടമായി വീട് നിർമ്മിക്കുന്നതിന് പുറംപോക്ക് സ്ഥലം കണ്ടെത്തി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് കണയന്നൂർ, കൊച്ചി തഹസീൽദാർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. എത്രയും വേഗത്തിൽ സ്ഥലം ലഭ്യമാക്കി വീടില്ലാത്ത മുഴുവൻ പേർക്കും ഇ.എം.എസ് ഭവന പദ്ധതി പ്രകാരം വീടു നിർമ്മിച്ചു നൽകുന്നതിന് തീരുമാനിക്കുന്നു.

**<u>ചേരാനല്ലൂരിൽ ഇ.എം.എസ് നഗർ</u>**

ചേരാനല്ലൂർ പഞ്ചായത്തിലെ നഗരസഭാ സ്ഥലത്ത് റോഡ്, ഡ്രൈനേജ്, ഓപ്പൺ സ്പേയ്സ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി പേരണ്ടൂർ കനാൽ പുറംമ്പോക്കിൽ നിന്നും കോടതി ഉത്തരവ് മുലം ഒഴിപ്പിക്കപ്പെട്ടിട്ടുള്ള ലിബ്രയിൽ താമസിക്കുന്നവരുൾപ്പെടെ എല്ലാപേർക്കും പേരണ്ടൂർ, കോയിത്തറ കനാൽ പുറംപോക്കുകളിൽ താമസിക്കുന്ന മുഴുവൻ കുടുംബാങ്ങൾക്കും ഒരു കുടുംബത്തിന് ഒന്നര സെന്റ് സ്ഥലം വീതം നൽകുന്നതിനും വീട് നിർമ്മിക്കുന്നതിന് 1,70,000/- രൂപ വീതം ചെലവഴിക്കുന്നതിന് തീരുമാനിക്കുന്നു. മുണ്ടൻവേലിയിലെ ഫ്ളാറ്റ് നിർമ്മാണത്തിനുള്ള കാലതാമസംകൂടി പരിഗണിച്ച് ഈ നിർദ്ദേശം. മുണ്ടൻവേലിയിൽ പൂർത്തീകരിക്കുന്ന ടി.എം മുഹമ്മദ് നഗറിൽ വാലുമ്മേൽ കോളനിയിലുള്ളവർ ഉൾപ്പെടെ പശ്ചിമ കൊച്ചിയിലും പൂർവ്വ കൊച്ചിയിലുമുള്ള ഭൂരഹിതരും ഭവനരഹിതരുമായ കുടുംബങ്ങൾക്ക് ഫ്ളാറ്റ് സൗകര്യം ഒരുക്കും.

**സമ്പൂർണ്ണ വൈദ്യുതീകരണം**

കൊച്ചി നഗരത്തിലെ വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളിലും വൈദ്യുതി എത്തിച്ച് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കുന്നതിന് KSEB യുമായി യോജിച്ച് പദ്ധതി നടപ്പിലാക്കും. നഗരത്തിലെ 100% വീടുകളിലും വൈദ്യുതീകരണം പൂർത്തിയാക്കുന്നതിന് 10 ലക്ഷം രൂപ വകയിരുത്തുന്നു.

**ജലസമൃദ്ധി**

ശുദ്ധജല വിതരണ കണക്ഷൻ ഇല്ലാത്ത നഗരത്തിലെ ദുർബല വിഭാഗക്കാരുടെ വീടുകളിൽ കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കും. ഇതിനായി ഈ ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പശ്ചിമ കൊച്ചിയിലെ മുഴുവൻ കോളനികളിലും ആദ്യഘട്ടമായി പദ്ധതി നടപ്പിലാക്കും. എസ്റ്റിമേറ്റ് തയ്യാറാക്കി നൽകണമെന്ന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ചില സാങ്കേതിക തടസ്സങ്ങളുടെ പേരിൽ നടപടികൾ വൈകിയിട്ടുണ്ട്. അത്തരം തടസ്സങ്ങൾ നീക്കി വാട്ടർ അതോറിറ്റിയുടെ സഹകരണ ത്തോടെ വാട്ടർ കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കും.

**ആരോഗ്യ പരിരക്ഷാ പദ്ധതി**

ദുർബ്ബല വിഭാഗത്തി□പ്പെട്ട 12 വയസ്സി□ താഴെ പ്രായമുള്ള നിരവധി കുട്ടികൾക്ക് കിഡ്നി സംബന്ധമായ അസുഖങ്ങളും ക്യാൻസറും പിടിപെടുന്നു. ഇവരുടെ എണ്ണം കൂടിക്കൂടി വരുന്നു. ഇതി□ ന□ാരു വിഭാഗത്തിനും ചികി□സ കിട്ടാതെ മരണപ്പെടുന്ന അവസ്ഥയാണുള്ളത്. കൊച്ചി നഗരത്തി□ സ്ഥിരതാമസമുള്ള ദുർബ്ബല വിഭാഗക്കാരുടെ 12 വയസ്സി□ താഴെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് കിഡ്നി -കാൻസർ സംബന്ധമായ അസുഖം പിടിപെട്ടാ□ ചികി□സക്ക് നഗരസഭ സഹായം ചെയ്യുന്നതാണ്. ഇതിനായി 10 ലക്ഷം രൂപ വകയിരുത്തിയിട്ടു□.

കൊച്ചി കോർപ്പറേഷനിലെ 56 നഗരസഭ വിദ്യാലയങ്ങളിലായി 4600 വിദ്യാർത്ഥികൾ പഠിക്കുന്നു□. ഇവരുടെ ആരോഗ്യ പരിപാലനവും സുരക്ഷയ്ക്കും സമ്പൂർണ്ണ ആരോഗ്യ പരിപാലന ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കും. വിദ്യാലയങ്ങളി□ രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കും. അസുഖബാധിതരെ ക□ത്തിയാ□ സൗജന്യ ചികി□സ ഉറപ്പാക്കും. തുടർ ചികി□സ ആവശ്യമെങ്കി□ അതിന് നഗരസഭ സഹായിക്കും. 25 ലക്ഷം രൂപ ഇതിനായി വകയിരുത്തുന്നു.

**ഗൃഹസമൃദ്ധി**

അവശ്യവസ്തുക്കളുടെ വില പ്രകാശവേഗത്തി□ ഉയർന്നു കൊ□ിരിക്കുന്ന ഈ ആഗോള വ□ക്കരണകാലത്ത് നഗരവാസികൾക്ക് ആശ്വാസമെത്തിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിന്റെയും NCDC-യുടേയും

സംസ്ഥാന ഗവണ്മെന്റിന്റേയും സഹായത്തോടെ കുടുംബശ്രീ വഴി 5 ലക്ഷം ഭക്ഷ്യധാന്യ കിറ്റ് സൗജന്യ നിരക്കി□ വിതരണം ചെയ്യുന്നതിന് തീരുമാനിക്കുന്നു. പഞ്ചസാര, തേയില, മൈദ, ആട്ട, പയർ, പരിപ്പ് തുടങ്ങിയ എ□ാ അത്യാവശ്യ വസ്തുക്കളും കിറ്റിലു□ാവും.

**<u>സാനിട്ടേഷൻ.</u>**

സ്വന്തമായി സെപ്റ്റിക് ടാങ്ക് കക്കൂസ് ഇല്ലാതിരുന്ന നഗരത്തിലെ 6667 കുടുംബങ്ങൾക്ക് ഇക്കാലയളവിൽ കക്കൂസ് നിർമ്മിച്ച് നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന കുടുംബങ്ങൾക്ക് കൂടി സെപ്റ്റിടാങ്ക് നിർമ്മിച്ചു നൽകുന്നതിലേക്ക് 50 ലക്ഷം രൂപ വകയിരുത്തുന്നു. സെപ്റ്റിടാങ്കുകളുടെ ലീക്ക് മാറ്റുന്നതിനും വെന്റ് പൈപ്പിൽ നെറ്റ് പിടിപ്പിക്കുന്നതിനും 10 ലക്ഷം രൂപ അധികമായി വകയിരുത്തുന്നു. തൊടുകളിലേക്കും കാനകളിലേക്കും സെപ്റ്റിക് ടാങ്ക് ഔട്ടലെറ്റുകൾ സ്ഥാപിച്ചിട്ടുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ഇത്തരം കുഴലുകൾ കോൺക്രീറ്റ് ചെയ്ത് അടക്കുകയും ചെയ്യും. പൊതുജന ആരോഗ്യത്തെ ഹനിക്കുന്ന ഇത്തരം ഹീനമായ കൃത്യങ്ങൾക്ക് എതിരെ കർക്കശമായ നടപടി സ്വീകരിക്കുന്നതിന് ഹെൽത്ത് ഓഫീസറെ ചുമതലപ്പെടുത്തുന്നു.

**<u>പുറംപോക്ക് നിവാസികൾക്ക് പട്ടയം</u>**

തൊഴിലില്ലായ്മയും - ദാരിദ്ര്യം സൃഷ്ടിച്ച ദുരിതങ്ങളിലും കടക്കെണിയിലും പെട്ട് വീടും കുടിലും നഷ്ടപ്പെട്ട് സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെട്ട് വർഷങ്ങളായി പുറംമ്പോക്കിൽ താമസ്സിച്ചു വരുന്ന 1800 പേർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകുന്നതിന് നമ്മുടെ കൗൺസിലിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായാണ് ഒരു നഗരസഭ കൈവശരേഖയായി പുതിയ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുള്ളത്. ഇവർക്ക് പട്ടയം കൊടുക്കുന്നതിന് റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. GCDA, വഖഫ് ബോർഡ് എന്നിവരുടെ സ്ഥലത്ത് താമസ്സിച്ചിരുന്ന 211 കുടുംബങ്ങൾക്ക് വേണ്ടി നഗരസഭ പണം അടക്കുകയും പട്ടയം കൊടുപ്പിക്കുകയും ചെയ്തിട്ടുണ്ട്. നഗരാതിർത്തിക്കുള്ളിൽ പുറംപോക്കിൽ താമസിക്കുന്ന മുഴുവൻ പേർക്കും സർക്കാരിൽ സമ്മർദ്ദം ചെലുത്തി പട്ടയം കൊടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. കടവന്ത്ര അമലാഭവൻ കോളനി നിവാസികൾക്ക് പട്ടയം കൊടുക്കുന്നതിന് ക്വാബിനറ്റ് അംഗീകാരം ലഭിച്ചു കഴിഞ്ഞു.

ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് താമസ്സിച്ചുവരുന്ന എളംകുളത്തെ കുടുംബി കോളനി നിവാസികൾക്ക് പട്ടയം കൊടുക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവർക്കും പട്ടയം കൊടുക്കുന്നതിന് നിരന്തരമായ ഇടപെടൽ നടത്തി പട്ടയം കൊടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

**ജ്ഞാനപ്രഭ**

കൊച്ചി നഗരത്തി□ സ്ഥിരതാമസമുള്ള ബി.പി.എ□. കുടുംബങ്ങളി□പ്പെടുന്ന 50000 കുട്ടികൾക്ക് ഉപരിപഠനത്തിന് കൺസോർഷ്യം രൂപീകരിച്ച് സഹായിക്കും. നഗരവാസിയായ ഒരു കുട്ടിപോലും പണമി□ാത്തതിന്റെ പേരി□ ഉപരിപഠനം സിദ്ധിക്കാതെപോകരുതെന്ന നിർബ്ബന്ധം നഗരസഭാ കൗൺസിലിനു□. നിർദ്ധനരായ മുഴുവൻ കുട്ടികൾക്കും ഡിഗ്രി മുത□ താ□പര്യമുള്ളിടത്തോളം ഉപരിപഠനത്തിനാവശ്യമായ സഹായം ന□കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾ, ജി□ാ ബാങ്ക്, ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾ, പൊതുന□ ഫ□ുള്ള മറ്റെ□ാ ഏജൻസികളേയും സഹകരിപ്പിച്ചുകൊ□ ക□സോർഷ്യം രൂപീകരിച്ച് പ്രവർത്തിക്കും. നഗരസഭാ വിഹിതമായി ഒരു കോടി രൂപ വകയിരുത്തുന്നു.

**ആശ്രയമി□ാത്തവർക്ക് അഭയം**

നഗരവാസികളി□ അഗതികളി□ അഗതികളായ പാവങ്ങളി□ 538 പേർക്ക് വസ്ത്രം, ഭക്ഷ്യധാന്യം എന്നിവ വതരണം ചെയ്യുന്നതിനും ചികി□സാ സഹായം, വിദ്യാഭ്യാസ സഹായം, ഭവനപുനരുദ്ധാരണം, കൗൺസിലിംഗ്, തൊഴി□ പരിശീലനം, സ്വയംതൊഴി□ സഹായം തുടങ്ങിയ ഇനങ്ങൾ നടപ്പിലാക്കുന്നതിന് 2,79,50,400/- രൂപ വകയിരുത്തിയിട്ടു□.

**വഴിയോര കച്ചവടക്കാരെ സംരക്ഷിക്കും.**

വഴിയോര കച്ചവടക്കാർക്ക് പ്രത്യേകമായി സ്ഥലം മാർക്ക് ചെയ്ത് കൊടുക്കുന്നതിനും ഓരോ ഡിസൈനിലുമുള്ള തട്ടുകൾ തയ്യാറാക്കി ആരോഗ്യവും ശുചിത്വവും ഉറപ്പ് വരുത്തി മാർക്ക് ചെയ്ത് കൊടുക്കുന്നിടങ്ങളിൽ മാത്രം കച്ചവടം നടത്തുന്നവർക്ക് ലൈസൻസ് കൊടുക്കുന്നതിനും രാജഗിരി കോളേജിനെ ഏൽപിച്ച് പഠന റിപ്പോർട്ട് നടപ്പിലാക്കുന്നതിനും സത്വര നടപടി സ്വീകരിക്കും. അതേയവസരത്തിൽ കാൽനട യാത്രക്കാർക്കും, വാഹനങ്ങൾക്കും ഉപദ്രവമുണ്ടാകുന്ന വിധത്തിലുള്ള കച്ചവടം അനുവദിക്കുന്നതല്ല. വഴിയോര കച്ചവടക്കാർക്കായി അംഗീകരിച്ച കേന്ദ്ര സർക്കാർ നയ രേഖയുടെയും നഗരസഭ നടത്തിയ പഠനത്തിന്റെയും അടിസ്ഥാനത്തിലുള്ള പദ്ധതി നടത്തിപ്പിന്റെ മുഖ്യ ചുമതല BSUP-SDO (Basic Service for the Urban Poor - Social Development Officer & Co-ordinator) നൽകി തീരുമാനിക്കുന്നു.

നിരവധി ദശാബ്ദങ്ങളായി കച്ചവടം നടത്തിപോരുന്ന ചെറുകിട കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും. ചെന്നൈ, മുംബൈ, കൽക്കത്ത തുടങ്ങിയ നഗരങ്ങളിലെ പോലെ വിവിധ ഇനങ്ങളിൽ പുറംപോക്കിൽ ഷെഡ്ഡുകളിൽ കച്ചവടം നടത്തിവരുന്നവർക്കായി പടിയാത്ത്കുളത്ത് ബഹുനില

കോമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് രൂപരേഖയായിട്ടുണ്ട്. ഇതിന്റെ നിർമ്മാണം നഗരസഭ ടെണ്ടർ ചെയത് നിർവ്വഹിക്കും. രണ്ട് ഫ്ളോറുകളിൽ ചെറു കച്ചവടക്കാർക്കുള്ള വ്യാപാര ശാലകൾ, ഓഡിറ്റോറിയം, ഓഫീസ് സൗകര്യങ്ങൾ, 29 പുറംപോക്ക് താമസ്സക്കാർക്കുള്ള ഫ്ളാറ്റുകൾ, ജിവനക്കാരുടെ ക്വാട്ടേഴ്സ് എന്നിവ മതിയായ പാർക്കിംഗ് സൗകര്യത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കും. ലോൺ, വാടക അഡ്വാൻസ്, സ്പോൺസർ ഷിപ്പ്, എന്നീ മാർഗ്ഗങ്ങളിലുടെ ഫണ്ട് കണ്ടെത്തും. 5 ലക്ഷം രൂപയാണ് അടങ്കൽ.

**<u>അങ്കണവാടികൾ/സേവന പ്രവർത്തനങ്ങൽ.</u>**

400 അങ്കണവാടികളാണ് രണ്ട് ICDS-കളിലായി നഗരസഭയുടെ നിയന്ത്രണ ത്തിൽ പ്രവർത്തിക്കുന്നത്. വേതനവും മറ്റ് ആനുകൂല്യങ്ങളും ഏറ്റവും കുറവുള്ള വിഭാഗക്കാരാണ് അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും. ഇവർക്ക് നഗരസഭ കൊടുക്കുന്നുണ്ട്. ഈ കൗൺസിലിന്റെ കാലയളവിൽ 31,81,243/- രൂപ അധിക വേതനമായി നൽകാൻ കഴിഞ്ഞു.

ആറുമാസം മുതൽ മൂന്നു വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾ, അമ്മമാർ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്കെല്ലാം അങ്കണവാടികൾ വഴി അനുപൂരക പോഷകാഹാര പദ്ധതി നടപ്പിലാക്കി വരുന്നു. 7,11,48,320/- രൂപ ഇക്കാലയളവിൽ ചെലവഴിച്ചു. ഓരൊ സെന്റിറുകളിലേക്കും ആവശ്യമുള്ള കളിപ്പാട്ടങ്ങൾ, ഫർണിച്ചറുകൾ, പാത്രങ്ങൾ, ഗ്യാസ് കണക്ഷൻ, ഗ്യാസ് സ്റ്റൗ എന്നിവയ്ക്കായി 10,39,652/- രൂപ ചെലവഴിച്ചു.

24 അങ്കണവാടികൾക്ക് പുതിയ കെട്ടിടം നിർമ്മിച്ച് കൊടുത്തതിന് പുറമേ 28 അങ്കണവാടി കെട്ടിടങ്ങൾ പുനരുദ്ധരിച്ച് മെയിന്റനൻസ് നടത്തുകയും ചെയ്തു. ഈ സാമ്പത്തിക വർഷത്തിൽ അനുപൂരക പോഷകാഹാര പദ്ധതികൾക്കായി 21 കൊടി 60 ലക്ഷം രുപയും അങ്കണവാടി ജീവനക്കാർക്കും രണ്ട് മിനി ഹാൾ നിർമ്മിക്കുന്നതിന് 16 ലക്ഷം രൂപയും ജീവനക്കാരുടെ അധിക വേതനത്തിന് 10,80,000/- രൂപയും ഉപകരണങ്ങൾ കളിപ്പാട്ടങ്ങൾ എന്നിവയ്ക്ക് 25 ലക്ഷം രൂപയും പുതിയ അങ്കണവാടികളുടെ നിർമ്മാണത്തിന് 75 ലക്ഷം രുപയും ICDS ഓഫീസ് ആധുനികവൽകരണത്തിന് 5 ലക്ഷം രുപയും അനുവദിക്കുന്നു.

**<u>അനാഥരുടെ സംരക്ഷണം.</u>**

അവശന്മാർ ആർത്ഥന്മാർ ആലംബഹീനർ  അവരുടെ സങ്കടമറിയുന്ന ഭരണ നേതൃത്വമാണ് കൊച്ചിയുടേത്. ഇൻഡ്യയൽ തന്നെ അനാഥരുടെ സംരക്ഷണത്തിന് പ്രധാന്യം നൽകി പ്രവർത്തിക്കുന്ന ഏക നഗരസഭ കൊച്ചിയാണ്. പള്ളൂരുത്തിയിൽ നഗരസഭയുടെ കണ്ണായ സ്ഥലത്ത് ഏറ്റവും മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന അനാഥാലയമാണ് പള്ളൂരുത്തി റിലീഫ് സെറ്റിൽമെന്റ്. PCSJ നഗരസഭയുമായി സഹകരിച്ച് PRS-ന്റെ നടത്തിപ്പിൽ മികച്ച സേവനമാണ് നടത്തിപോരുന്നത്. സ്തുത്യർഹമായ സേവനമനുഷ്ടിച്ചു വരുന്ന ഡോ. തങ്കമണിയേയും

സഹപ്രവർത്തകരേയും PRS-ന്റെ സൂപ്രണ്ടിന്റെയും നേതൃത്വത്തിൽ പ്രവർത്തിയെടുക്കുന്ന ജീവനക്കാരെയും എത്ര അഭിനന്ദിച്ചാലും നന്ദിരേഖപ്പെടുത്തിയാലും മതിയാവില്ല. അന്യ സംസ്ഥാനക്കാരും മാനസിക രോഗമുള്ളവരുമാണ് അന്തേവാസികളിൽ മൂന്നിൽ രണ്ട് ഭാഗവും. റിലീഫ് സെറ്റിൽമെന്റ് ഇടക്കൊച്ചിയിൽ ആധുനിക രീതിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിലേക്ക് മാറ്റുന്നതിന് കൗൺസിൽ തീരുമാനമുള്ളതും കഴിഞ്ഞ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിരുന്നതുമാണ്. 2004-ൽ കരാറെടുത്ത സംസ്ഥാന സർക്കാർ ഏജൻസിയായ ഹാബിറ്റാറ്റ് മെറ്റീരിയൽസിന്റെ വില കുതിച്ചുയർന്ന സാഹചര്യത്തിൽ വർക്ക് ഉപേക്ഷിച്ചു. പുതുക്കിയ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് ഫണ്ട് കൊടുക്കാനുള്ള സർക്കാർ അനുമതി തേടിയെങ്കിലും നഷ്ടോത്തരവാദിത്വത്തിൽ ടെണ്ടർ ചെയ്യണമെന്നാണ് സർക്കാർ നിർദ്ദേശിച്ചത്. ഉദ്യോഗസ്ഥരുടെ താല്പര്യമില്ലായ്മയുടെ ഫലമായി ഫയൽ കാണാതായി. ആരാധ്യയായ മേയർ പോലീസ് കംപ്ലൈന്റ് നിർദ്ദേശിച്ചതിനെ തുടർന്ന് കഴിഞ്ഞ മാസമാണ് ഫയൽ കണ്ടുകിട്ടിയത്. വീണ്ടും ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. നഗരസഭയിലെ ജനപ്രതിനിധികളായ കൗൺസിൽ അംഗങ്ങൾക്ക് സഹാനുഭൂതിയും കാരുണ്യവും നഗരസഭയുടെ ഫണ്ട് മുടക്കാനുള്ള സന്നദ്ധതയും ഉണ്ടെങ്കിലും ഒരു വിഭാഗം ഉദ്യോഗസ്ഥർ ഇത്തരം പദ്ധതികൾ നടപ്പിലാക്കാതിരുക്കുന്നതിന് എന്ത് ചെയ്യാൻ കഴിയും എന്ന ഗവേഷണം നടത്തുകയാണ്. കൗൺസിലും ഭൂരിപക്ഷം ജീവനക്കാരും ഒറ്റക്കെട്ടായി ഇത്തരം നീക്കങ്ങളെ പരാജയപ്പെടുത്താൻ തയ്യാറാവണമെന്ന് അഭ്യർത്ഥിക്കുന്നു. റീലീഫ് സെറ്റിൽമെന്റ് ആധുനീക രീതിയിൽ നിർമ്മിക്കുന്നതിന് 325.7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

15 വയസിൽ താഴെ പ്രായമുള്ള അനാഥരായ ആൺകുട്ടികളെ സംരക്ഷിക്കുന്ന പള്ളുരുത്തി സ്നേഹഭവൻ, പെൺകുട്ടികൾക്കായുള്ള സ്നേഹഭവൻ അനക്സ്സ്, പ്രത്യാശാഭവൻ, ശാന്തിഭവൻ, KSRTC സ്റ്റാന്റിന് എതിർവശത്ത് കരിത്തലയിൽ ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും ശാന്തിഭവൻ (പ്രത്യേകം പ്രത്യേകമായി നൈറ്റ് ഷെൽട്ടർ), വൃദ്ധമന്ദിരം, വികലാംഗ വനിതാ മന്ദിരം തുടങ്ങി പത്ത് സ്ഥാപനങ്ങളാണ് സ്തുത്യർഹമായി നഗരസഭ നടത്തിവരുന്നത്. PCSJ-ക്ക് പുറമേ ഡോൺബോസ്കോ, കൾച്ചറൽ അക്കാദമി ഫോർ പീസ് എന്നീ NGO സംഘടനകളും ഈ സ്ഥാപനങ്ങളുടെ നടത്തിപ്പിലും അന്തേവാസികളുടെ ഉന്നമനത്തിനും സഹായിച്ചുപോരുന്നു. ലയൻസ്, റോട്ടറി, വ്യാപാര വ്യവസായ സംഘടനകളും സ്ഥാപനങ്ങളും നിരവധി സന്മനസ്സുള്ള വ്യക്തികുളും നഗരസഭ നടത്തുന്ന അനാഥാലയങ്ങൾക്ക് ഭക്ഷണം, മരുന്ന്, വസ്ത്രം, അത്യാവശ്യ ഉപകരണ ങ്ങൾ എന്നിവ നൽകി സഹായിച്ചു പോരുന്നു.

അന്തേവാസികളുടെ വിദ്യാഭ്യാസം, കലാ-കായിക-സാംസ്കാരിക അഭിവൃദ്ധി, എല്ലാ പ്രയത്തിലുമുള്ള അന്തേവാസികളുടെ മാനസ്സികോല്ലാസ്സത്തിനുതകുന്ന കലാ-കായിക പരിപാടികൾ എന്നിവയെല്ലാം ഇടയ്ക്കിടെ സംഘടിപ്പിച്ചു വരുന്നു. അനാഥാലയങ്ങലുടെ നടത്തിപ്പിനായി 50 ലക്ഷം രൂപ വകയിരുത്തുന്നു.

**വാൽസല്യ ഭവൻ**

നഗരത്തിൽ പ്രയംചെന്നവരുടെ എണ്ണം വർദ്ധിവർദ്ധിച്ചുവരുന്നത് പരിഗണിച്ച് പകൽ സമയങ്ങളിൽ പ്രായം ചെന്നവരുടെ കൂട്ടായ്മയ്ക്കും വിനോദത്തിനും വിശ്രമത്തിനും പകൽ പരിപാലന കേന്ദ്രം ആരംഭിക്കും. വിവിധ സ്ഥലങ്ങളിൽ നിന്നും ഇവരെ രാവിലെ കേന്ദ്രത്തിൽ എത്തിക്കുന്നതിനും വൈകിട്ട് തിരിച്ച് വീടുകളിൽ എത്തിക്കുന്നതിനും വാഹന സൗകര്യം ഏർപ്പെടുത്തും. ഒന്നാം വർഷമായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

വിധവകൾ, അവിവാഹിതരായ 50 വയസ്സ് കഴിഞ്ഞവർ, വാർദ്ധക്യം ബാധിച്ചവർ, വികലാംഗർ, കർഷക തൊഴിലാളികൾ എന്നിവർക്കെല്ലാം നിലവിൽ പ്രതിമാസം 250/- രൂപ പ്രകാരം പെൻഷൻ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 5593 പേർക്ക് 14,84,22,550/- രൂപ പെൻഷൻ ഇനത്തിൽ നഗരസഭ വിതരണം ചെയ്തു. 2010 ഏപ്രിൽ ഒന്ന് മുതൽ അർഹതയുള്ള പാവപ്പെട്ടവർക്കെല്ലാം 300/- രൂപയായി പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകുവാൻ സംസ്ഥാന ബഡ്ജറ്റിലൂടെ നമ്മുടെ പ്രീയങ്കരനായ ധനമന്ത്രി ഡോ. തോമസ് ഐസക് പ്രഖ്യാപിച്ചിട്ടുള്ളതിന്റെ പ്രയോജനം നഗരവാസികൾക്കും ലഭിക്കും. പെൻഷൻ തുക വർദ്ധിപ്പിച്ച് സംസ്ഥാന സർക്കാരിനെ ഞങ്ങൾ അനുമോദിക്കുന്നു. ഇതിനു പുറമേ 748 പേർക്ക് 7,43,760/- രൂപ തൊഴിൽ രഹിത വേതനവും കൊടുത്തിട്ടുണ്ട്.

**5000 ഉദ്യോസാർത്ഥികൾക്ക് ഈ വർഷം ജോലി**

വിവര സാങ്കേതിക മേഖല, ഓട്ടോമോബൈൽ മെക്കാനിക്ക്, കസ്റ്റമർ റിലേഷൻ, ഓഫീസ് മാനേജ്മെന്റ്, ടൂറിസം ഹോട്ടൽ സേവനങ്ങൾ, മൊബൈൽ ഫോൺ, ടി.വി, ഡി.റ്റി.എച്ച് റിപ്പയർ, ആധുനീക തയ്യൽ എന്നീ ഇനങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന 1500 പേർക്ക് ഒന്നാം ഘട്ടത്തിൽ പരിശീലനം കൊടുക്കും. പരിശീലനം പൂർത്തീകരിക്കുന്ന 1500 പ്ലേസ്മെന്റ് ഉറപ്പാക്കും. ട്രെയിനിംഗ് ചെലവിന് 81 ലക്ഷം രൂപ അനുവദിക്കുന്നു. വിവിധ മേഖലകളിലെ തൊഴിൽ സാധ്യത സംബന്ധിച്ച് സർവ്വേ നടത്തി കണ്ടെത്തുന്ന അവസരങ്ങളിൽ വിവിധ ട്രേഡുകളിൽ 5000 പേർക്ക് പരിശീലനം കൊടുക്കും. പരിശീലനം നേടുന്ന മുഴുവൻ പേരുടെയും തൊഴിൽ ലഭ്യത ഉറപ്പാക്കും.

നഗരസഭയിൽ കുടുംബശ്രി സി.ഡി.എസ്സുകൾ, ജനകീയാസൂത്രണം, KSUDP, പോവർട്ടി സോഷ്യൽ ഫണ്ട്, JNNURM, BSUP, പട്ടിക ജാതി വികസനം, സാമൂഹ്യ ക്ഷേമം, വനിതാ ക്ഷേമം, പുതുതായി പ്രഖ്യാപിച്ചിരിക്കുന്ന രാജീവ് ഗാന്ധി ആവാസ് യോജന തുടങ്ങി വിവിധ മേഖലകളിലായി പരിശീലനം, തൊഴിൽ അവസരങ്ങൾ

സൃഷ്ടിക്കൽ, പരിശീലന കേന്ദ്രങ്ങൾ, വിവരണ കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും.നിലവിലുള്ള വിവിധ ഏജൻസികളെ ഏകോപിപ്പിക്കുന്നതിനും എല്ലാത്തിനേയും ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി പരസ്പര പൂരകമായി നടപ്പിലാക്കുന്നതിന് ആരാധ്യയായ മേയർ ചെയർമാനും, സോഷ്യൽ ഡെവലപ്പ്മെന്റ് ഓഫീസർ കൺവീനറും ആയ മോണിറ്ററിങ് കമ്മിറ്റിക്ക് രൂപം നൽകുന്നു. നഗരസഭ നേതൃത്വം കൊടുത്ത് നടപ്പിലാക്കി പോരുന്ന എല്ലാത്തരത്തിലുമുള്ള ക്ഷേമ പ്രവർത്തനങ്ങളുടെയും കുടുംബശ്രീ, EMS ഭവന പദ്ധതി, BSUP എന്നിവയുടെയെല്ലാം ചുമതല വഹിക്കുന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്. ചെയർമാൻ ടി. കെ ഷംസുദ്ദീന്റെ നേതൃത്വത്തിൽ മികവുറ്റ പ്രവർത്തനവും മേൽനോട്ടവുമാണ് കമ്മിറ്റി നടപ്പിലാക്കി പോരുന്നത്.

## പോവർട്ടി സോഷ്യ□ ഫ□ (PSF)

നഗരസഭ നടപ്പിലാക്കി വരുന്ന കോളനി നവീകരണ പ്രവർത്തനങ്ങൾക്കായി 9,19,49,370/- രൂപ ചെലവഴിച്ച് അങ്കനവാടികൾ, കമ്മ്യൂണിറ്റി ഹാളുകൾ, ഡ്രെയിനേജ്, കോൺക്രീറ്റ് ലെയിൻസ്, റോഡുകൾ, കാന, ഫുട്പാത്ത്, ലൈറ്റ്, പൈപ്പ് തുടങ്ങി വിവിധ പൊതുമരാമത്ത് ജോലികൾ പൂർത്തീകരിച്ച് വരികയാണ്. 80% വും ഇതിനകം പൂർത്തീയായിക്കഴിഞ്ഞു.

# സാമ്പത്തികം-വികസനം-ഗവേണൻസ്

## പീപ്പിൾ ഫ്ര□ലി ലോഡ്ജ്

നഗരസഭയുടെ പരമാരയിലുള്ള കെട്ടിടത്തിൽ (ലിബ്രഹോട്ട□) താമസിക്കുന്ന കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കിയ ശേഷം കെട്ടിടത്തിന്റെ എ□ാ തരത്തിലുമുള്ള മെയിന്റനൻസ് വർക്കുകളും പൂർത്തീകരിച്ച് താഴെ ഷോപ്പിംഗ് സെന്ററുകളാക്കി മാറ്റും. പരമാരയി□ കെട്ടിടം നഗരസഭ നിർമ്മിച്ചത് നഗരത്തിലെത്തിച്ചേരുന്ന പാവപ്പെട്ട ആളുകൾക്ക് കുറഞ്ഞ ചിലവി□ താമസ സൗകര്യം ലഭ്യമാക്കുന്നതിനാണ്. ജനത ലോഡ്ജ് എന്ന നിലയ്ക്ക ഏറെക്കാലം പ്രവർത്തിപ്പിച്ചിരുന്നു. മെന്റോർ ഹോട്ടലാലും ലിബ്ര ഹോട്ടലായും കരാറെടുത്തവർ പേരും കാഴ്ചപ്പാടും മാറ്റിതീർത്തു. കരാറെടുത്തവർ നഗരസഭയുടെ അനുമതിയോ അംഗീകാരമോ ഇ□ാതെ തോന്നിയതുപോലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും നിശ്ചയിച്ച വാടക അടക്കാതെ നടത്തിക്കൊ□ുപോവുകയും ചെയ്തു. ഇതിനെ തുടർന്ന് ഒഴിപ്പിക്കാനുള്ള ശ്രമങ്ങൾ നഗരസഭ നടത്തി. ശ്രമങ്ങൾക്കെതിരെ സ്റ്റേയും കോടതി നടപടികളുമായി വർഷങ്ങളോളം നീട്ടിക്കൊ□ുപോയി. ര□ു സന്ദർഭങ്ങളിലും നഗരസഭയുടെ സമർത്ഥമായ ഇടപെടലിനെതുടർന്ന് കെട്ടിടം വീ□ടുക്കാനായി, ഈ അനുഭവങ്ങളുടെകൂടി

പശ്ചാത്തലത്തി□ നഗരത്തിലെത്തിച്ചേരുന്ന സംഘങ്ങൾക്കും കുടുംബങ്ങൾക്കും ഉപയോഗിക്കാൻ കഴിയുന്ന ഡോർമെറ്ററികളം അത്യാവശ്യം റൂമുകളും നിർമ്മിക്കുന്നതിനും നടത്തിപ്പു ചുമതല കുടുബശ്രീയെ ഏ□പ്പിക്കുന്നതിനും തീരുമാനിക്കുന്നു.

പരമാരയി□ മൈത്രി ആഡിറ്റോറിയം പൊളിച്ചുമാറ്റിയ സ്ഥലത്ത് വൃദ്ധർ, വികലാംഗർ എന്നീവിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം സൗകര്യങ്ങളോടെ ഡ്രസ്സിംഗ്റൂം, ക്ലോക്ക്റൂം, റസ്റ്ററും തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെ പേ ആന്റ് യൂസ് ടോയ്‌ലറ്റ് പണികഴിപ്പിക്കും. നടത്തിപ്പ് ചുമതല കുടുംബശ്രീയെ ഏ□പ്പിക്കുന്നതാണ്.

**പർവ്വാന - ഓഫീസ് കം കോമേഴ്സ്യൽ കോംപ്ലക്സ്.**

പശ്ചിമ കൊച്ചിയിലെ പർവ്വാന ജംങ്ഷനിൽ ഉപയോഗ ശൂന്യമായിട്ടുള്ള പഴയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി താഴെ കോമേഴ്സ്യൽ കോംപ്ലക്സും മുകളിൽ ആധുനീക സൗകര്യങ്ങളോടെ നഗരസഭാ ഓഫീസ് മന്ദിരവും നിർമ്മിക്കും. ടൗൺപ്ലാനിംഗ്, എൻജിനീയറിംഗ്, റവന്യു, ഹെൽത്ത്, UPAD, ജനസേവാ കേന്ദ്രം, ICDS തുടങ്ങി ഫോർട്ട് കൊച്ചി മട്ടാഞ്ചേരി എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകളെല്ലാം ജനങ്ങൾക്ക് എല്ലാ ഭാഗത്തി നിന്നും വന്നു പോകുന്നതിന് സൗകര്യപ്രദമായ പർവ്വാനയിൽ നിർമ്മിക്കുന്ന കെട്ടിടത്തിലേക്ക് മാറ്റും. ഓഫീസിലെത്തുന്ന ജനങ്ങൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഇരിപ്പിടങ്ങളും സജ്ജമാക്കും. ഈ വേലയുടെ നിർവ്വഹണത്തിന് സ്വകാര്യ പങ്കാളിത്വം ക്ഷണിക്കും. ഒന്നാം ഘട്ടമായി 1 കൊടി രൂപ വകയിരുത്തുന്നു.

നിലവിലെ ഫോർട്ട്കൊച്ചി ഓഫീസ് മന്ദിരം ഹെറിറ്റേജ് മ്യൂസിയമാക്കി മാറ്റും കൊച്ചിയുടെയും, കേരളത്തിന്റെയും പൈതൃകം, സംസ്കാരം എന്നിവ സംബന്ധിച്ച സർവ്വ വിജ്ഞാനങ്ങളും ലഭ്യമാക്കുന്ന മ്യൂസിയമായിരിക്കും ഇത്. ചുമതല C-hed-നെ ഏൽപിക്കുന്നു.

**മട്ടാഞ്ചേരിയിൽ വാണിജ്യ സമുച്ഛയം**

നിലവിലുള്ള ഓഫീസുകൾ പർവ്വാനയിൽ നിർമ്മിക്കുന്ന കൊച്ചി അർബൻ സെന്ററിലേക്ക് മാറ്റുന്നതോടെ മട്ടാഞ്ചേരിയിലെ പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി ന്യൂതനമായ കോമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കും. ഇതിന് 50 ലക്ഷം രൂപ ഒന്നാം ഘട്ടമായി അനുവദിക്കുന്നു.

**ചക്കാമാടത്ത് ഷോപ്പിംഗ് മാൾ**

മട്ടാഞ്ചേരിയുടെ പ്രധാന്യമേറിയ സ്ഥാനത്തുള്ള ചക്കാമാടം വെജിറ്റബിൾ മാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് ആധുനീക ഷോപ്പിംഗ് മാൾ നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു. BOT അടിസ്ഥാനത്തിൽ നിർമ്മിക്കാൻ കഴിയുമെന്ന് കണക്കാക്കുന്നു.

**കമ്മ്യൂണിറ്റി പാർട്ടിസിപ്പേഷൻ ഫണ്ട്.**

വിവിധ പ്രദേശങ്ങളിലെ റസിഡന്റ്സ് അസോസിയേഷനുകളുടെ പങ്കാളിത്തത്തോടെ പ്രാദേശിക വികസനത്തിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കും. കേന്ദ്ര-സംസ്ഥാന വിഹിതവും നഗരസഭാ വിഹിതവും ഉൾപ്പെടെ ഏറ്റെടുക്കുന്ന പദ്ധതി ചെലവിന്റെ 90% നഗരസഭ വഹിക്കും. 10% തുക കമ്മ്യൂണിറ്റി വഹിക്കണം. ഇതിന് സന്നദ്ധതയുള്ള പ്രദേശങ്ങളിലെ ജനങ്ങൾ നിർദ്ദേശിക്കുന്ന ഏതൊരു പ്രവർത്തനവും ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നഗരസഭ ഫണ്ട് നൽകും. കമ്മ്യൂണിറ്റി ഹാൾ, പാർക്കുകൾ, കുളങ്ങളുടെ നവീകരണം, ചെറുകിട സംരംഭങ്ങൾ, വായനശാല, വാട്ടർ ടാങ്ക് തുടങ്ങി കമ്മ്യൂണിറ്റി ചർച്ച ചെയ്ത് തെരഞ്ഞെടുക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ കഴിയും

**ഇ- ഗവേണൻസ് സേവനങ്ങൾ**

1. കെട്ടിട നികുതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ഓൺലൈനിലൂടെ അറിയുന്നതിനും ഇ-പേയ്മെന്റ് സംവിധാനത്തോടുകൂടി നികുതികൾ അടയ്ക്കുന്നതിനുമുള്ള സംവിധാനം .
2. ജനന-വിവാഹ-മരണ രജിസ്ട്രേഷൻ ഓൺലൈനിലൂടെ അപേക്ഷിക്കുന്നതിനും സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.
3. കെട്ടിട നിർമ്മാണത്തിനുള്ള പ്ലാൻ ഓൺലൈനിലൂടെ സമർപ്പിക്കുന്നതിനും അനുമതി ലഭിക്കുന്നതിനുമുള്ള സംവിധാനം.
4. എല്ലാ ലൈസൻസുകളും ഓൺലൈനിലൂടെ അപേക്ഷിക്കുന്നതിനും ലഭിക്കുന്നതിനുമുള്ള സംവിധാനം.
5. അപേക്ഷകളിൻമേലുള്ള പുരോഗതി ഓൺലൈനിലൂടെ അറിയുന്നതിനുമുള്ള സംവിധാനം.
6. നഗരസഭയിൽ നടക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ വെബ്സൈറ്റിലൂടെ അറിയുന്നതിനുമുള്ള സംവിധാനം.
7. കൗൺസിൽ അജണ്ടയും തീരുമാനങ്ങളും അപ്പപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുന്നതിനും പൊതുജനങ്ങൾക്ക് വെബ്സൈറ്റിലൂടെ അറിയുന്നതിനുമുള്ള സംവിധാനം.
8. ടൗൺഹാൾ ബുക്കുചെയ്യുന്നതിനും ലഭ്യത അറിയുന്നതിനും ഓൺലൈൻ സംവിധാനം.
9. പൊതുജനങ്ങൾക്ക് പരാതി പരിഹാരങ്ങൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം.
10. ഉദ്യോഗസ്ഥവിവരങ്ങൾ, Work flow, അക്കൗണ്ടിംഗ് തുടങ്ങി മറ്റ് സംവിധാനങ്ങൾ.

കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്ന വീഡിയോ കോൺഫറൻസിംഗ് നടപ്പിലാക്കി. ഈ സംവിധാനം സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയ തദ്ദേശ സ്വയംഭരണ സ്ഥാപനം കൊച്ചി നഗരസഭയാണ്

## ഹൈടെക് അഡ്മിനിസ്ട്രേഷൻ

നഗരഭരണം കൂടുതൾ കാര്യക്ഷമമാക്കുന്നതിന് ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഭരണ സംവിധാനം നവീകരിച്ച് ഹൈടെക് അഡ്മിനിസ്ട്രേഷൻ ആക്കും. സമ്പൂർണ്ണമായും ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി വിപ്രോയെ ചുമതലപ്പെടുത്തി ടെണ്ടർ സ്റ്റേജായി. നടപടി ക്രമങ്ങൾ പൂർത്തികരിച്ച് ഈ വർഷം ഡിസംബർ 31-നകം നടപ്പിലാക്കും. ജനനം, മരണം, വിവാഹ രജിസ്ട്രേഷൻ എന്നിവ മുന്നു മാസങ്ങൾക്കുള്ളിൽ ഓൺലൈനാക്കും. ആറ് മാസങ്ങൾക്ക് ഉള്ളിൽ ഓൺലൈൻ ബിൽഡിംഗ് പെർമിറ്റ് നൽകി തുടങ്ങും. എല്ലാ രംഗത്തും ഡിസംബർ 31-നകം ഇ-ഗവേണൻസ് നടപ്പിലാക്കും. 2011 ജനുവരി 1 മുതൽ ഇ-ഫയലിംഗ് നടപ്പിലാക്കും.

മെയിൻ ഓഫീസും സോണൽ ഓഫീസുകളും ക്യൂബിക്കിൾ സമ്പ്രദായത്തിൽ നവീകരിക്കും. ഫയലുകളും റെക്കോർഡുകളും സൂക്ഷിക്കുന്നതിന് ആവശ്യമുള്ളത്ര ഷെൽഫുകൾ വാങ്ങും. ക്യൂബിക്കിൾ സംവിധാനം നടപ്പിലാക്കുന്നതോടെ ഫർണിച്ചറുകളും ആധുനികരിക്കും. ഓഫീസിൽ ജീവനക്കാർക്കും പൊതുജനങ്ങൾക്കും കുടിവെള്ളം നൽകുന്നതിനും സംവിധാനമുണ്ടാക്കും. അടച്ചുറപ്പുള്ള ടോയ്ലറ്റുകൾ ഉൾപ്പെടെ മതിയായ ടോയ്ലറ്റ് സൗകര്യങ്ങളും, ജനങ്ങൾക്ക് ഇരിക്കാനുള്ള ഇരിപ്പിടങ്ങളും ഏർപ്പെടുത്തും. വിവിധ ആവശ്യങ്ങൽക്കായി നഗരസഭയിൽ എത്തുന്ന പൗരജനങ്ങൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതാണ്. അതി വേഗതയിൽ കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ജീവനക്കാരെ പ്രാപ്തരാക്കുന്നതിന് നടപടി സ്വീകരിക്കും. മെയിൻ ഓഫീസിലും സോണൽ ഓഫീസുകളിലും ജീവനക്കാർക്കായി ഡൈനിംഗ് ഹാൾ നിർമ്മിക്കുന്നതാണ്.

സോണൽ ഓഫീസികൾ സർക്കിൾ ഓഫീസുകൾ എന്നിവയുടെ അറ്റകുറ്റപണികൾ മുന്നു മാസങ്ങൾക്കകം പൂർത്തീകരിക്കും. മെയിൻ ഓഫീസിനോട് ചേർന്ന് SBI-യുടെ ATM കൗണ്ടർ ആരംഭിക്കുന്നതിനും പേ ആന്റ് യൂസ് ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കും. ജീവനക്കാർക്ക് കുറഞ്ഞ വിലക്ക് അത്യാവശ്യ വസ്തുക്കൾ ലഭ്യമാക്കുന്നതിന് സൊസൈറ്റി രൂപീകരിച്ച് ന്യായവില വിൽപന ശാല ആരംഭിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾക്കാകെ 50 ലക്ഷം രുപ വകയിരുത്തുന്നു.

പഴക്കമുള്ള രവിപുരത്തെ ക്വാർട്ടേഴ്സിന് പകരം കൂടുതൽ ആധുനിക സൗകര്യങ്ങളോടെ ജീവനക്കാർക്കായി ഫ്ളാറ്റ് സമുച്ചയം നിർമ്മിക്കും. ഇതോടനുബന്ധിച്ച് വനിതാ ഹോസ്റ്റൽ പണികഴിപ്പിക്കും. ഒന്നാം ഘട്ടമായി 1 കോടി രൂപ നീക്കിവെയ്ക്കുന്നു. സൗത്തിലെ ബാച്ചിലേഴ്സ് ക്വാർട്ടേഴ്സ് പുനർനിർമ്മിക്കും. ഈ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്തുന്നതിന് ജീവനക്കാരുടെ പ്രതിനിധികളടങ്ങിയ മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നൽകുന്നതാണ്.

നഗരസഭയുടെ കണ്ടിജന്റ് തൊഴിലാളികളുൾപ്പെടെ മുഴുവൻ ജീവനക്കാരുടെയും ശമ്പളവും ആനുകൂല്യങ്ങളും കൃത്യസമയത്ത് കൊടുക്കുന്നതിനും കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനും പ്രത്യേക സംവിധാനത്തിന് രൂപം നൽകും. ജീവനക്കാരുടെ കലാ-കായിക സാഹിത്യ വാസനകളെ പരിപോഷിപ്പിക്കുന്നതിന് "**നഗരോത്സവ്**" സംഘടിപ്പിക്കും.

കൊച്ചിയെ ലോകോത്തര നഗരമാക്കി മാറ്റുന്നതിന് കൈ-മെയ് മറന്ന് പ്രവർത്തിച്ച, കഴിഞ്ഞ നാലരകൊല്ലക്കാലം കൗൺസിലിനോട് സഹകരിച്ച വകുപ്പ് മേധാവികളുൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരെയും തൊഴിലാളികളെയും അനുമോദിക്കുന്നു. കൗൺസിലിന്റെ നന്ദി അറിയിക്കുന്നു.

നഗരസഭയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഉൾപ്പെടെ കൗൺസി□ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കേ□ത് മുനിസിപ്പാലിറ്റീസ് ആക്ട് അനുസരിച്ച് സെക്രട്ടറിയും എക്സിക്യൂട്ടീവുമാണ്. ശ്രീമതി മിനി ആന്റണി IAS ട്രാൻസ്ഫറായി പോയ ശേഷം കൊച്ചി നഗരസഭയ്ക്ക് സെക്രട്ടറിയി□. ശ്രീ. പി.ജി.തോമസ് IAS നെ ഗവണ്മെന്റ് നിയമിച്ചുവെങ്കിലും ഒരു മാസത്തി□ അഞ്ചോ ആറോ ദിവസം മാത്രമാണ് അദ്ദേഹം ആഫീസി□ എത്തിയിരുന്നത്. മുനിസിപ്പ□ ഭരണ സംവിധാനത്തെക്കുറിച്ച് പഠിക്കാനും ഭരണത്തിന്റെ ചുമതല ഏറ്റെടുക്കാനും അദ്ദേഹം തയ്യാറായിരുന്നി□. ഇപ്പോൾ അദ്ദേഹവും ട്രാൻസ്ഫറായി എന്ന് കേൾക്കുന്നു.

ആറുമാസമായി കോർപ്പറേഷൻ എഞ്ചിനീയറുടേയും ര□ അസി.എക്സി. എഞ്ചിനീയർമാരുടേയും പോസ്റ്റുകൾ ഒഴിഞ്ഞു കിടക്കുകയാണ്. താഴെ തട്ടിലും നിരവധി തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും ഉള്ള ഉദ്യോഗസ്ഥരുടെ ജോലിയുടെ ആധിക്യവും കഴിഞ്ഞ ഒരു വർഷമായി നഗര ഭരണത്തെ പ്രതികൂലമായി ബാധിച്ചിട്ടു□. JnNURM- KSUDP പദ്ധതികൾക്ക് കേന്ദ്ര ഫ□ും ADB ഫ□ും ലഭ്യമാണ്. JnNURM പദ്ധതി അടങ്കലിന്റെ 50% മാത്രമെ ന□കൂ എന്നതും ര□ ഏജൻസികളും ലാന്റ്

അക്വിസിഷന് ഫ□ അനുവദിക്കാത്തതും പദ്ധതി നടത്തിപ്പിന്റെ തടസ്സങ്ങളി□ പെടുന്നു□.

വില വർദ്ധനവിന്റെ ഫലമായു□ാകുന്ന ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഫലമായി എസ്റ്റിമേറ്റിലു□ാവുന്ന വ്യതിയാനത്തിന്റെ ഭാഗമായുള്ള അധിക ഫ□, ടെ□ർ അധിക നിരക്ക് ഇതൊന്നും തന്നെ JnNURM-KSUDP ന□കി□. 50% ത്തിനു പുറമെ പലപ്പോഴും 50–80% തുക കൂടി സംസ്ഥാന സർക്കാരും നഗരസഭയും ക□െത്തണം. ഇതിനു വേ□ി വരുന്ന ഫയ□ നീക്കങ്ങളും JnNURM-KSUDP മാനദണ്ഡമനുസരിച്ച് DPR തയ്യാറാക്കിയ കൺസൾട്ടിന്റെ ഇടപെട□, സ്റ്റാന്റിംഗ് കമ്മിറ്റി, കൗൺസി□, C-TAG, സ്റ്റേറ്റ് ടെക്നിക്ക□ കമ്മിറ്റി, KSUDP, ഗവണ്മെന്റ്, സ്റ്റിയറിംഗ് കമ്മിറ്റി, എംപവേർഡ് കമ്മിറ്റി എന്നിവയുടെ അനുമതി ലഭ്യമാക്ക□ ഏതെങ്കിലും നേരിയ വ്യത്യാസം നിർദ്ദേശിക്കപ്പെട്ടാ□ പോലും വീ□ും ഈ എ□ാ തട്ടുകളിലും ഫയലുകൾക്ക് അംഗീകാരം തേട□, ടെ□ർ അധിക നിരക്ക് 20% ത്തിലധികമായാ□ റീടെ□ർ നടപടി ഇതെ□ാം കൊച്ചി നഗരസഭ കൗൺസിലിന്റെ നിയന്ത്രണത്തിന് അപ്പുറമുള്ള കാര്യങ്ങളാണ്. പദ്ധതി നടപ്പിലാക്കാനുള്ള കാലതാമസത്തിന്റെ ഏറ്റവും പ്രധാന ഘടകങ്ങളിതൊക്കെയാണ്. ഓരോ ഘട്ടത്തിലും ആരാദ്ധ്യയായ മേയറും പ്രോജക്ട് മാനേജരും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരും നിരന്തരമായി ഇടപെട്ട് പരമാവധി വേഗത വർദ്ധിപ്പിക്കുന്നതിനും തടസ്സങ്ങൾ നീക്കുന്നതിനും പരിശ്രമിച്ചു പോരുന്നു. ശ്രീ.ടി.കെ.ജോസ് IAS നെ നോഡ□ ഓഫീസറായി ചുമതലപ്പെടുത്തിയതു മുത□ അദ്ദേഹത്തിന്റെ ന□ സഹായവും ലഭിക്കുന്നു□. ലാന്റ്ക്വിസിഷൻ നടത്തിതരേ□ത് റവന്യൂ അധികൃതരാണ്. അത്യധികം സങ്കീർണ്ണമായ പൊന്നും വില നടപടികൾ പൂർത്തിയാവാനുള്ള കാലദൈർഘ്യം സംസ്ഥാനത്തെ മറ്റെ□ാ പദ്ധതികളേയും പോലെ കൊച്ചി നഗര പദ്ധതികളേയും ബാധിക്കുന്നു□. എന്നാ□ S.A റോഡ് പള്ളിമുക്ക് വരെയുള്ള ഭാഗം, ബ്രഹ്മപുരം, പാഴൂർ ജലവിതരണ പദ്ധതി ഇതിലെ□ാം മറ്റേതൊരു പദ്ധതിയേക്കാൾ വേഗതയിലാണ്. ജി□ാകലക്ടറും സഹപ്രവർത്തകരും ഭൂമി ഏറ്റെടുത്ത് ന□കിയിട്ടുള്ളതാണ്. അത് അഭിനന്ദനാർഹമാണ്.

ഇതിനെ□ാം പുറമെ കൗൺസി□ എടുക്കുന്ന തീരുമാനങ്ങൾക്ക് പുറമെ അടയിരിക്കുന്നവരും കൊറിയിട്ട് ആശയക്കുഴപ്പമു□ാക്കുന്നവരും പഴയ മദ്രാസ് മുനിസിപ്പാലിറ്റീസ് ആക്ട് 1994 മുത□ മാറിയെന്ന് അംഗീകരിക്കാത്തവരുമായ ഒറ്റപ്പെട്ടതെങ്കിലും ചില പ്രധാന ഉദ്യോഗസ്ഥമേധാവികളും പദ്ധതികളും തീരുമാനങ്ങളും വൈകിക്കുന്നതിന് കാരണക്കാരാണ്. ഇത്തരം ദൗർബല്യങ്ങൾ തിരുത്തി പ്രഖ്യാപിച്ച പദ്ധതികൾ അതിവേഗത്തി□

നടപ്പിലാക്കുന്നതിന് സെക്രട്ടറിയോ ചുമതലക്കാരനോ ആയ പ്രധാന ഉദ്യോഗസ്ഥനും വകുപ്പ് മേധാവികളും തയ്യാറാവണം. അതത് സ്റ്റാന്റിംഗ് കമ്മിറ്റകളുടെ നിയന്ത്രണത്തി□ വരുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട് ബഡ്ജറ്റി□ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് മോണിറ്ററിംഗ് കമ്മറ്റിയായി കൂടി സ്റ്റാന്റിംഗ് കമ്മിറ്റികൾ പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുന്നു. മേയറുടെ നേതൃത്വത്തി□ സ്റ്റിയറിംഗ് കമ്മിറ്റി ബഡ്ജറ്റ് അവലോകന മീറ്റിംഗുകൾ പ്രതിമാസം നടത്തുന്നതിനും തീരുമാനിക്കുന്നു.

**<u>വസ്തു നികുതി വർദ്ധിപ്പിക്കില്ല</u>**

പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി ചുമത്താനുള്ള നടപടികളാകെ പൂർത്തിയാക്കി നടപ്പിലാക്കുന്നതിന് തുടങ്ങിയപ്പോൾ സർക്കാർ നികുതി പരിഷ്കാരം നടപ്പിലാക്കാനുള്ള അധികാരം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകികൊണ്ട് ഉത്തരവിറക്കുകയാണുണ്ടായത്. കഴിഞ്ഞ 20 വർഷത്തിനിടയിൽ കൊച്ചി നഗരത്തിൽ വസ്തു നികുതി വർദ്ധിപ്പിച്ചിട്ടില്ല. ഷെഡ്യൂൾ പരിഷ്കരണം. ശമ്പള പരിഷ്കരണം, ഇന്ധന വില വർദ്ധനവ്, ദൈനംദിന ചെലവ് ഇതിനെല്ലാം കോടിക്കണക്കിന് രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. D&O ലൈസൻസ് വർദ്ധിപ്പിക്കുന്നതിന് എടുത്ത തീരുമാനവും നടപ്പിലാക്കിയിട്ടില്ല.

ഈ സാമ്പത്തിക വർഷത്തിൽ വസ്തു നികുതി വർദ്ധിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിക്കുന്നു. ഒന്നാം നിലക്ക് നികുതി അസ്സസ് ചെയ്ത് മുകളിലേക്കുള്ള നിലകൾക്ക് അസ്സസ്മെന്റ് നടത്താത്ത മുഴുവൻ കെട്ടിടങ്ങളും കണ്ടെത്തി അസ്സസ്മെന്റ് നടത്തും. ഗാർഹിക ആവശ്യങ്ങൾക്കായി അസ്സസ് ചെയ്ത് കുറഞ്ഞ നിരക്ക് ചുമത്തിയ ശേഷം വ്യവസായീക ആവശ്യത്തിനായി ഉപയോഗിച്ച് വരുന്ന നൂറുകണക്കായ കെട്ടിടങ്ങൾക്ക് വ്യാവസായിക നികുതി ചുമത്തി പിരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. CBD ഏരിയായിലും, നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ തുടങ്ങിയ നഗരത്തിലെ പ്രധാന റോഡുകളോടു ചേർന്നുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെയും വൻകിട പാർപ്പിട സമുച്ചയങ്ങളുടെയും ആഡംബര കെട്ടിടങ്ങളുടെയും നികുതി നിർണ്ണയം പരിശോധിച്ച് അണ്ടർ അസ്സസ്മെന്റ് കണ്ടെത്തി നിലവിലുള്ള സമ്പ്രദായ പ്രകാരം ന്യായമായ നികുതി ചുമത്തും. എൻക്രോച്ച് ചെയ്തിട്ടുള്ള കെട്ടിടങ്ങൾക്ക് പിഴയായി എൻക്രോച്ച്മെന്റ് ഫീസ് ഈടാക്കുന്നതാണ്. 2010-ന് മുമ്പ് നിർമ്മിച്ചിട്ടുള്ള ക്രമപ്രകാരമല്ലാത്ത കെട്ടിടങ്ങൾ റെഗുലേറ്റ് ചെയ്ത് ഫൈനുൾപ്പെടെ ഫീസ് ഈടാക്കും. സർക്കാർ ബിൽഡിംഗ് റൂളിൽ വരുത്തിയ ഭേദഗതികളിലൂടെ പുതിയതായി നിർമ്മിക്കുന്ന

വൻ കെട്ടിടങ്ങളിൽ നിന്നും പുതിയതായി പെർമിറ്റ് ഫീസ് ഇനത്തിൽ 60 കോടി രൂപ ലഭിക്കുമെന്ന പ്രതീക്ഷിക്കുന്നു.

കൊച്ചി നഗരത്തിൽ നഗരത്തിന്റെ പശ്ചാത്തല സൗകര്യം പ്രയോജനപ്പെടുത്തി സ്ഥാപിക്കുന്ന ടവറുകൾക്ക് ഡവലപ്പ്മെന്റ് സർച്ചാർജായി ഒരു ലക്ഷം രൂപ ഈടാക്കുന്നതിന് തീരുമാനിക്കുന്നു. 2008-2009 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശത്തിൻ തുടർച്ചയിൽ കൗൺസിൽ തീരുമാനത്തിൽ കുറഞ്ഞുപോയ ഹോർഡിംസ് ഫീസ് മുൻ നിശ്ചയപ്രകാരം പുനസ്ഥാപിക്കുന്നു. പുതിയതായ് സ്ഥാപിക്കുന്നതിന് സ്ക്വയർ മീറ്ററിന് 500 രൂപയും പുതിക്കുന്നതിന് 300 രൂപയും എന്ന നിലയ്ക്ക് വർദ്ധിപ്പിച്ച് തീരുമാനിക്കുന്നു. പ്രോപ്പർട്ടി ടാക്സിന്റെ വിഷയത്തിൽ സർക്കാർ നടപ്പിലാക്കി വരുന്നതുപോലെ തൊഴിൽ നികുതി ഒറ്റത്തവണ അടക്കുവാൻ തയ്യാറുള്ളവർക്ക് പലിശയും, പിഴപലിശയും ഒഴിവാക്കി കൊടുക്കുന്നതിന് തീരുമാനിക്കുന്നു. വെല്ലിംഗ്ടൺ ഐലന്റ് ഉൾപ്പെടെ തൊഴിൽ നികുതി അടക്കാത്ത നൂറുകണക്കായ സ്ഥാപനങ്ങളെയും വ്യക്തികളെയും കണ്ടെത്തി തൊഴിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

നഗരസഭ നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് 25 രൂപ ഈടാക്കുന്നതിനും റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് കെട്ടിടങ്ങൾ എന്നിവയ്ക്കുള്ള അപേക്ഷാ ഫോറങ്ങൾക്ക് 10 രൂപ പ്രകാരവും ജമമാറ്റം, ഓണർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവയ്ക്ക് 25 രൂപ വിതവും ഈടാക്കുന്നതിന് തീരുമാനിക്കുന്നു. വസ്തു നികുതി അസ്സസ്മെന്റ് പകർപ്പ് ലഭിക്കുന്നതിന് 100 രൂപയും അധികമായി വരുന്ന ഓരോ വർഷത്തേക്കും 10 രൂപ ക്രമത്തിലും ചുമത്തുന്നതിന് തീരുമാനിക്കുന്നു.

ലോഡ്ജുകൾക്ക് ക്ലാസ്സ് തിരിച്ച് ഉയർന്ന ക്ലാസ്സിൽപ്പെടുന്ന ലോഡ്ജുകൾക്കും വൻകിട ക്ലബ്ബുകൾക്കും അഡീഷണൽ ഫീസ് (നികുതി) ഈടാക്കുന്നതാണ്. വലിയ സ്ഥാപനങ്ങൾ മാലിന്യം റോഡിൽ തള്ളുന്നത് തടയുന്നതിന്റെ ഭാഗമായി വെയ്സ്റ്റ് ഹാൻഡിലിംഗ് ചാർജ്ജ് ഈടാക്കുന്നതിന് തീരുമാനിക്കുന്നു.

പെട്ടിക്കടകൾ മുതൽ വൻകിട സ്ഥാപനങ്ങൾ വരെ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പരസ്യമായി പ്രദർശിപ്പിച്ചിട്ടില്ലെങ്കിൽ കടുത്ത നടപടി സ്വീകരിക്കും. വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് 2006-2007 വർഷം മുതലുള്ള ബഡ്ജറ്റുകളിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും ആവർത്തിക്കുന്നു. നഗരസഭയുടെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് വകുപ്പ് മേധാവികൾക്കും സെക്രട്ടറിക്കും ബാദ്ധ്യതയുണ്ട്. നിശ്ചയിക്കപ്പെട്ട

വരുമാനം പിരിച്ചെടുക്കുന്നതിനും ആയതിനാവശ്യമായ ബൈലാ തയ്യാറാക്കി വിജ്ഞാപനം ചെയ്യുന്നതിനും തയ്യാറാവാത്ത ബന്ധപ്പെട്ട വകുപ്പ് മേധാവിയുടെ വ്യക്തിപരമായ ബാധ്യതയായിരുക്കും എന്ന് തീരുമാനിക്കുന്നു.

**<u>പ്രധാന കെട്ടിടങ്ങൾ പണിയുന്നതിന് പുതിയ നിർദ്ദേശങ്ങൾ</u>**

പുതുതായി നിർമ്മിക്കുന്ന വാണിജ്യ സ്ഥാപനങ്ങൾ കടകൾ എന്നിവയ്ക്ക് ചതുരശ്ര അടി വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തി□ വാടക നിരക്ക് നിശ്ചയിച്ച് ഡെപ്പോസിറ്റ് തുകക്ക് മാത്രം ടെ□ർ/ലേലം ക്ഷണിക്കുന്നതിന് നടപടി സ്വീകരിക്കും. ഇതുമൂലം നഗരസഭയ്ക്ക് കൂടുത□ വരുമാനം ലഭിക്കാനിടയാകും. നിർമ്മാണ ആവശ്യങ്ങൾക്കുള്ള തുക അഡ്വാൻസായി ക□ത്താൻ ഇതുവഴികഴിയും. ഡെപ്പോസിറ്റുകൾക്ക് 10/15 വർഷത്തെ കാലാവധി നിശ്ചയിക്കാവുന്നതാണ്. നിർമ്മാണ ചെലവി□ അടിക്കടി ഉ□ാകുന്നവർദ്ധനവും ബി□ഡിംങ്ങുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിന് കരാറുകാർ മുന്നോട്ടുവരാത്ത ഇന്നത്തെ പ്രത്യേക സാഹചര്യത്തിനു പുറമെ ഏതെങ്കിലും കരാറുകാരൻ അധിക നിരക്ക് ക്വോട്ടുചെയ്താ□ ഗവണ്മെന്റ് അംഗീകാരം വേണം. എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 20%ത്തിലധികം ടെ□ർ എക്സ് ഗവണ്മെന്റ് അംഗീകരിച്ചു. ഇക്കാരണങ്ങളാലും വർക്ക് പൂർത്തീകരിച്ചാ□ ഫ□് കിട്ടാനുള്ള കാലതാമസവും ബി□ഡിംഗ് വർക്കുകൾ ഏറ്റെടുക്കാത്തതിന് കാരണമാണ്. ഇത്തരം സാഹചര്യത്തിലാണ് ബി.ഒ.ടി. വ്യവസ്ഥ പ്രായോഗികമാകുന്നത്. ടെ□ർ ക്ഷണിച്ചിട്ട് ഏറ്റെടുക്കാത്ത സമുച്ചയങ്ങൾ ബി.ഒ.ടി. വ്യവസ്ഥയി□ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## <u>സാമൂഹ്യമാറ്റം സ്ത്രീശാക്തീകരണത്തിലൂടെ</u>

ശാക്തീകരിക്കപ്പെട്ട സ്ത്രീത്വം സാമൂഹ്യ മാറ്റങ്ങൾക്ക് തിരികൊളുത്തും. സ്ത്രീ ശാക്തീകരണത്തിന് ഇന്നും എന്നും മാതൃകയായിട്ടുള്ള കേരളം ഈ മേഖലയിൽ പുതിയ കാൽവെയ്പുകൾ നടത്തുന്നു, കൊച്ചി നഗരസഭയും . . .

**<u>സ്ത്രീ പഠനകേന്ദ്രം</u>**

"ഞങ്ങൾക്ക് കൊലമരത്തിൽ കയറാൻ അവകാശമുണ്ടെങ്കിൽ എന്ത്കൊണ്ട് പാർലമെന്റിൽ കയറാൻ അവകാശമായിക്കൂട", തുല്യപങ്കാളിത്വം എന്ന ആശയമുയർത്തിയ ആ ചോദ്യം സ്ത്രീ വിമോചന ചരിത്രത്തിലെ നാഴികക്കല്ലായിരുന്നു. ഐതിഹാസികമായ ഫ്രഞ്ച് വിപ്ലവത്തെ തുടർന്ന് മനുഷ്യാവകാശ രേഖ തയ്യാറാക്കാനായി 1793-ൽ വിപ്ലവകാരികൾ ഒത്തുചേർന്നപ്പോഴായിരുന്നു ഇടിമുഴക്കം പോലെ ആ ചോദ്യം ഉയർന്നത്.

1910-ൽ കോപ്പൻ ഹേഗനിൽ ചേർന്ന ഇന്റർ നാഷണൽ സോഷ്യലിസ്റ്റ് വിമൻസ് കോൺഫറൻസിന്റെ രണ്ടാം സമ്മേളനം മാർച്ച് 8 സാർവ്വദേശീയ വനിതാദിനമായി ആചരിക്കുവാൻ തീരുമാനിച്ചു. തുല്യാവകാശത്തിനും സ്ത്രീ വിമോചനത്തിനുമുള്ള പേരാട്ടങ്ങലുടെ പ്രതീകമായി മാറുകയായിരുന്നു മാർച്ച് 8. ഇവിടെ ചരിത്രത്തിലാദ്യമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 50% വനിതാ സംവരണം നടപ്പിലാക്കി. ഈ വർഷം സെപ്റ്റംബറിൽ നടക്കുന്ന തെരഞ്ഞെടുപ്പോടെ കേരളത്തിൽ 50% വനിതാ സംവരണം പ്രാബല്യത്തിൽ വരും. ഇൻഡ്യയിലാദ്യമായി 50% വനിതാ സംവരണം നടപ്പിലാക്കിയ ശ്രീ. വി. എസ് ഗവൺമെന്റിനെ ഞങ്ങൾ അനുമോദിക്കുന്നു. രാജ്യത്തിനു മാതൃകയായി 1998-ൽ കുടംബശ്രീക്ക് രൂപം നൽകി സ്ത്രീ ശാക്തീകരണ പ്രക്രിയക്ക് പുതിയ മാനം നൽകിയ സർക്കാർ സ്ത്രീകളെ സ്വയംപര്യാപ്തമാക്കാനും ഗാർഹീക വരുമാനം കൂട്ടാനും കുടുംബശ്രീക്ക് 50 കോടി രൂപ വകയിരുത്തിയതിനു പുറമെ 4% പലിശക്ക് വായ്പ കൊടുക്കുന്നതിനും നടപടി സ്വീകരിച്ചിരിക്കുന്നു. ഇത് കൊച്ചിയുടെ രണ്ട് സി.ഡി.എസ്സിന്റെയും പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും.

ഫോർട്ട് കൊച്ചിയിലും, എറണാകുളത്തും രണ്ട് സ്ത്രീ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കും. UPAD ഓഫീസുകളോടനുബന്ധിച്ച് ആരംഭിക്കുന്ന പഠനകേന്ദ്രങ്ങളിൽ ലൈബ്രറിയും, റീഡിംഗ് റൂമും ഉണ്ടാവും. ഇതോട് ചേർത്ത് ബാലസഭാ കുട്ടികൾക്കായി കുട്ടികളുടെ ലൈബ്രറിയും സ്ഥാപിക്കുന്നതാണ്. ഇതിനായി 50 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.

**<u>വനിതാ ഫെസിലിറ്റി സെന്റർ</u>**

കൗൺസിലിംഗ് സെന്റർ കെൽസയുമായി സഹകരിച്ച് സൗജന്യ നിയമസഹായ കേന്ദ്രം, തൊഴിൽ രഹിതരായ യുവതികൾക്കും കുട്ടികൾക്കുമായി കരിയർ ഗൈഡൻസ് സെന്റർ, സ്ത്രീകൾക്കായുള്ള യോഗ പരിശീലന കേന്ദ്രം, ഹെൽപ് ഡെസ്ക്, പോലീസുമായി സഹകരിച്ച് ജനമൈത്രി പദ്ധതി എന്നിവയ്ക്കെല്ലാം ചേർന്ന രണ്ട് സെന്ററുകൾ എറണാകുളത്തും പശ്ചിമ കൊച്ചിയിലും ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ 20 ലക്ഷം രൂപ ഉൾപ്പെടുത്തിയിരുക്കുന്നു.

സ്ത്രീകൾ നേരിടുന്ന നിയമ പ്രശ്നങ്ങൾ, സമൂഹ്യ പ്രശ്നങ്ങൾ, കോടതി തല പ്രവർത്തനങ്ങൾ എന്നിവയ്ക്ക് കരുതൽ ധനം എന്ന നിലക്ക് രണ്ട് CDS-കൾക്കുമായി 20 ലക്ഷം അനുവദിക്കുന്നു.

കുടുംബശ്രീ അംഗങ്ങളായ നഗരത്തിലെ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് കൊടുക്കിന്നതിനും, ദരിദ്ര വിഭാഗങ്ങൾക്ക് നഗരസഭ നാളിതുവരെ നൽകിയിട്ടുള്ളതും നൽകാനുദ്ദേശിക്കുന്നതുമായ ആനുകൂല്യങ്ങൾ രേഖപ്പെടുത്തുന്നതിന് കംപ്യൂട്ടർ സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുന്നു.

## വനിതാ ടോയലറ്റുകൾ, വിശ്രമ കേന്ദ്രങ്ങൾ

സ്ത്രീകൾക്ക് പ്രാഥമികകൃത്യ നിർവ്വഹിക്കുന്നതിന് സുരക്ഷിതത്വവും വൃത്തിയുമുള്ള ടോയ്‌ലറ്റുകൾ നിർമ്മിക്കും. ഫോർട്ട് കൊച്ചി, തോപ്പുംപടി, ഇടക്കൊച്ചി, പെരുമ്പടപ്പ്, മട്ടാഞ്ചേരി, കലൂർ, എറണാകുളം സൗത്ത്, പരമാര, ബോട്ടുജെട്ടി, വൈറ്റില, പേട്ട എന്നിവിടങ്ങളിലാണ് ആദ്യഘട്ടത്തിൽ ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നത്. പ്രധാന ബസ്സ് സ്റ്റോപ്പുകളോടനുബന്ധിച്ച് വനിതാ വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കും. ഈ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

# സംസ്കാരം-വിനോദ സഞ്ചാരം-കായികം

## ഫോർട്ട് കൊച്ചി വെളി ഗ്രൗണ്ട് നവീകരണം.

ഫോർട്ട് കൊച്ചിയിലെ വെളി ഗ്രൗണ്ട് നവീകരിച്ച് മികച്ച അത്‌ലറ്റിക് ട്രാക്ക് നിർമ്മിക്കുകയും ഫുട്ബോൾ കളിക്കുന്നതിന് ഉപയുക്തമാക്കി മാറ്റുകയും ചെയ്യും. കായിക രംഗത്തെ വിദഗ്ദരും ട്രാക്ക് ഡിസൈനേഴ്സുമായി ചർച്ച ചെയ്ത് അതിവേഗതയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് 25 ലക്ഷം രൂപ വകയിരുത്തുന്നു. വെണ്ണലയിൽ കളിസ്ഥാലത്തിന് സ്ഥലം ഏറ്റെടുക്കും.

## പി. കെ. വി സ്റ്റേഡിയം

പി. ജെ. ആന്റണി റോഡിന്റെ കിഴക്കേ സൈഡിൽ നിലവിലുള്ള ഗ്രൗണ്ടിൽ അത്‌ലറ്റിക്സിനുള്ള ട്രാക്ക് നിർമ്മിക്കും ഫുട്ബോൾ കോർട്ട് നവീകരിക്കും മിനി സ്റ്റേഡിയം നിർമ്മിക്കും ഇതിന് കേരളത്തിന്റെ മുൻ മുഖ്യമന്ത്രി സ. പി. കെ വാസുദേവൻ നായരുടെ പേര് കൊടുക്കുന്നു

## പൊതു കളിസ്ഥലങ്ങൾ - തുറസ്സായ സ്ഥലങ്ങൾ

ജനസംഖ്യ വർദ്ധിക്കുകയും നഗരത്തിൽ ദൈനംദിനം വന്നുപോകുന്നവരുടെ എണ്ണം ക്രമാതീതമായി പെരുകുകയും നഗരത്തോട് ചേർന്ന് വമ്പൻ വികസന പദ്ധതികൾ ആരംഭിക്കുകയും ചെയ്തതോടെ നമ്മുടെ നഗരത്തിൽ തുറസ്സായ സ്ഥലങ്ങളും, കളിസ്ഥലങ്ങളും ഇല്ലാതാവുകയാണ്. നഗരം കോൺക്രീറ്റ് കാടായി മാറിയിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഓരോ വാർഡിലും കുറഞ്ഞത് 50 സെന്റെങ്കിലും വരുന്ന തുറസ്സായ സ്ഥലങ്ങൾ കണ്ടെത്തി ഫ്രീ സറണ്ടറായോ അഡ്വാൻസ് പൊസഷനായോ അക്വിസിഷനിലൂടെയോ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കും. പൊതു കളിസ്ഥലങ്ങൾ, പാർക്കുകൾ എന്നിവയ്ക്കായി ഈ സ്ഥലം ഉപയോഗപ്പെടുത്തും. ഇത്തരം സ്ഥലങ്ങളിലെല്ലാം പരമാവധി വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കും. ഒന്നാം ഘട്ടമായി സ്ഥലം ഏറ്റെടുക്കുന്നതിന് 2 കോടി രൂപ നീക്കി വെയ്ക്കുന്നു.

കായിക വിനോദത്തിന് അവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ മികവുറ്റ കായിക താരങ്ങളെ വാർത്തെടുക്കുന്നതിനും കളിസ്ഥലങ്ങളുടെ അപര്യാപ്തത

വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വെണ്ണല സ്കൂളിലെ കുട്ടികൾക്കും കൂടി പ്രയോജനപ്രദമായ വിധം വെണ്ണല ഹൈസ്കൂളിന് കിഴക്ക് വശത്ത് ആവശ്യമായ സ്ഥലം അക്വയർ ചെയ്തെടുക്കുന്നതിന് കൗൺസിൽ തീരുമാനത്തിന് സർക്കാർ അനുമതി ലഭിച്ചുകഴിഞ്ഞു. പരമാവധി വേഗത്തിൽ അക്വിസിഷൻ പൂർത്തീകരിക്കണ മെന്ന് റവന്യൂ ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൗൺസിൽ പൊന്നുംവിലയ്ക്ക് ഏറ്റെടുക്കണണെന്ന് തീരുമാനിച്ച സർവ്വേ നമ്പരിൽ സോൺ ചെയ്ഞ്ച് ചെയ്ത് ബിൽഡിംഗ് നമ്പർ കൊടുത്ത ടൗൺപ്ലാനിംഗ് ഉദ്യോസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കൊച്ചി കാഴ്ച**

കൊച്ചിയുടെ ലാന്റ് മാർക്കായ ചീനവലകളും അറബിക്കടലിന്റെ വശ്യ സൗന്ദര്യവും ആസ്വദിക്കുന്നത് മറച്ചുകൊണ്ടുള്ള വഴി വാണിഭം ടൂറിസ്റ്റുകളുടെ വരവിനെ തടയും. സംസ്ഥാനത്തിനാകെയും കൊച്ചി നഗരത്തിന് പ്രത്യേകിച്ചും ഇത് മാനഹാനിയുണ്ടാക്കും. ദേശ-വിദേശികളായ ജനങ്ങളുടെ വരവ് നിലച്ചാൽ കച്ചവടം ഉണ്ടാവില്ല. സ്വയം വിനാശത്തിലേക്ക് നയിക്കുന്ന മൽസരബുദ്ധിയും കൊച്ചിയുടെ പ്രതാപം നഷ്ടപ്പെടുത്തണമെന്ന സങ്കുചിത ചിന്താഗതിക്കാരുടെ നിക്ഷിപ്ത താല്പര്യങ്ങളുമാണ് ഇന്നത്തെ അവസ്ഥ സൃഷ്ടിച്ചിട്ടുള്ളത്. സർക്കാരിന്റെയും ടൂറിസം ഡിപ്പാർട്ട്മെന്റ്, ജില്ലാ ഭരണകൂടം, പോലീസ്, രാഷ്ട്രീയ പാർടികൾ, സന്നദ്ധ സംഘടനകൾ എന്നിവരുമായി ചർച്ച ചെയ്ത് ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണും. വഴി വാണിഭക്കാർക്ക് നീതിപൂർവ്വകമായ പുനരധിവാസം ഉറപ്പാക്കികൊണ്ട് വഴിയോര കച്ചവടക്കാരെ സംരക്ഷിക്കാനുള്ള നയം നടപ്പിലാക്കും.

**ഇ.കെ നാരായണൻ സ്ക്വയർ**

സ്വാതന്ത്ര്യ സമര സേനാനി, പാലിയം സമര നായകരിൽ ഒരാൾ, രാഷ്ട്രീയ-സാമൂഹീക-സന്നദ്ധ പ്രവർത്തകൻ, പള്ളൂരുത്തി പഞ്ചായത്ത് പ്രസിഡന്റ് സർവ്വോപരി കൊച്ചി മേയർ എന്നീ നിലകളിലെല്ലാം സ്തുത്യർഹമായി പ്രവർത്തിച്ചിരുന്ന ശ്രീ. ഇ. കെ. നാരായണന്റെ സ്മരണ നിലനിർത്തുന്നതിന് പള്ളൂരുത്തി ബ്ലോക്ക് ഓഫീസിന് സമിപം ഇ.കെ നാരായണൻ സ്ക്വയർ നിർമ്മിക്കും. ഇതിനായി ബഡ്ജറ്റിൽ 25 ലക്ഷം രുപ വകയിരുത്തുന്നു.

**ഇ.കെ നാരായണൻ സാംസ്കാരിക കേന്ദ്രം**

ഇടക്കൊച്ചിയിൽ ശ്രീ. ഇ. കെ നാരായണന്റെ വീടിനോട് ചേർന്നുള്ള സ്ഥലത്ത് പാലിയം സമര സേനാനിയും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന കൊച്ചിയുടെ മുൻമേയർ ശ്രി. ഇ. കെ നാരായണന്റെ നാമധേയത്തിൽ കൾച്ചറൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിക്കുന്നു.

**കോരു ആശാൻ സ്ക്വയർ**

വൈറ്റില പഞ്ചായത്ത് മെമ്പർ എന്ന നിലക്കും 30 വർഷക്കാലം കൊച്ചി നഗരസഭാ മെമ്പർ എന്ന നിലക്കും ഊർജ്ജസ്വലമായി പ്രവർത്തിച്ചിരുന്ന ജനകീയ നേതാവ് ശ്രീ. കോരു ആശാന്റെ സ്മരണ നിലനിർത്തുന്നതിന് അദ്ദേഹത്തിന്റെ വിടിനു സമീപം പൊന്നുരുന്നി ചെട്ടിച്ചിറക്ക് സമീപം കോരു ആശാൻ സ്ക്വയർ നിർമ്മിക്കും. ജനങ്ങൾക്ക് ഓത്തുചേരുന്നതിനും മീറ്റിംഗുകൾ നടത്തുന്നതിനും കലാ-പരിപാടികൾ സംഘടിപ്പിക്കുന്നതിനും മറ്റും സ്ഥലം ചുരുങ്ങി ചുരിങ്ങി ഇല്ലാതായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിമിതമായ സ്ഥലത്താണെങ്കിലും ഒരു ചെറിയ എപ്പൺ എയർ സ്റ്റേജും, സ്റ്റെപ്പ് കെട്ടിയ ഇരിപ്പിടങ്ങളും ഉൾപ്പെടെ ഒരു ഓപ്പൺ എയർ സ്ക്വയർ എന്ന നിലയ്ക്കുള്ള സംരംഭത്തിന് ആവശ്യമായ തുക പെന്നുരുന്നി 51, പൊന്നുരുന്നി ഈസ്റ്റ് 47 എന്നീ ഡിവിഷനുകളുടെ ബാലൻസ് ഉണ്ടായിരുന്ന ഡിവിഷൻ ഫണ്ടിൽ നിന്നും ചാർജ് ചെയ്ത് വർക്ക് നടത്തും.

**ചങ്ങമ്പുഴ, വൈലോപ്പിള്ളി ജന്മശദാബ്ദി അഘോഷങ്ങൾ**

ദിവാൻ ഷൺമുഖം ചെട്ടിയാർ അറബിക്കടലിന്റെ റാണിയെന്ന് കൊച്ചിക്ക് പേരിടുന്ന കാലത്തെ പ്രകൃതിയുടെ മനോഹാരിത മലയാളികളുടെ മലസ്സിലേക്ക് പകർന്ന് നൽകിയ ചങ്ങമ്പുഴയുടെയും മലയാള നാട്ടിലെ ഋതുഭേതങ്ങളും പ്രകൃതിയും വശ്യ സൗന്ദര്യവും, കൈരളിയുടെ ചുകപ്പും, അധ്വാനത്തിന്റെ കരുത്തും പുതിയ പ്രതീക്ഷകളും നമുക്ക് സമ്മാനിച്ച വൈലോപ്പിള്ളിയുടെയും ജന്മശദാബ്ദി ആഷോഷിക്കുന്ന വർഷമാണിത്. ഇല്ലിമുളം കാടുകളുടെയും മലരണി കാടുകളുടെയും ഒരുപിടി വേദനയുടെ നുറുങ്ങുകൾ നമ്മിൽ അവശേഷിപ്പിക്കുന്ന മാമ്പഴം നൽകിയ മുത്തശ്ശി മാവും കൊയ്ത്ത് പാട്ടും മലയാളിയുടെ മനസ്സിൽ നന്മയുടെ പുതിയ വികാരം പകർന്ന് നൽകിയ രണ്ട് മഹാകവികളും കൊച്ചിക്കാരായിരുന്നു. ഇടപ്പള്ളിയിലും കലൂരും നമ്മുടെ പ്രീയങ്കരരായ കവികളുടെ ശദാബ്ദി ഉചുതമായ വിധം ആചരിക്കുന്നതിന് C-hed-നെ ചുമതലപ്പെടുത്തി തീരുമാനിക്കുന്നു. ഇടപ്പള്ളി ചങ്ങമ്പുഴ വായനശാല, സാംസ്കാരിക കേന്ദ്രം, ജഡ്ജസ് അവന്യൂവിലെ വൈലോപ്പിള്ളി സ്മാരകം എന്നിവയുമായി ചേർന്ന് പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് 6 ലക്ഷം രൂപ അനുവദിക്കുന്നു.

**പി. ജെ ആന്റണി സ്മാരകം**

കൊച്ചിയുടെ അഭിമാനനമായിരുന്ന ഭരത് പി. ജെ ആന്റണിയുടെ അനശ്വര സ്മരണ നിലനിർത്തുന്നതിന് വിഭാവനം ചെയ്ത സ്മാരകം ഇന്നും പൂർണ്ണമായിട്ടില്ല. പൂർത്തീകരിച്ച് ഭാഗങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് പി.ജെ

ആന്റണി ഫൗണ്ടേഷൻ, ലോകധർമ്മി, C-hed എന്നീ സ്ഥാപനങ്ങളുടെ സംയുക്ത ചുമതലയിൽ നിർവ്വഹിക്കുന്നതാണ്. ഇതിന്റെ നിയന്ത്രണം നഗരസഭയുടെ ടൗൺ പ്ലാനിംഗ് കമ്മിറ്റിക്കായിരിക്കും. നാടക പഠനത്തിനും - പരിശീലനത്തിനും അവതരണത്തിനുമുള്ള ഒരു മോഡേൺ തീയറ്റർ കോംപ്ലക്സായി പി.ജെ ആന്റണി സ്മാരകത്തെ വികസിപ്പിക്കും. 25 ലക്ഷം രുപ വകയിരുത്തുന്നു.

**<u>പി.ജെ ആന്റണി കലാഗ്രാമം</u>**

പച്ചാളത്ത് പി.ജെ. ആന്റണിയുടെ അനശ്വരസ്മരണ നിലനിർത്തുന്ന തീയറ്റർ കോംപ്ലക്സ് സ്ഥാപിക്കും. നാട്യഗൃഹം, കലാഗ്രാമം ആയി വളർത്തിയെടുക്കും.

**<u>ടി. കെ രാമകൃഷ്ണൻ കൾച്ചറൽ സെന്റർ</u>**

പി. ജെ. ആന്റണി നാട്യഗൃഹത്തോടനുബന്ധിച്ചുള്ള ഒരേക്കറിൽ നവോത്ഥാന പ്രസ്ഥാനത്തിന്റെ നായകരിൽ ഒരാളും സ്വാതന്ത്ര്യ സമര സേനാനിയും സാംസ്കാരിക മന്ത്രിയും എഴുത്തുകാരനും, കലാകാരനുമായിരുന്ന നാടിന്റെ പ്രിയപുത്രൻ ശ്രീ. ടി. കെ രാമകൃഷ്ണന്റെ സ്മരണ നിലനിർത്തുന്നതിന് ഒരു സാംസ്കാരിക കേന്ദ്രം ആരംഭിക്കും.

**<u>മുൻമേയർമാർക്ക് സ്മാരകം</u>**

അന്തരിച്ച മുൻ മേയർമാരിൽ നഗരസഭയുടെ സ്മാരകങ്ങളില്ലാത്ത ശ്രീ.എ. കെ കൊച്ചുണ്ണ മാസ്റ്റർ, ശ്രീ. ജേക്കബ്ബ് പള്ളൻ, ശ്രീ. കെ.എസ്.എൻ മേനോൻ, ശ്രീ. സി.എ മാധവൻ, കെ. എ ഉമ്മർ, എന്നിവരുടെ പേരിൽ അനുയോജ്യമായ സ്മാരകങ്ങൾ നിർമ്മിക്കും പ്രോജക്ട് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കും.

**<u>മഹാകവി ജി സ്മാരകം</u>**

മുൻ വർഷങ്ങളിൽ പ്രഖ്യാപനം നടത്തി പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കിയ മഹാകവി "ജി" സ്മാരക നിർമ്മാണ പ്രവർത്തനം ഹൗസിംഗ് ബോർഡ് തർക്കം ഉന്നയിച്ചതിനെ തുടർന്ന് നിലച്ചുപോയി. ആദരണീയനായ കേന്ദ്ര പ്രതിരോധ മന്ത്രി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി സ്ഥാനം ഒഴിയുന്ന ഘട്ടത്തിൽ പ്രഖ്യാപിച്ച് നഗരസഭയ്ക്ക് കൈമാറിയ ഒരേക്കറിലാണ് ഹൗസിംഗ് ബോർഡ് തർക്കം ഉന്നയിച്ചത്. നഗരസഭയുടെ ഭൂമി അളന്ന് തിട്ടപ്പെടുത്തി തരണമെന്ന അഭ്യർത്ഥന ബഹു. കളക്ടർക്ക് നൽകുകയും പലതവണ ഓർമ്മക്കുറിപ്പുകൾ അയച്ചെങ്കിലും സർവ്വേയർമാരുടെ ജോലി തിരക്ക് മൂലം സ്ഥലം മാർക്ക് ചെയ്ത് തന്നിട്ടില്ല. അടിയന്തിരമായും നഗരസഭയുടെ സ്ഥലം അളന്ന് ശിലയിട്ട് ജി. സ്മാരകത്തിന്റെ

നിർമ്മാണം ആരംഭിക്കും. പ്രഥമിക ചെലവുകൾക്കായി 50 ലക്ഷം രൂപ നീക്കി വെയ്ക്കുന്നു.

**ഡിവിഷൻ ഫ**

റോഡ് ഡ്രെയിനേജ് തുടങ്ങി പൊതുമരാമത്ത് വേലകൾക്ക് ചെലവായ തുക ബജറ്റി കൊടുത്തിട്ടു. ഏകദേശം 99% റോഡുകളും ഗതാഗത യോഗ്യമാക്കി മാറ്റിയിട്ടു. അതുകൊുതന്നെ പ്രൊജക്ട് വർക്കുകളൊഴിച്ചാ പൊതുമരാമത്തി ഡ്രെയിനേജ്, റോഡ് എന്നീ ഇനങ്ങളി പുതിയ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നി. അത്യാവശ്യമുള്ള ഫയലുകൾ ഡിവിഷൻ ഫ തീർത്ത ശേഷം കമ്മിറ്റിയി വന്നാ ഫ അനുവദിക്കുന്നതാണ്. തെരുവ് വിളക്ക് 3.5 ലക്ഷം രൂപ, കാന ക്ലീനിംഗ് പുും കാടും വെട്ട 3 ലക്ഷം ഉൾപ്പെടെ 15 ലക്ഷം രൂപ ഡിവിഷൻ ഫായി അനുവദിക്കുന്നു.

**സ്റ്റാന്റിംഗ് കമ്മിറ്റികൾ.**

കഴിഞ്ഞ നാലര വർഷക്കാലത്തെ നഗരസഭാ പ്രവർത്തനങ്ങളുടെ മികവിനും മുന്നേറ്റത്തിനും നേതൃത്വം നൽകിയത് അതത് സ്റ്റാന്റിംഗ് കമ്മിറ്റികളാണ്. ആരാധ്യയായ മേയറൊഴികെ 70 കൗൺസിൽ അംഗങ്ങളും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗങ്ങളാണ്. തങ്ങളുടെ അധികാരത്തിൽ വരുന്ന വകുപ്പുകളുടെ നിയന്ത്രണവും മേൽനോട്ടവും വഹിക്കുന്ന സ്ഥിരം സമിതികളിൽ ഓരോ ഫയലും നല്ലതുപോലെ പരിശോധിച്ച് പാസ്സാക്കേണ്ടവ പാസ്സാക്കി കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയാണ് ചെയ്യാറ്. കമ്മിറ്റികളിൽ പക്ഷവ്യത്യാസമില്ലാതെയാണ് കൗൺസിൽ മെമ്പർമാർ പ്രവർത്തിക്കുന്നത്.

ധനകാര്യം, വികസനകാര്യം, ക്ഷേമകാര്യം, ആരോഗ്യം-വിദ്യാഭ്യാസം, പൊതുമരാമത്ത്, നഗരാസൂത്രണം, നികുതി അപ്പീൽ എന്നീ ഏഴ് സ്റ്റാന്റിംഗ് കമ്മിറ്റികളും ഒന്നിന്നിന് മെച്ചപ്പെട്ട നിലയിൽ ഇക്കാലയളവിൽ പ്രവർത്തിച്ചിട്ടുണ്ട്. ചെറുതും വലുതുമായി നഗരസഭയിലാകെ നടപ്പിലാക്കി കൊണ്ടിരിക്കുന്നതും പൂർത്തീകരിക്കാത്തതുമായ പ്രവർത്തനങ്ങൾക്കാകെ സ്തുത്യർഹമായി നേതൃത്വം നൽകിപോരുന്ന ചെയർമാന്മാരേയും കമ്മിറ്റി അംഗങ്ങളെയും അതിന്റെ ജീവനക്കാരെയും അഭിനന്ദിക്കുന്നു. കൗൺസിലിനും പ്രത്യേകിച്ച് ധനകാര്യ കമ്മിറ്റിക്കും ഇക്കാലയളവിൽ സ്റ്റാന്റിംഗ് കമ്മിറ്റികൾ നൽകിയ പിന്തുണയ്ക്കും സഹായങ്ങൾക്കും സഹകരണത്തിനും നന്ദി അറിയിക്കുന്നു.

## നന്ദി

കൊച്ചി നഗരം നേരിടുന് ഗൗരവതരമായ പ്രശ്നങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ അപ്പോഴപ്പോൾ ജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും ക്രീയാത്മകമായ വിമർശനങ്ങളിലൂടെ ഭരണ നേതൃത്വത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇടപെട്ടുകൊണ്ടിരിക്കുന്ന പത്ര-ദൃശ്യ

മാധ്യമങ്ങളോടും അതിന്റെ റിപ്പോട്ടർമാർ, പത്രാധിപർമാർ തുടങ്ങിയവരോടെല്ലാം കൗൺസിലിനു വേണ്ടി നന്ദി അറിയിക്കുന്നു.

നഗരസഭയുടെ എല്ലാ വികസന പ്രവർത്തനങ്ങൾക്കും താങ്ങും തണലുമായി നഗരസഭയ്ക്കൊപ്പം സഹകരിച്ച് പ്രവർത്തിച്ചുവരുന്ന റസ്സിഡന്റ്സ് അസ്സോസിയേഷനുകൾ, അതിന്റെ ജില്ലാ സംഘടന, വ്യാപാരി-വ്യവാസായ സംഘടനകൾ, ചേംബറുകൾ, ബിൽഡർമാർ, തൊഴിലാളികൾ, ജീവനക്കാർ തുടങ്ങി നഗരസഭയുമായി സഹകരിച്ചിട്ടുള്ള ഇന്നും സഹകരിച്ചു കൊണ്ടിരിക്കുന്ന എല്ലാ സംഘടനകളോടും അതിന്റെ ഭാരവാഹികളോടും സർവ്വോപരി മുഴുവൻ നഗരവാസികളോടും കൗൺസിലിന്റെ നന്ദി രേഖപ്പെടുത്തുന്നു.

കഴിഞ്ഞ നാലരവർഷക്കാലം നഗരസഭയെ നയിച്ച-കാലാവധിവരെ നമുക്ക് ശരിയായ ദിശാബോധം നൽകി നയിക്കുന്ന ആരാധ്യയായ മേയർ പ്രൊഫ. മേഴ്സി വില്ല്യംസിനും സെക്രട്ടറിക്കും വകുപ്പ് മേധാവികൾക്കും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാർമാർക്കും മുഴുവൻ കൗൺസിൽ അംഗങ്ങൾക്കും ധനകാര്യ കമ്മിറ്റിക്കു വേണ്ടി നന്ദി അറയിക്കുന്നു.

കേന്ദ്ര നഗരവികസന സെക്രട്ടറി ശ്രീ. രാമചന്ദ്രൻ IAS, ശ്രീ. ടി. കെ ജോസ് IAS, സംസ്ഥാന സർക്കാർ, ധനമന്ത്രി ഡോ. തോമസ് ഐസക്ക്, തദ്ദേശ സ്വയംഭരണ മന്ത്രി ശ്രീ. പാലൊളി മുഹമ്മദ് കുട്ടി, കേന്ദ്ര കൃഷി-മൽസ്യ പോതുവിതരണ സഹമന്ത്രി പ്രൊഫ. കെ. വി. തോമസ്, സംസ്ഥാന മന്ത്രിമാരായ ശ്രീ. എസ്. ശർമ്മ, ശ്രീ. ജോസ് തെറ്റയിൽ, പി. രാജീവ് എം. പി, ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ നഗരത്തിലെ MLA-മാരായ ശ്രീ. സി. എം. ദിനേശ്മണി, ശ്രീ. വി. കെ ഇബ്രാഹിംകുഞ്ഞ്, ശ്രീ. കെ. ബാബു, ശ്രീ. ഡൊമ്നിക് പ്രസന്റേഷൻ, ശ്രീ. സൈമൺ ബ്രിട്ടൊ എന്നിവർ, ജില്ലാ കളക്റ്റർ,പോലീസ് മേധാവികൾ, CPI(M) ജില്ലാ സെക്രട്ടറി ശ്രീ. ഗോപി കോട്ടമുറിക്കൽ, ശ്രീ. കെ.ജെ. ജേക്കബ്ബ് തുടങ്ങിയ ആദരണീയരായവരെയെല്ലാം നഗരസഭയുടെ നന്ദി അറിയിക്കുന്നു.

എല്ലാ കൗൺസിൽ അംഗങ്ങളുടെയും ഉദ്യോഗസ്ഥരുടെയും മാധ്യമങ്ങളുടെയും നഗരവാസികളുടെയും സഹായവും സഹകരണവും പ്രതീക്ഷിച്ചുകൊണ്ട് നാളെത്തെ കൊച്ചിയുടെ സൃഷ്ടിക്കായി സമഗ്രവും മൂർത്തവുമായ നിർദ്ദേശങ്ങളോടെ കൂടുതൽ ക്രീയാത്മകമായ നിർദ്ദേശങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

'നിറഞ്ഞിരിക്കിലും ദരിദ്രമീരാജ്യം

നിരന്നിരിക്കിലും വികൃതമെങ്കിലും

ഇവിടെ സ്നേഹിപ്പാൻ ഇവിടെ ആശിപ്പാൻ

ഇവിടെ ദുഖിപ്പാൻ കഴിവതെ സുഖം'

ശതാബ്ദി വർഷത്തിൽ മഹാകവി വൈലോപ്പിള്ളിയെ അർത്ഥവത്തായ ഈ വരികൾ ഒന്നുകൂടി സ്മരിച്ചുകൊണ്ട് ഈ ബഡ്ജറ്റ് കൗൺസിലിന് മുന്നിലും ജനസമക്ഷത്തിലും സമർപ്പിക്കുന്നു.